## നാഷണൽ സെക്യൂരിറ്റീസ് ഡെപോസിറ്ററി ലിമിറ്റഡ്

# ഡീമാറ്റ് അക്കൌണ്ട് ഉപഭോക്താക്കൾക്കുള്ള ഇ-ഗൈഡ്

1. ഉള്ളടക്കം
2. ആമുഖം
3. അടിസ്ഥാന കാര്യങ്ങളിലൂടെ നമുക്ക് തുടങ്ങാം.
4. എന്താണ് മൂലധന കന്പോളം?
5. എന്താണ് സെക്യൂരിറ്റി?
6. എന്താണ് സെക്യൂരിറ്റികളുടെ പ്രാഥമിക ദ്വിതീയ കന്പോളം
7. മൂലധന കന്പോളത്തിൽ സെബിയുടെ സ്ഥാനം എന്ത്
8. മൂലധന കന്പോളത്തിൽ എൻ.എസ്.ഡി.എലിന്റെ ഉത്തരവാദിത്വമെന്ത്
9. ഡീമാറ്റ് മനസ്സിലാക്കൽ
10. ഡീമാറ്റ് എന്നതിന്റെ അർത്ഥമെന്താണ്
11. എന്താണ് ധന ഡെപ്പോസിറ്ററി
12. ഡെപ്പോസിറ്ററി അക്കൌണ്ട് എന്നാൽ എന്ത്
13. ആരാണ് ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റ്
14. ഡീമാറ്റ് അക്കൌണ്ട് ഉണ്ടാകുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം
15. എൻ..എസ്.ഡി.എൽ നൽകുന്ന സേവനങ്ങൾ
16. ഡീമാറ്റ് അക്കൌണ്ട് തുടങ്ങൽ
17. ബേസിക് സർവ്വീസസ് ഡീമാറ്റ് അക്കൌണ്ട്
18. സെക്യൂരിറ്റികളുടെ ഡീമെറ്റീരിയലൈസേഷൻ
19. റീമെറ്റീരിയലൈസേഷൻ ഓഫ് സെക്യൂരിറ്റീസ്
20. സെക്യൂരിറ്റികൾ ട്രാൻസ്ഫർ ചെയ്യുന്നതിനും കന്പോള വ്യാപാരത്തിനുമുള്ള ഒത്തുതീർപ്പ്
21. സെക്യൂരിറ്റികലുടെ ട്രാൻസ്മിഷൻ

22. നോമിനേഷൻ
23. സെക്യൂരിറ്റികളുടെ പ്ലഡ്ജിംഗും ഹൈപോത്തെക്കേഷനും
24. സെക്യൂരിറ്റീസ് കടം കൊടുക്കലും വാങ്ങലും
25. ഡീമാറ്റ് അക്കൌണ്ടിന് വേണ്ടിയുള്ള പവർ ഓഫ് അറ്റോർണിയുടെ ഉപയോഗം
26. എൻ.എസ്.ഡി.എലിൽ നിന്നുള്ള ഇ-സർവ്വീസസ്
27. സ്പീഡ്-ഇ(SPEED-e)
28. ഐഡിയാസ്(IDeAS)
29. എൻ.എസ്.ഡി.എൽ മൊബൈൽ ആപ്പ്
30. ഇ-വോട്ടിംഗ്
31. എൻ.എസ്.ഡി.എലിൽ നിന്നുള്ള ഉപകാരപ്രദമായ മറ്റ് സേവനങ്ങൾ
32. എൻ.എസ്.ഡി.എൽ കൺസോളിഡേറ്റഡ് അക്കൌണ്ട് സ്റ്റേറ്റമെന്റ്
33. എസ്.എം.എസ് അലേർട്ട് ഫെസിലിറ്റി
34. ഡീമാറ്റ് അക്കൌണ്ടിൽ മ്യൂച്ചൽ ഫണ്ട് ഹോൾഡ് ചെയ്യൽ
35. ഡീമാറ്റ് അക്കൌണ്ട് മാറ്റുകയോ നവീകരിക്കുകയോ ചെയ്യൽ
36. ഡീമാറ്റ് അക്കൌണ്ടിലെ കോർപറേറ്റിംഗ് ആനുകൂല്യങ്ങൾ ലഭ്യമാകൽ
37. എൻ.എസ്.ഡി.എൽ സേവനങ്ങൾക്കുള്ള ചാർജ്
38. നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് ശ്രദ്ധിക്കുക
39. കൂടുതൽ വിവരങ്ങൾ

40. ലഭിക്കാത്ത ഡിവിഡന്റ്/ഓഹരികൾ എന്നിവയുടെ റീഫണ്ട് ആവശ്യപ്പെടൽ
41. സെക്യൂരിറ്റികളുടെ ട്രാൻസ്ഫറിന് ഡീമാറ്റ് നിർബന്ധമാണ്
42. ഇൻവെസ്റ്റേഴ്സ് അവയർനെസ് പ്രോഗ്രാം
43. നിക്ഷേപകർക്കുള്ള എൻ.എസ്.ഡി.എൽ ന്യൂസ് ലെറ്റർ
44. പ്രശ്ന പരിഹാരം
45. മറ്റു നിക്ഷേപ കേന്ദ്രീകൃത സേവനങ്ങൾ
46. നാഷണൽ സ്കിൽ രെജിസ്ട്രി (NSR)
47. കെ.വൈ.സി രജിസ്ട്രേഷൻ ഏജൻസി.
48. നാഷണൽ അക്കാഡമിക് ഡെപോസിറ്ററി (NAD)
49. എൻ.ഐ.ആർ അക്കൌണ്ട് (ഇ-ഇൻഷുറൻസ് അക്കൌണ്ട്)
50. എൻ.എസ്.ഡി.എലിനെ ബന്ധപ്പെടുക
51. ഉപകാര പ്രദമായ ലിങ്കുകൾ
52. ഉപയോഗിച്ച ചുരുക്ക രൂപങ്ങൾ

## ആമുഖം

**പ്രിയ വായനക്കാരെ,**

എൻ.എസ്.ഡി.എലിൽ നിങ്ങൾ കാണിക്കുന്ന താൽപര്യത്തിന് നന്ദി അറിയിക്കുന്നു.

1996 നവംബർ മാസത്തിലാണ് ഇന്ത്യയുടെ പ്രീമിയർ ഡെപോസിറ്ററിയായ എൻ.എസ്.ഡി.എൽ അതിന്റെ പ്രവർത്തനം ആരംഭിച്ചത്. അന്നു മുതൽ എൻ.എസ്.ഡി.എൽ ഉപയോഗിക്കുന്നവരുടെ എണ്ണം ക്രമാതീതതമായി വർദ്ധിക്കുകയാണ്. എൻ.എസ്.ഡി.എൽ ഉപഭോക്താക്കൾ അവർക്കുള്ള സൌകര്യങ്ങളെയും ഉപകാരങ്ങളെയും സംബന്ധിച്ചും അവർ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ചും പൂർണ്ണ ബോധമുള്ളവരാകണമെന്ന് ഞങ്ങൾ താൽപര്യപ്പെടുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നു.

ഓരോ ഇന്ത്യക്കാരനും ദീര്ഘദൃഷ്ടിയുള്ള സംരഭകനാകണമെന്നാണ് ഞങ്ങൾ താൽപര്യപ്പെടുന്നത്. കേവലം സംരഭകനാകാനല്ല. ഇത് വായിക്കാനുള്ള താങ്കളുടെ താൽപര്യത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഒരു ദീർഘദൃഷ്ടിയുള്ള സംരഭകനാവാൻ ഇത് നിങ്ങളെ സഹായിക്കുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്.

എൻ.എസ്.ഡി.എൽ എന്താണെന്ന് ചെറിയ വിശദീകരണം നല്കുന്നതിനോടൊപ്പം എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് തുറന്നാല് ലഭ്യമാകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും

ചെറിയ വിവരണം നല്കിയിരിക്കുന്നു. കൂടുതൽ വിശദീകരണം ആവശ്യമാകുന്ന പക്ഷം ഞങ്ങളെ ബന്ധപ്പെടുക. ഇത് കൂടുതൽ മെച്ചപ്പെട്ടത് ആക്കാൻ നിങ്ങളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും ഞങ്ങൾ വിലമതിക്കുന്നു.


**ആശംസകളോടെ**

**ടീം എൻ.എസ്.ഡി.എൽ**

അടിസ്ഥാന കാര്യങ്ങളിലൂടെ നമുക്ക് തുടങ്ങാം.

## എന്താണ് മൂലധന കമ്പോളം?

ലളിതമായി പറഞ്ഞാൽ മൂലധനത്തിന്റെയും പണത്തിന്റെയും കമ്പോളമാണ് മൂലധന കമ്പോളം. വാണിജ്യാവശ്യങ്ങൾക്ക് പണം ആവശ്യമുള്ളവർ അത് നൽകാൻ സന്നദ്ധരാകുന്നവരെ അന്വേഷിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ മൂലധന കമ്പോളം എന്നത് ജനങ്ങൾ വ്യത്യസ്ത തരത്തിലുള്ള ധനപരമായ ഇൻസ്ട്രുമെന്റ് വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന കമ്പോളം എന്നാണ്. വ്യവസ്ഥാപകൻ (സെബി), ഓഹരി വിപണി (എൻ.എസ്.ഇ/ബി.എസ്.ഇ പോലോത്തവ) ഡെപ്പോസിറ്ററി (എൻ.എസ്.ഡി.എൽ/സി.ഡി.എസ്.എൽ) എന്നിവയെല്ലാം അത് ഉൾക്കൊള്ളുന്നു. അതുപോലെ സ്റ്റോക്ക് ബ്രോക്കേഴ്സ്, ഡെപോസിറ്ററി പാർട്സിപൻസ്, രക്ഷാകർത്താവ്, ആർ.ടി.എകൾ, വ്യാപാരി ബാങ്കർ തുടങ്ങിയ മധ്യവർത്തികളും ഉൾക്കൊള്ളുന്നു. ഇന്ത്യയുടെ മൂലധന കമ്പോളത്തിന്റെ ഘടന താഴെ കൊടുത്തിരിക്കുന്നു.


ഇന്ത്യൻ മൂലധന വിപണി
സെബി
സ്റ്റോക്ക് ആൻഡ് കമ്മോഡിറ്റി ഡിറായ് വേറ്റീവ് എക്സ്ചേഞ്ച്
നിക്ഷേപകം
മറ്റു ദല്ലാൾമാർ
എൻഎസ്ഇ
ബിഎസ്ഇ
എംഎസ്ഇ
എംസിഎക്സ്
എൻസിഡിഇഎ
ക്സ് തുടങ്ങിയവ.
എൻഎ സ്ഡിഎൽ
സിഡിഎ സ്എൽ
ഓഹരി ദല്ലാൾ, ആർ.ടി.എകൾ, മ്യൂച്ചൽ ഫണ്ട്, നിക്ഷേപ ഉപദേശകൻ

**ഡയഗ്രം 1**

# എന്താണ് സെക്യൂരിറ്റി?

വ്യത്യസ്ത തരത്തിലുള്ള ധനപരമായ ഇൻസ്ട്രുമെന്റ്സിനാണ് സെക്യൂരിറ്റി എന്ന് പറയുന്നത്. അത് മൂലധന മാർക്കറ്റിൽ വ്യാപാരം നടത്തപ്പെടുന്നു. ഇത് മുഖേന പണം നൽകാൻ താൽപര്യപ്പെടുന്നവർ അത് ആവശ്യമുള്ളവർക്ക് നൽകുന്നു. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. എ.ബി.സി. ലിമിറ്റഡ് എന്ന കമ്പനിയുടെ മാനേജിംഗ് ഡയറക്ടറും അറിയപ്പെട്ട സംരഭകനുമാണ് എ എന്ന് വിചാരിക്കുക. എ.ബി.സി ക്ലിപ്തം എന്ന പേരിൽ പുതിയ ഒരു സിമന്റ് കമ്പനി തുടങ്ങാൻ അദ്ദേഹം താൽപര്യപ്പെടുന്നു. അതിന് വലിയ മൂലധനം ആവശ്യമാണ്. അദ്ദേഹത്തിന് തനിച്ച് അത് വഹിക്കാന് സാധിക്കില്ല. അതിനാൽ അദ്ദേഹം മൂലധന കമ്പോളത്തിലേക്ക് പ്രവേശിക്കുകയും പണം ആവശ്യപ്പെട്ട് ലാഭവിഹിതം തരാമെന്ന് പറയുന്നു. അവർ പ്രഥമ പൊതുജന വാഗ്ദാനം (Initial public offer) (ഐ.പി.ഒ) നടത്തുന്നു. (അത് പ്രഥമമാകാൻ കാരണം ആദ്യമായിട്ടാണ് എ.ബി.സി ക്ലിപ്തം വലിയ തോതിൽ ജനങ്ങളിൽ നിന്ന് പണം സ്വീകരിക്കുന്നത്.) ഒരു നിശ്ചിത പണം നൽകി ഓഹരി സ്വീകരിക്കാൻ ജനങ്ങൾ അപേക്ഷ നൽകുന്നു. ആവശ്യമായ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ബാങ്ക് അക്കൌണ്ട് വഴി കമ്പനി പണം സ്വീകരിക്കുന്നു. അപേക്ഷകർക്ക് ഓഹരി

നൽകുകയും അവരെ കന്പനിയുടെ ഓഹരി ഉടമകളാക്കി മാറ്റുകയും ചെയ്യുന്നു.

മുകളിൽ പറഞ്ഞ ഓഹരി സെക്യൂരിറ്റിയുടെ ഒരു ഇനമാണ്. കടപ്പത്രം, കരാർ പത്രം, മ്യൂച്ചൽ ഫണ്ട് യൂണിറ്റ്, വ്യാപാര സംബന്ധിയായ പേപ്പർ, നിക്ഷേപ സാക്ഷ്യപത്രം, സർക്കാർ സെക്യൂരിറ്റീസ് തുടങ്ങിയവയാണ് മറ്റു സെക്യൂരിറ്റികൾ.

## എന്താണ് സെക്യൂരിറ്റികളുടെ പ്രാഥമിക ദ്വിതീയ കന്പോളം

പൊതുജനങ്ങൾക്ക് സെക്യൂരിറ്റിയോ ഓഹരിയോ നൽകുന്നതാണ് പ്രാഥമിക കന്പോളം. നിലവിൽ സെക്യൂരിറ്റിയുടെ കൈമാറ്റം നടക്കുന്ന (വാങ്ങലും വിൽക്കലും) സ്റ്റോക്ക് എക്സ്ചേഞ്ചുകളാണ് ദ്വിതീയ കന്പോളം. എ.സ്.ഇ, ബി.എസ്.സി പോലോത്ത സ്റ്റോക്ക് എക്സ്ചേഞ്ച് മുഖേന സെബിയിൽ രെജിസ്റ്റർ ചെയ്ത സ്റ്റോക്ക് ബ്രോക്കർ വഴി ഓഹരി ആർക്കും വിൽപന നടത്താവുന്നതാണ്.

കന്പോള വില നൽകി സ്റ്റോക്ക് ബ്രോക്കർ മുഖേന ആർക്കും ഓഹരി വാങ്ങാവുന്നതുമാണ്.


## മൂലധന കന്പോളത്തിൽ സെബിയുടെ സ്ഥാനം എന്ത്

ഇന്ത്യയിലെ മൂലധന കമ്പോളം നിയന്ത്രിക്കുന്നത് സെബി അഥവാ സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ ആണ്. 1988 ലാണ് അത് രൂപീകരിച്ചത്. അന്നത് നിയമപരമായതായിരുന്നില്ല. 1992 ൽ സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ ആക്ട് നിലവിൽ വന്നതിന് ശേഷമാണ് നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും സെക്യൂരിറ്റി മാർക്കറ്റ് നിയന്ത്രിക്കാനും പുരോഗതി വരുത്താനുമാണ് അത് ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനമായത്. നിക്ഷേപ കമ്പോളത്തിലെ ഇടനിലക്കാരെ നിയമിക്കുക, നിരന്തര നിരീക്ഷണത്തിലൂടെ അവരെ നിയന്ത്രിക്കുക, നിയമലംഘകർക്ക് പിഴ ഈടാക്കുക തുടങ്ങി ബോർഡിന് വലിയ അധികാരമാണ് ഉള്ളത്.

## മൂലധന കമ്പോളത്തിൽ എൻ.എസ്.ഡി.എലിന്റെ ഉത്തരവാദിത്വമെന്ത്

എൻ.എസ്.ഡി.എൽ സ്ഥാപിച്ചത് 1996 ലാണ്. ഇന്നത് ലോകത്തെ വലിയ ഡെപോസിറ്ററികളിൽ ഒന്നാണ്. ഒരു ഡെപോസിറ്ററിയെന്ന നിലയിൽ അത് ഇലക്ട്രോണിക് രീതിയിൽ അഥവാ ഡീമെറ്റീരിയലൈസായി സെക്യൂരിറ്റികളും ഓഹരികളും സൂക്ഷിക്കാൻ സഹായിക്കുന്നു. ഒരു ഡീമാറ്റ് അക്കൌണ്ട് ഉള്ളവന് തന്റെ ഓഹരി

ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കാനും ഡീമാറ്റ് അക്കൌണ്ട് ഉള്ള മറ്റൊരു വ്യക്തിക്ക് അവ കൈമാറാനും സാധിക്കുന്നു. താഴെയുള്ള ഡയഗ്രമിൽ ഡെപോസിറ്ററികളും മൂലധന കന്പോളത്തിലെ വ്യത്യസ്ത ഓഹരി ഉടമകളും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നു.




ഡയഗ്രാം 2

ഇന്ത്യയുടെ മൂലധന കമ്പോളത്തിന് എൻ.എസ്.ഡി.എൽ നൽകുന്ന സംഭാവന അതിനെ ലോകത്തെ തന്നെ സുപ്രധാനമായ കമ്പോള മാർക്കറ്റ് ആക്കി മാറ്റുന്നു. തങ്ങളുടെ പല ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും വിവിധ തരത്തിലുള്ള സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിലൂടെയും വലിയ വിഭാഗം ജനങ്ങളിലേക്ക് എത്തിച്ചേർന്നതിന്റെയും ഫലമായി നിക്ഷേപകരുടെയും ഇടനിലക്കാരുടെയും വിശ്വസ്തത നേടാൻ എൻ.എസ്.ഡി.എലിന് സാധിച്ചിട്ടുണ്ട്. അപ്രകാരം അതിന്റെ സാങ്കേതികത, വിശ്വസ്തത, വ്യാപ്തി എന്ന ടാഗ് ലൈനിനോടൊപ്പം നിൽക്കാൻ സാധിക്കുന്നു.

275 ലധികം വരുന്ന തങ്ങളുടെ ഡിപികളിലൂടെ (ഡെപോസിറ്ററി പാർട്സിപൻസ്) നിക്ഷേപകർ, ഓഹരി ദല്ലാൾ, സ്റ്റോക്ക് എക്സ്ചേഞ്ച്, രക്ഷകർത്താവ് തുടങ്ങിയവർക്ക് വിവിധ തരത്തിലുള്ള സേവനങ്ങൾ നൽകുന്നു. നിരവധി വലിയ ബാങ്കുകൾ, (ദേശീയ, സ്വകാര്യ, കോഓപറേറ്റീവ്) ഓഹരി ദല്ലാൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവരെല്ലാം എൻ.എസ്.ഡി.എലിൽ ഡിപിയായി ചേർന്നിട്ടുണ്ട്. എൻ.എസ്.ഡി.എൽ ഡെപോസിറ്ററി പാർട്സിപൻസ് രാജ്യത്തെ 30700 ലധികം വരുന്ന സേവന കേന്ദ്രങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നത്. കുറച്ച് കേന്ദ്രങ്ങൾ വിദേശത്തും പ്രവർത്തിക്കുന്നുണ്ട്. എൻ.എസ്.ഡി.എൽ

ഡിപികളുടെ പട്ടിക https://nsdl.co.in/dpsch.php. എന്ന ലിങ്കിൽ ലഭിക്കുന്നതാണ്.

## ഡീമാറ്റ് മനസ്സിലാക്കൽ

## ഡീമാറ്റ് എന്നതിന്റെ അർത്ഥമെന്താണ്

ഇലക്ട്രോണിക് രൂപത്തിൽ സെക്യൂരിറ്റികൾ കൈവശം വെക്കുന്നതിനെയോ സൂക്ഷിക്കുന്നതിനെയോ ആണ് ഡീമാറ്റ് എന്ന് പറയുന്നത്. പേപ്പറിൽ അത് സൂക്ഷിക്കുന്നതിന് പകരമായുള്ള നിയമാനുസൃത രീതിയാണിത്.

## എന്താണ് ധന ഡെപ്പോസിറ്ററി

ഓഹരികളുടെ ഒരു ബാങ്ക് പോലെയാണ് ഡെപ്പോസിറ്ററി. പണം അക്കൌണ്ടിൽ സൂക്ഷിക്കുന്ന പോലെ നിക്ഷേപങ്ങളും ഓഹരിയായി നിക്ഷേപകത്തിലെ ഡീമാറ്റ് അക്കൌണ്ടിൽ സൂക്ഷിക്കാം. ഒരു അക്കൌണ്ടിൽ നിന്ന് മറ്റൊരു അക്കൌണ്ടിലേക്ക് ബാങ്ക് വഴി പണം കൈമാറ്റം ചെയ്യാൻ സാധിക്കുന്ന പോലെ ഒരു ഡീമാറ്റ് അക്കൌണ്ടിൽ നിന്ന് മറ്റൊരു ഡീമാറ്റ് അക്കൌണ്ടിലേക്ക് ഡെപ്പോസിറ്ററി വഴി ഓഹരി കൈമാറാം. ബാങ്ക് തങ്ങളുടെ വ്യത്യസ്ത ശാഖകൾ

വഴി തങ്ങളുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്ന പോലെ ഡെപോസിറ്ററി പാർട്സിപൻസ് മുഖേന ഡെപോസിറ്ററികളും തങ്ങളുടെ സേവനം ജനങ്ങൾക്ക് എത്തിച്ച് നൽകുന്നു. കൂടാതെ വ്യത്യസ്ത സേവനങ്ങളും ഓഹരി ഉടമകൾക്ക് ഡെപ്പോസിറ്ററി വാഗ്ദാനം നൽകുന്നു.

## ഡെപ്പോസിറ്ററി അക്കൌണ്ട് എന്നാൽ എന്ത്

ബാങ്ക് അക്കൌണ്ട് പോലോത്ത ഒന്നാണ് ഡെപ്പോസിറ്ററി അക്കൌണ്ട്. ഡെപ്പോസിറ്ററിയിലാണ് അത് സൂക്ഷിക്കുന്നത്. പണം മുഖേന വിനിമയം നടത്തുന്നത് സൂക്ഷിക്കുന്നതിനാണ് ബാങ്ക് അക്കൌണ്ട് ഉപയോഗിക്കുന്നത്. സെക്യൂരിറ്റി മുഖേന വിനിമയം നടത്താനും സൂക്ഷിക്കാനുമാണ് ഡെപ്പോസിറ്ററി അക്കൌണ്ട്. ഡെപ്പോസിറ്ററി അക്കൌണ്ടിന്റെ ജനകീയ നാമം ഡീമാറ്റ് അക്കൌണ്ട് എന്നാണ്.

## ആരാണ് ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റ്

ഡെപ്പോസിറ്ററി പാർട്സിപന്റ് എന്ന ഏജന്റ് മുഖേനയാണ് ഡെപ്പോസിറ്ററി തങ്ങളുടെ സേവനങ്ങൾ നിക്ഷേപകരിലേക്ക് എത്തിക്കുന്നത്. സെബിയിൽ രജിസ്റ്റർ ചെയ്തതിന് ശേഷം എൻ.എസ്.ഡി.എൽ ആണ് ഇവരെ നിയമിക്കുന്നത്. ഡെപ്പോസിറ്ററി നൽകുന്ന സേവനം ആർക്കെങ്കിലും ആവശ്യമായി വരികയാണെങ്കിൽ അവർക്ക് ഡെപ്പോസിറ്ററി

പാർട്സിപൻസിന്റെ പക്കലെത്തി ഡീമാറ്റ് അക്കൌണ്ട് തുടങ്ങാവുന്നതാണ്. ബാങ്ക് സേവനങ്ങൾ ലഭിക്കാനായി ഏതെങ്കിലും ബാങ്കിൽ സേവിംഗ്സ് അക്കൌണ്ട് തുടങ്ങുന്നതിന് സമാനമാണിത്. ഡെപ്പോസിറ്ററി പാർട്സിപൻസിന്റെ ലിസ്റ്റ് താഴെ പറയുന്ന ലിങ്കിൽ ലഭ്യമാണ്. https://nsdl.co.in/dpsch.php.

## ഡീമാറ്റ് അക്കൌണ്ട് ഉണ്ടാകുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം

**ഡീമാറ്റ്** അക്കൌണ്ട് തുടങ്ങുന്നത് കൊണ്ടുള്ള നേട്ടങ്ങൾ താഴെ പറയുന്നവയാണ്.

എ. സെക്യൂരിറ്റികൾ വളരെ വേഗത്തിൽ കൈമാറ്റം ചെയ്യാൻ സാധിക്കുന്നു.

ബി. സെക്യൂരിറ്റീസ് കൈമാറ്റം ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇല്ല.[1]

സി. വ്യാജ സെക്യൂരിറ്റീസ്, ബാഡ് ഡെലിവറി പോലോത്ത ഫിസിക്കൽ സർട്ടിഫിക്കറ്റ് നേരിടുന്ന പ്രയാസങ്ങൾ ഇല്ലാതാക്കുന്നു.

ഡി. സെക്യൂരിറ്റി കൈമാറ്റം ചെയ്യുന്ന സന്ദർഭത്തിൽ പേപ്പർ വർക്ക് പരമാവധി കുറക്കുന്നു.

ഇ. വിനിമയ നിരക്കിലുള്ള കുറവ്.

[1] finance bill for FY 2019 – 20 ലെ മാറ്റത്തന് വിധേയം

എഫ്. ബാങ്ക് അക്കൌണ്ട് ഡീറ്റെയ്ൽസ്, അഡ്രസ് എന്നിവയിലെ മാറ്റം മൂലമുണ്ടാകുന്ന പ്രയാസം ലഘൂകരിക്കാൻ സാധിക്കുന്നു. ഡീമാറ്റ് അക്കൌണ്ടിലെ മാറ്റം എല്ലാ കന്പനികൾക്കും കൈമാറന്നു. അത് മുഖേന ഓരോ സ്ഥലത്തും മാറ്റം അറിയിക്കുന്നത് മുഖേനയുള്ള പ്രയാസം ഒഴിവാക്കാന് സാധിക്കുന്നു.

ഗവൺമെന്റ് സെക്യൂരിറ്റികളുടെ കൈമാറ്റം വളരെ എളുപ്പത്തിൽ സാധിക്കുന്നു. കാരണം എല്ലാ പ്രവർത്തനങ്ങളും ഒരു ഡിപി ചെയ്യുകയും കന്പനികളുമായുള്ള കത്തിടപാട് ആവശ്യമില്ലാതാവുകയും ചെയ്യുന്നു.

എച്ച്. ഫോളിയോസ്/അക്കൌണ്ട് എന്നിവയുടെ ആശ്വാസകരമായ ഏകീകരണം.

ഐ.ഇകിറ്റി, ഡിബഞ്ചർ, ബോണ്ട്സ്, ഗവൺമെന്റ് സെക്യൂരിറ്റികൾ, സോവറിംഗ് ഗോൾഡ് ബോണ്ട്സ്, മ്യൂച്വൽ ഫണ്ട് യൂണിറ്റ് തുടങ്ങി വ്യത്യസ്ത തരത്തിലുള്ള സെക്യൂരിറ്റികൾ ഒറ്റ അക്കൌണ്ടിൽ സൂക്ഷിക്കാൻ സാധിക്കുന്നു.

ജെ.വിഭജിക്കുകയോ ഏകീകരിക്കുകയോ ഒന്നിപ്പിക്കുകയോ ചെയ്യുന്നതുമൂലമുണ്ടാകുന്ന ഓഹരികൾ, മ്യൂച്വൽ ഫണ്ട് യൂണിറ്റ് തുടങ്ങിയവ ഓട്ടോമറ്റിക്ക് ആയി ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആവുന്നു.

# എൻ..എസ്.ഡി.എൽ നൽകുന്ന സേവനങ്ങൾ

എൻ,എസ്.ഡി.എൽ ഒരു ഡെപോസിറ്ററി എന്ന നിലക്ക് നിക്ഷേപകർ, ഇഷ്യൂ ചെയ്യുന്ന കന്പനികൾ, സ്റ്റോക്ക് ബ്രോക്കേഴ്സ്, ക്ലിയറിംഗ് കോർപറേഷൻ എന്നിവക്ക് വ്യത്യസ്ത തരത്തിലുള്ള സേവനങ്ങൾ നൽകുന്നു. പ്രസ്തുത സേവനങ്ങൾ ലഭിക്കാൻ നിക്ഷേപകൻ ഏതെങ്കിലും ഒരു ഡിപിയെ സമീപിക്കേണ്ട ആവശ്യമേയുള്ളൂ.

# ഡീമാറ്റ് അക്കൌണ്ട് തുടങ്ങൽ

1. എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് എങ്ങനെ തുടങ്ങാം.

ഒരു ഡീമാറ്റ് അക്കൌണ്ട് ലളിതമായി തുടങ്ങാം. ഒരു എൻ.എസ്.ഡി.എൽ ഡെപോസിറ്ററി പാർടിസിപൻസിനെ സന്ദർശിക്കുകയേ വേണ്ടൂ. അവർ ആവശ്യമായ മുഴുവൻ കാര്യങ്ങളും ചെയ്ത് തരും. ഒരു അപേക്ഷ പൂരിപ്പിച്ച് നൽകണം. പാൻ കാർഡും അഡ്രസ് പ്രൂഫും നൽകണം. കൂടാതെ നിങ്ങളുടെ ബാങ്ക് അക്കൌണ്ട് സംബന്ധമായ മുഴുവൻ വിവരവും നൽകണം.

ഡീമാറ്റ് അക്കൌണ്ട് തുറന്നാൽ, നിങ്ങളുടെ ഡിപി നിങ്ങൾക്ക് ഡിപി ഐഡിയും ക്ലയന്റ് ഐഡിയും

തരും. താങ്കളുടെ ഡീമാറ്റ് അക്കൌണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും താരിഫ് ഷീറ്റും ഉടമസ്ഥന്റെ ഉത്തരവാദിത്വങ്ങളും ബാധ്യതകളും ഡിപികളുമടങ്ങുന്ന ഒരു ക്ലയന്റ് മാസ്റ്റർ റിപ്പോർട്ടും തരുന്നതാണ്. ഡിപി ഐഡി എട്ട് അക്ഷരങ്ങൾ ഉൾകൊള്ളുന്ന ഒരു വലിയ കോഡ് ആണ്. (ഉദാഹരണം IN3XXXXX) എൻ.എസ്.ഡി.എൽ ഓരോ ഡിപിക്കും അവരെ മനസ്സിലാക്കാൻ നൽകുന്നതാണിത്. ക്ലയന്റ് ഐഡിയും എട്ട് അക്കങ്ങളടങ്ങുന്ന വലിയ കോഡ് ആണ്. സിസ്റ്റത്തിൽ ക്ലയന്റിനെ മനസ്സിലാക്കാൻ സഹായിക്കുന്നതാണിത്. ഡിപി ഐഡിയും ക്ലയന്റ് ഐഡിയും ചേർന്നാണ് എൻ.എസ്.ഡി.എൽ സിസ്റ്റത്തിൽ നിങ്ങളുടെ യുണീക് ഐഡി ഉണ്ടാക്കപ്പെടുന്നത്.

ഡെപോസിറ്ററി സിസ്റ്റത്തിൽ നിങ്ങളുടെ മുഴുവൻ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ ക്ലയന്റ് മാസ്റ്റർ റിപ്പോർട്ട് സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. ഓഹരി മാർക്കറ്റിൽ വ്യാപാരം നടത്തണമെങ്കിൽ (വാങ്ങുകയോ വിൽക്കുകയോ) സെബിയിൽ രജിസ്റ്റർ ചെയ്ത് ഏതെങ്കിലും സ്റ്റോക്ക് ബ്രോക്കറുടെ പക്കൽ ട്രേഡിംഗ്/ബ്രോക്കിംഗ് അക്കൌണ്ട് തുറക്കേണ്ടതാണ്. നിക്ഷേപകരുടെ സൌകര്യത്തിനായി ത്രീ - ഇൻ - വൺ എന്ന രീതിയിൽ ഓഫർ ചെയ്യുന്ന നിരവധി ഡിപികളുണ്ട്. (ത്രീ - ഇൻ - വൺ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഡീമാറ്റ് അക്കൌണ്ട്, ട്രേഡിംഗ്

അക്കൌണ്ട്, ബാങ്ക് അക്കൌണ്ട് എന്നിവ ഒന്നിച്ച് നൽകലാണ്.)

## 2. എങ്ങനെ ഒരു ഡിപിയെ കണ്ടെത്താം

സേവിംഗ് അക്കൌണ്ട് തുടങ്ങാൻ ബാങ്ക് തെരഞ്ഞെടുക്കുന്നത് പോലെ തന്നെ ഡീമാറ്റ് അക്കൌണ്ട് തുടങ്ങാൻ ഒരു ഡിപിയെ തെരഞ്ഞെടുക്കാം. ഡിപിയെ തെരഞ്ഞെടുക്കുന്പോൾ ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ താഴെ പറയുന്നു.

എ. സൌകര്യം - ഓഫീസ്/താമസ സ്ഥലം എന്നിവക്ക് സമീപമാവുക, ജോലി സമയത്തിന് യോജിച്ചതാവുക.

ബി.ആശ്വാസം - ഡിപിയുടെ കീർത്തി, ഓർഗനൈസേഷനുമായി ആദ്യകാല ബന്ധം, ഡിപി നിങ്ങൾക്ക് ആവശ്യമായ സേവനം നൽകാനുതകുന്ന സ്ഥാനത്താണോ എന്നത്

സി. സേവനത്തിന്റെ മൂല്യം/ലെവൽ, സേവനത്തന് ഡിപി ഈടാക്കുന്ന പണവും സേവനത്തിന്റെ നിലവാരവും.

ഡിപികളുടെ ചാർജും അവരുടെ സ്ഥലവും മസ്സിലാക്കാൻ താഴെ പറയുന്ന സൈറ്റ് സന്ദർശിക്കുക. https://nsdl.co.in/joining/joincharges.php.

## 3. എല്ലാ ഡെപ്പോസിറ്ററി പാർട്സിപെൻസും സമമാണോ

ഒരു ഡിപി ആവാനുള്ള അടിസ്ഥാന യോഗ്യതകൾ എൻ.എസ്.ഡി.എൽ വ്യക്തമാക്കിയിട്ടുണ്ട്. അത് സെബിയുടെ വ്യവസ്ഥകൾക്ക് സമമോ ചില കാര്യത്തിൽ അതിനെക്കാൾ മെച്ചപ്പെട്ടതോ ആണ്. സെബി രജിസ്റ്റർ ചെയ്ത ശേഷം നൽകുന്ന സർട്ടിഫിക്കറ്റ് ലഭിച്ചവരെ മാത്രമേ എൻ.എസ്.ഡി.എൽ നിയമിക്കുക്കുകയുള്ളൂ എന്ന നിലക്ക് അവരെല്ലാം തുല്യരാണ്. എന്നിരുന്നാലും, സേവനങ്ങൾ, അതിന്റെ മൂല്യം, നിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ അവർ വ്യത്യസ്തരായേക്കാം.

## 4. എനിക്ക് ഒരു ഡീമാറ്റ് അക്കൌണ്ട് തുടങ്ങണമെങ്കിൽ ഞാൻ എന്ത് ചെയ്യണം

ഏതെങ്കിലും ഒരു ഡിപിയുടെ അടുത്ത് ഡീമാറ്റ് തുടങ്ങാൻ ഉദ്ദേശിച്ചാൽ അദ്ദേഹത്തിൻരെ അടുത്ത് പോയി ഒരു അക്കൌണ്ട് തുടങ്ങുന്നതിനുള്ള അപേക്ഷ പൂരിപ്പിച്ച് നൽകണം. ഒരു ഫോട്ടോയും താഴെ പറയുന്ന ഡോക്യുമെന്റ്സിന്റെ സെൽഫ് അറ്റസ്റ്റഡ് പകർപ്പും നൽകണം.


എ. പാൻ കാർഡ് (പാൻ കാർഡ് ഇല്ലാത്ത സിക്കിമിൽ താമസിക്കുന്നവർക്ക് മറ്റ് പ്രൂഫുകൾ ഉപയോഗിക്കാവുന്നതാണ്.)

ബി.അഡ്രസ് പ്രൂഫ് (പാസ്പോർട്ട്, വോട്ടർ ഐഡി കാർഡ്, ആധാർ കാർഡ്, എൻ.ആർ.ഇ.ജി.എ ജോബ് കാർഡ് എന്നിവയിൽ ഏതെങ്കിലും ഉപയോഗിക്കാവുന്നതാണ്.

സി. പേര്, ഐ.എഫ്.എസ്.സി എം.ഐ.സി.ആർ നമ്പർ എന്നിവ ഉൾക്കൊള്ളുന്ന കാൻസൽ ചെയ്ത ചെക്ക്, പാസ്ബുക്ക്, ബാങ്ക് സ്റ്റേയ്റ്റ്മെന്റ് എന്നിവയുടെ കോപ്പി.

ഡിപിയുടെ അടുത്തേക്ക് ഒറിജിനൽ കോപ്പി തെളിവിനായി കൊണ്ട് ചെല്ലാൻ മറക്കരുത്. ഒറിജനൽ കോപ്പി നൽകാൻ സാധിക്കുന്നില്ലെങ്കിൽ പബ്ലിക്ക് നോട്ടറി പോലോത്ത ആധികാരികമായ ആരെങ്കിലും അറ്റസ്റ്റ് ചെയ്ത രേഖ സമർപ്പിക്കേണ്ടതാണ്. പറയപ്പെട്ട രേഖക്ക് പുറമെ മറ്റെന്തെങ്കിലും രേഖ ആവശ്യപ്പെടാവുന്നതാണ്. ഡയഗ്രാം മൂന്നിൽ അക്കൌണ്ട് തുറക്കുന്ന രീതി വ്യക്തമാക്കിയിട്ടുണ്ട്.

**ഡീമാറ്റ് അക്കൗണ്ട് തുറക്കുന്നതിനുള്ള നടപടി ക്രമങ്ങൾ**




ഡയഗ്രാം 3

## 5. ഇൻ പേഴ്സൻ വേരിഫിക്കേഷൻ എന്നാൽ എന്ത്

സെബിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം അക്കൌണ്ട് തുടങ്ങുനന്ന സമയത്ത് അപേക്ഷകനെ കൃത്യമായി മനസ്സിലാക്കേണ്ടത് നിർബന്ധമാണ്. അക്കൌണ്ട് തുറക്കാനുള്ള അപേക്ഷയിലെ ഫോട്ടോ പരിശോധിച്ചും പാൻ കാർഡിൽ കാണുന്ന ഫോട്ടോ പരിശോധിച്ചും ഡിപിയുടെ സ്റ്റാഫുകൾ ഇത് നിർവഹിക്കുന്നതാണ്. ജോയിന്റ് അക്കൌണ്ട്

ആണെങ്കിൽ ഇൻപേഴ്സൻ വേരിഫിക്കേഷൻ എല്ലാവരെയും നടത്തണം.

### 6. എനിക്ക് ഒന്നിൽ കൂടുതൽ ഡീമാറ്റ് അക്കൌണ്ട് തുറക്കാൻ സാധിക്കുമോ?

അതെ. നിങ്ങളുടെ ആവശ്യവും താൽപര്യവും പ്രകാരം ഒരു ഡെപോസിറ്ററി പാർട്സിപൻസിന്റെ പക്കലോ വ്യത്യസ്ത ഡെപോസിറ്ററി പാർട്സിപൻസിന്റെ പക്കലോ രണ്ടിൽ കൂടുതൽ ഡീമാറ്റ് അക്കൌണ്ട് തുറക്കാവുന്നതാണ്. അത്തരത്തിലുള്ള അക്കൌണ്ട് തുറക്കുന്നത് -പണം നൽകേണ്ടതാണ്.

### 7. ഡീമാറ്റ് അക്കൌണ്ടിൽ സെക്യൂരിറ്റിയുടെ മിനിമം ബാലൻസ് സൂക്ഷിക്കേണ്ടതുണ്ടോ

ഇല്ല. മിനിമം ബാലൻസിന്റെ ആവശ്യമില്ല. സീറോ ബാലൻസ് ആകാവുന്നതാണ്.

### 8. അക്കൌണ്ട് തുറക്കുന്ന സന്ദർഭത്തിൽ എന്തിനാണ് ബാങ്ക് അക്കൌണ്ട് ഡീറ്റെയ്ൽസ് നൽകുന്നത്.

അക്കൌണ്ട് തുറക്കുന്ന സമയത്ത് ബാങ്ക് അക്കൌണ്ട് ഡീറ്റെയ്ൽസ് നിർബന്ധമായും നൽകേണ്ടതാണ്. ഇത് ഇഷ്യൂവർ കന്പനിക്കോ ആർ.ടി.എസിനോ നൽകുന്നതാണ്. വല്ല പണവും (ഡിവിഡന്റ്, പലിശ, മച്യൂരിറ്റി പെയ്മെന്റ്, റിഡംപ്ഷൻ തുക പോലോത്ത) നൽകാനുണ്ടെങ്കിൽ അത് നേരിട്ട് അക്കൌണ്ടിലേക്ക് നൽകാനാണ് അക്കൌണ്ട് ഡീറ്റയ്ൽസ് കൈമാറുന്നത്. അതിനാലാണ്

അക്കൌണ്ട് തുടങ്ങാനുള്ള അപേക്ഷയിൽ ബാങ്ക് അക്കൌണ്ട് ഡീറ്റെയ്ൽസ് നൽകണമെന്ന് പറയുന്നത്. പിന്നീട് മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത് അറിയിക്കാനും മറക്കരുത്.

9. അക്കൌണ്ട് തുടങ്ങാനുള്ള അപേക്ഷയിൽ 'Standing Instruction for receiving credits automatically' എന്ന് നൽകുന്നതിന് എന്തിനാണ്.

ഡീമാറ്റ് അക്കൌണ്ടിൽ ക്രെഡിറ്റ്, ഡെബിറ്റ് പോലോത്ത ഇടപാട് നടത്താൻ അക്കൌണ്ട് ഹോൾഡർ ആധികാരികമാക്കേണ്ടതുണ്ട്. ഡീമാറ്റ് അക്കൌണ്ടിൽ ഡെബിറ്റ് സമയത്ത് ഡെലിവറി ഇൻസ്ട്രക്ഷൻ ആവശ്യമായത് പോലെ ക്രെഡിറ്റ് സമയത്ത് റെസിപ്റ്റ് ഇൻസ്ട്രക്ഷൻ സ്ലിപ്പ് ആവശ്യമാണ്. നിങ്ങളുടെ ഡിപിക്ക് ഒരു തവണ വൺ ടൈം സ്റ്റാൻ്റിംഗ് ഇൻസ്ട്രക്ഷൻ നൽകുന്നതിലൂടെ ക്രെഡിറ്റ് ഉണ്ടാകുന്ന ഓരോ സമയത്തും റെസിപ്ററ് ഇൻസട്രക്ഷൻ നല്കുന്നത് ഒഴിവാക്കാം.

**10. ബാങ്ക് അക്കൌണ്ട് പോലെ 'either or survivor' അടസ്ഥാനത്തിൽ ജോയിന്റ് അക്കൌണ്ട് ഓപറേറ്റ് ചെയ്യാൻ പറ്റുമോ**

ഇല്ല. നിലവിലെ നിയമപ്രകാരം ഡീമാറ്റ് അക്കൌണ്ടിൽ 'either or survivor' രീതി അനുവദനീയമല്ല. അത്കൊണ്ട് ജോയിന്റ് ഡീമാറ്റ് അക്കൌണ്ടിന് നൽകപ്പെടുന്ന ഓരോ നിർദേശങ്ങളും എല്ലാവരും കൂടി ഒപ്പ് വെക്കേണ്ടതാണ്.

### 11. നിലവിലെ ഡിപിയുടെ അടുത്ത് അക്കൌണ്ട് ക്ലോസ് ചെയ്ത് എനിക്ക് മറ്റൊരു ഡിപിയുടെ അടുത്ത് അക്കൌണ്ട് തുറന്ന് അതിലേക്ക് സെക്യൂരിറ്റികൾ മാറ്റാൻ സാധിക്കുമോ.

അതെ. നിങ്ങൾക്ക് ഒന്നിൽ കൂടുതൽ ഡെപോസിറ്ററി പാർട്സിപൻസിന്റെ അടുത്ത് അക്കൌണ്ട് ഉണ്ടെങ്കിലും അവ മുഴുവനും തുടരാൻ താൽപര്യമില്ലെങ്കിലും നിശ്ചിത ഫോറം പൂരിപ്പിച്ച് നൽകി അക്കൌണ്ട് ക്ലോസ് ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്. ആ ഫോറത്തിൽ ഏത് ഡിപിയുടെ അടുത്തുള്ള അക്കൌണ്ടിലേക്കാണോ ബാലൻസ് നീക്കേണ്ടത് അതിന്റെ ഡിപി ഐഡിയും പേരും ക്ലയന്റ് ഐഡിയും സൂചിപ്പിക്കേണ്ടതാണ്. നിങ്ങളുടെ ഡിപി നിങ്ങളുടെ മുഴുവൻ സെക്യൂരിറ്റീസും നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് നീക്കുന്നതാണ്. അക്കൌണ്ടിൽ ബാലൻസ് ഉള്ളപ്പോൾ ഒരിക്കലു അത് ഒഴിവാക്കാൻ പറ്റില്ല.

### 12. എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് കൊണ്ട് ഞാൻ എന്താണ് ചെയ്യേണ്ടത്.

എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് കൊണ്ട് നിരവധി പ്രയോജനങ്ങളുണ്ട്. എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് കൊണ്ട് നിങ്ങൾക്ക് ചെയ്യാവുന്ന ചില കാര്യങ്ങൾ താഴെ പറയുന്നു.

എ. ഐ.പി.ഒ (IPO) ക്കും എൻ.എഫ്.ഒ (NFO) ക്കും അപേക്ഷിക്കാം. അപേക്ഷ ഫോറത്തിൽ ഡിപി

ഐഡിയും ക്ലയന്റ് ഐഡിയും കൃത്യമായി രേഖപ്പെടുത്തണം. അതേ ഡീമാറ്റ് അക്കൌണ്ട് തന്നെ ഓഹരി, മറ്റ് തരത്തിലുള്ള സെക്യൂരിറ്റീസ് എന്നിവ സൂക്ഷിക്കാൻ ഉപയോഗിക്കാവുന്നതാണ്.

ബി.മുഴുവൻ കോർപറേറ്റ് ബെനിഫിറ്റും (ബോണസ്, റൈറ്റ് ഇഷ്യൂ പോലോത്ത) നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ലഭിക്കുന്നതാണ്. നിങ്ങളുടെ കന്പനി തരാമെന്നേറ്റ ഡിവിഡന്റ് പോലോത്ത പണം, പലിശ, ബോണ്ട് ഇൻവസ്റ്റ്മെന്റിന്റെ പേരിൽ നൽകപ്പെടുന്ന മെച്യൂരിറ്റി അമൌണ്ട് തുടങ്ങിയവ നിങ്ങളുടെ ഡീമാററ് അക്കൌണ്ടിനോട് ലിങ്ക് ചെയ്തിട്ടുള്ള ബാങ്ക് അക്കൌണ്ടിലേക്ക് നൽകപ്പെടുന്നതാണ്. ബാങ്ക് അക്കൌണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സി.നിക്ഷേപം വിൽക്കാതെ തന്നെ സാന്പത്തികമായ ആവശ്യം പൂർത്തീകരിക്കാൻ നിരവധി ബാങ്കുകൾ ഓഫർ ചെയ്യുന്ന ഷയറിന് പകരം ലോൺ ഫെസിലിറ്റി ഉപയോഗിക്കാൻ ഡീമാറ്റ് അക്കൌണ്ട് ഉപയോഗിക്കാം.

ഡി. നിങ്ങളുടെ ഡി.പി മുഖേന നിങ്ങളുടെ ഓഹരി, ബോണ്ട്, ഡിബെൻചർ, ഗവൺമെന്റ് സെക്യൂരിറ്റീസ്, സോവറിംഗ് ഗോൾഡ് ബോണ്ട്സ് പോലോത്ത പേപ്പർ രൂപത്തിലുള്ള മുഴുവൻ നിക്ഷേപവും ഡീമാറ്റിലേക്ക് മാറ്റാൻ സാധിക്കും.

ഇ.നിങ്ങളുടെ മ്യൂചൽ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അതേ ഡീമാറ്റ് അക്കൌണ്ടിൽ വെക്കാവുന്നതാണ്. അത് ഡീമാറ്റ് അക്കൌണ്ടിൽ സൂക്ഷിക്കുന്നത് നിങ്ങൾക്ക് വലിയ ഉപകാരപ്രദമാകും. എൻ.എസ്.ഡി.എൽ സി.എ.എസിലൂടെ നിങ്ങളുടെ പോർട്ട്ഫോളിയോ നിങ്ങൾക്ക് നിരീക്ഷിക്കാം. നിങ്ങളുടെ വൈയക്തിക വിവരങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ, ഉദാഹരണത്തിന് ബാങ്കിലെ അഡ്രസോ നോമിനീയോ മാറുന്നത് പോലോത്തവ, മാറ്റുകയാണെങ്കിൽ ഓരോ മ്യൂച്ചൽ ഫണ്ട് ഹൌസസുമായി ബന്ധപ്പെടേണ്ടിവരില്ല. അപേക്ഷാ ഫോറത്തിൽ നിങ്ങളുടെ ഡിപി ഐഡിയും ക്ലയന്റ് ഐഡിയും രേഖപ്പെടുത്തി ഡീമാറ്റ് ഫോം മ്യൂച്ചൽ ഫണ്ടിലേക്ക് നിങ്ങൾക്ക് വരിക്കാരാകാവുന്നതാണ്. എസ്.ഐ.പി (SIP) യിലൂടെ ഡീമാറ്റ് അക്കൌണ്ട് മുഖേന മ്യൂച്ചൽ ഫണ്ടിൽ ഇൻവസ്റ്റ് ചെയ്യുകയും ചെയ്യാം. മ്യൂച്ചൽ ഫണ്ട് യൂണിറ്റ് വീണ്ടെടുക്കുന്നതിനോ വീണ്ടും വാങ്ങുന്നതിനോ നിങ്ങൽക്ക് നിങ്ങളുടെ ഡിപിക്ക് നിർദ്ദേശം നൽകാം. അല്ലെങ്കിൽ എൻ.എസ്.ഡി.എൽന്റെ സ്പീഡ് ഇ ഫെസിലിറ്റി ഉപയോഗപ്പെടുത്താം..

എഫ്. നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് മുഖേന നിങ്ങളുടെ ഓഹരികൾ കമ്പനിക്ക് ഏൽപിക്കുന്നതിലൂടെ നിങ്ങൾക്ക് ബൈബാക്ക് ഓഫറിൽ പങ്കെടുക്കാവുന്നതാണ്.

ജി.നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിൽ ഉപയോഗ ശൂന്യായി കിടക്കുന്ന കടം കൊടുത്ത്

സെക്യൂരിറ്റികൾ കടം കൊടുക്കുകയും കടം വാങ്ങുകയും ചെയ്യുന്ന സ്കീമിൽ പങ്കെടുക്കുകയും ലാഭം നേടുകയും ചെയ്യാം.

# ബേസിക് സർവ്വീസസ് ഡീമാറ്റ് അക്കൌണ്ട്

## 1. ബേസിക് സർവ്വീസസ് ഡീമാറ്റ് അക്കൌണ്ട് എന്നാൽ എന്ത്

ബി.എസ്.ഡി.എ (BSDA) സാധാരണ ഡീമാറ്റ് അക്കൌണ്ട് പോലെയാണ്. പക്ഷെ, അത് വാർഷിക തേയ്മാന ചാർജ് ഈടാക്കുന്നില്ല. അല്ലെങ്കിൽ പറ്റെ കുറവാണ്.

## 2. ബി.എസ്.ഡി.എയുടെ ആനുകൂല്യങ്ങൾ ലഭിക്കാനായി എന്തെല്ലാം നിബന്ധനകൾ പാലിച്ചിരിക്കണം.

താഴെ പറയുന്ന നിബന്ധനകൾ പാലിക്കുന്ന വ്യക്തിക്ക് ബി.എസ്.ഡി.എയുടെ ആനുകൂല്യങ്ങൾ ലഭിക്കാവുന്നതാണ്.

എ. ഏക/ഫസ്റ്റ് ഹോൾഡറെന്ന നിലയിൽ ഒരു ഡീമാറ്റ് അക്കൌണ്ട് മാത്രമുണ്ടാവുക. (മുഴുവൻ ഡെപോസിറ്ററികളിലുമായി)

ബി.ഏതെങ്കിലും മറ്റ് ഡീമാറ്റ് അക്കൌണ്ട് ഉള്ള രണ്ടമാത്തെയോ മൂന്നാമത്തെയോ വ്യക്തിയാവുക.

സി.ഒരു സമയത്തും ഡീമാറ്റ് അക്കൌണ്ടിൽ സൂക്ഷിച്ച സെക്യൂരിറ്റിയടെ മൂല്യം 200000 നെക്കാൾ കൂടരുത്.

ഡി. ബി.എസ്.ഡി.എയുടെ സേവനങ്ങൾ ലഭിക്കുന്നതിനായി ഒരു മൊബൈൽ നന്പർ ഹാജറാക്കുകയും എസ്.എം.എസ് അലേർട്ട് സൌകര്യം തെരഞ്ഞെടുക്കുകയും വേണം.

## 3. ബി.എസ്.ഡി.എയുടെ വാർഷിക പരിപാലന ചാർജ് എന്താണ്

ബി.എസ്.ഡി.എയുടെ വാർഷിക പരിപാലന ചാർജ് (AMC) സെബി താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.

എ.ഹോൾഡിംഗിന്റെ മൂല്യം 50000 വരെ ആണെങ്കിൽ വാർഷിക പരിപാലന ചാർജ് ഉണ്ടായിരിക്കുന്നതല്ല.

ബി.മൂല്യം 50000 നും 200000 നും ഇടയിലാണെങ്കിൽ ഓരോ വർഷവും നൂറിൽ കവിയാത്ത ചാർജ് ഈടാക്കിയേക്കാം.

സി.200000 നു മുകളിലാണെങ്കിൽ ഡിപി റെഗുലർ റൈറ്റ് പ്രകാരം വാർഷിക പരിപാലന ചാർജ് ഈടാക്കിയേക്കാം.

ഓരോ ദിവസത്തെയും ക്ലോസിംഗ് പ്രൈസിനടിസ്ഥാനത്തിലോ സെക്യൂരിറ്റീസ് മ്യൂച്വൽ ഫണ്ട് എന്നിവക്കുള്ള എൻ.എ.വി (NAV) യുടെ അടിസ്ഥാനത്തിലോ ഈ ഉദ്ദേശത്തിനുള്ള ഹോൾഡിംഗിന്റെ മൂല്യം ഡിപി തീരുമാനിക്കുന്നത്.

ബി.എസ്.ഡി.എയിലെ ഹോൾഡിംഗിന്റെ മൂല്യം ഏതെങ്കിലും ദിവസം 200000 കടക്കുകയാണെങ്കിൽ ഡിപി ചാർജ് ഏർപ്പെടുത്തിയേക്കാം. ആ ദിവസം മുതൽ റെഗുലർ അക്കൌണ്ടിന് (ബി.എസ്.ഡി.എ അല്ലാത്ത) അപ്ലിക്കബ്ള് ആയ ചാർജായിരിക്കുമത്.

# സെക്യൂരിറ്റികളുടെ ഡീമെറ്റീരിയലൈസേഷൻ

## 1. എന്താണ് ഡീമെറ്റീരിയലൈസേഷൻ


ഡിപിയുടെ പക്കലുള്ള നിക്ഷേപകന്റെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആക്കി സെക്യൂരിറ്റികളുടെ ഫിസിക്കൽ സർട്ടിഫിക്കറ്റ് ഇലക്ട്രോണിക് രൂപത്തിലേക്ക് മാറ്റുന്നതിനാണ് ഡീമെറ്റിരിയലൈസേഷൻ എന്ന് പറയുന്നത്. ഹോൾഡിംഗിൽ മാത്രമേ ഇത് വ്യത്യാസം വരുത്തുന്നുള്ളൂ. ഉടമസ്ഥാവകാശത്തിൽ മാറ്റം വരുത്തുന്നില്ല.

2. എന്റെ സെക്യൂരിറ്റി സർട്ടിഫിക്കറ്റ് എങ്ങനെ ഡീമെറ്റീരിയലൈസ് ചെയ്യാൻ സാധിക്കും.

സർട്ടിഫിക്കറ്റ് ഡീമെറ്റീരിയലൈസ് ചെയ്യാൻ ഡീമാറ്റ് അക്കൌണ്ട് തുറക്കണം. ഡീമാറ്റ് അക്കൌണ്ട് തുറന്നാൽ നിശ്ചിത രൂപത്തിൽ ഡീമെറ്റീരിയലൈസ് റിക്വസ്റ്റ് ഫോറം പൂരിപ്പിക്കുകയും നിങ്ങളുടെ സെക്യൂരിറ്റി സർട്ടിഫിക്കറ്റിനൊപ്പം ഡിപിയുടെ പക്കൽ ഏൽപിക്കുകയും വേണം. ഇതുമായി ബന്ധപ്പെട്ട ഇഷ്യൂവർ കമ്പനിക്കോ അല്ലെങ്കിൽ

അതിന്റെ രജിസ്റ്റാർ ആന്റ് ട്രാൻസ്ഫർ ഏജന്റിന് അയച്ച് കൊടുക്കുന്നു. അവർ റിക്വസ്റ്റ് തീർച്ചപ്പെടുത്തിയ ശേഷം നിക്ഷേപകന്റെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ഇലക്ട്രോണിക് സെക്യൂരിറ്റീസ് ക്രെഡിറ്റ് ആവുന്നു. ഡീമെറ്റീരിയലൈസേഷന്റെ രീതി ഡയഗ്രാം നാലിൽ വിശദീകരിച്ചിരിക്കുന്നു.

ഡയഗ്രാം നാല്




ഡയഗ്രാം 4

### 3. ഏത് ഓഹരി സാക്ഷ്യപത്രവും ഡീമെറ്റീരിയലൈസ് ചെയ്യാൻ പറ്റുമോ

ഇല്ല. എല്ലാ ഓഹരി സാക്ഷ്യപത്രവും ഡീമെറ്റീരിയലൈസ് ചെയ്യാൻ പറ്റില്ല. അതിന് താഴെ പറയുന്ന നിബന്ധനകൾ ഒത്തു വരണം.

എ. നിങ്ങളുടെ ഓഹരി സാക്ഷ്യപത്രം ഇഷ്യൂ ചെയ്ത കന്പനിയിലേ അല്ലെങ്കിൽ അതിന്റെ ആർ.ടി.എ (RTA) യിലോ രിജിസ്റ്റർ ചെയ്തതാണെങ്കില് മാത്രമേ ഡീമെറ്റീരിയലൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ.

ബി. ഇഷ്യൂവർ കന്പനി എൻ.എസ്.ഡി.എലിൽ ചേർന്നിരിക്കുകയും പ്രസ്തുത ഷയറിന് ഐ.എസ്.ഐ.എൻ (ISIN) ഉണ്ടായിരിക്കുയും വേണം.

സി.ഷയറിന് ബാധ്യതയോ ചാർജോ ലീനോ ഉണ്ടാവാൻ പാടില്ല.

ലിസ്റ്റിലുള്ളതും ആക്ടീവുമായ ഒട്ടുമിക്ക കന്പനികളും എൻ.എസ്.ഡി.എലിൽ ചേർന്നവരായിരിക്കും. അതേപ്രകാരം അവരുടെ ഷയറുകളും മറ്റു തരത്തിലുള്ള സെക്യരിറ്റീസും ഡീമാറ്റിന് സൌകര്യമായിരിക്കുകയും ചെയ്യും. മറ്റ് പല കന്പനികളും എൻ.എസ്.ഡി.എലിൽ ചേരാനിരിക്കുകയാണ്. താങ്കളുടെ ഓഹരി ഡീമാറ്റിൽ ലഭ്യമാണോ അല്ലെ എന്നറിയാൻ താഴെ കാണുന്ന ലിങ്കിൽ നോക്കുക. https://nsdl.co.in/master_search.php.

4. ഡീമെറ്റീരിയലൈസ് ചെയ്യാനായി ഡിപിക്ക് സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുന്നതിന് മുന്പ് എന്തെല്ലാം മുൻകരുതലാണ് സ്വീകരിക്കേണ്ടത്.

താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

എ. താങ്കൾ സെക്യൂരിറ്റിയുടെ രജിസ്റ്റർ ചെയ്യപ്പട്ട ഉടമസ്ഥൻ തന്നെയാണെന്ന് സ്ഥിരീകരിക്കുക.

ബി. ഡീമാറ്റ് റികചസ്റ്റ് നടത്താൻ താൽപര്യപ്പെടുന്ന ഡീമാറ്റ് അക്കൌണ്ടിലെയും സെക്യൂരിറ്റിയിലെയും ഉടമസ്ഥാവകാശം തുല്യമാണെന്ന് ഉറപ്പ് വരുത്തുക.

(പാറ്റേൺ വ്യത്യസ്തമാണെങ്കിൽ ചോദ്യം നന്പർ 13 നോക്കുക.)

സി. എൻ.എസ്.ഡി.എലിൽ നിങ്ങൾ ഡീമെറ്റീരിയലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്ന സെക്യൂരിറ്റികൽ എൻ.എസ്.ഡി.എൽ ഡീമാറ്റിൽ ലഭ്യമാണെന്ന് ഉറപ്പ് വരുത്തുക.

ഡി. നിങ്ങളുടെ ഷയറുള്ള കന്പനിക്കുള്ള ആർ.ടി.എയുടെ സേവനം അവസാനിപ്പിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തുക. ഇത് താഴെ കാണുന്ന ലിങ്കിൽ പരിശോധിക്കാവുന്നതാണ്. https://nsdl.co.in/list-comp.php.

ഇ.മേലെ പറഞ്ഞതിന് പുറമെ, ഡീമെറ്റീരിയലൈസ് ചെയ്യാനുദ്ദേശിച്ച ഓഹരി സാക്ഷ്യപത്രത്തില് 'Surrendered for Dematerialisation' എന്ന് എഴുതിയിരിക്കണം. ഇതിന് ഉപയോഗിക്കേണ്ട റബ്ബർ സ്റ്റാന്പ് നിങ്ങളുടെ ഡിപി നൽകുന്നതാണ്.

മേലെ പറഞ്ഞ കാര്യം എഴുതിയെന്ന് ഉറപ്പാക്കിയതിന് ശേഷം തുടർ നടപടികൾക്കായി നിങ്ങളുടെ ഡി.ആർ.എഫ് (DRF) ഓഹരി സാക്ഷ്യപത്രത്തോടൊപ്പം ഡിപിക്ക് സമർപ്പിക്കേണ്ടതാണ്.

5. ഡീമെറ്റീരിയലൈസിന് എത്ര ദിവസമെടുക്കും.

സെബിയുടെ മാർഗരേഖ പ്രകാരം എഴ് ദിവസത്തിനുള്ളിൽ ഡിപി അപേക്ഷയിന്മേലുള്ള നടപടികൾ ആരംഭിച്ചിരിക്കണം. കൂടാതെ ഇഷ്യൂവർ കന്പനി/ആർ.ടി.എ 15[2] ദിവസം വരെ നടപടിക്രമങ്ങൾക്ക് എടുത്തേക്കാം. ഡിപിയിൽ നിന്ന് ഇഷ്യൂവർ കന്പനി/ആർ.ടി.എ എന്നിവക്ക് രേഖകൾ കൈമാറാനെടുക്കുന്ന ദിവസം പരിഗണിച്ച്, ഡീമെറ്റീരിയലൈസേഷൻ 30 ദിവസത്തിനുള്ളിൽ നടക്കുന്നതാണ്.

6. എന്റെ പേരിലുള്ള സെക്യൂരിറ്റിയും എന്റെയും എന്റെ ഭാര്യയുടെയും പേരിലുള്ള സെക്യൂരിറ്റിയും ഡീമെറ്റീരിയലൈസ് ചെയ്യാൻ ഒരു ഡീമാറ്റ് അക്കൌണ്ട് തുറക്കാൻ പറ്റുമോ

ഇല്ല. സെക്യൂരിറ്റികൾ ഫിസിക്കൽ രൂപത്തിൽ സൂക്ഷിക്കപ്പെടുന്ന അതേ ഉടമസ്ഥാവകാശ പാറ്റേണിൽ തന്നെ ഡീമാറ്റ് അക്കൌണ്ടും തുറക്കേണ്ടതാണ്. ഉദാഹരണത്തിന് ഒരു ഓഹരി സാക്ഷ്യപത്രം നിങ്ങളുടെ പേരിലും മറ്റൊന്ന്

[2] 2019 ജൂൺ 30 വരെ ആർ.ടി.എക്ക് നടപടി ക്രമങ്ങൾക്കായി 30 ദിവസം അനുവദിച്ചിരിക്കുന്നു.

നിങ്ങളുടെയും നിങ്ങളുടെ ഭാര്യയുടെയും പേരിലാണെങ്കിൽ നിങ്ങൾക്ക് രണ്ട് ഡീമാറ്റ് അക്കൌണ്ട് തുറക്കേണ്ടി വരും. (ഒന്ന് നിങ്ങളുടെ പേരിലും മറ്റൊന്ന് നിങ്ങളുടെയും ഭാര്യയുടെയും പേരിൽ ജോയിന്റ് അക്കൌണ്ട് ആയും.)

7. ഞാൻ വിൽക്കാൻ ഉദ്ദേശിക്കാത്ത സെക്യൂരിറ്റികളും ഡീമെറ്റീരിയലൈസ് ചെയ്യാൻ പറ്റുമോ

1996 ലെ ഡെപ്പോസിറ്ററി ആക്ട് നിക്ഷേപകർക്ക് ഫിസിക്കൽ രൂപത്തിലോ ഡീമാറ്റ് രൂപത്തലോ സെക്യൂരിറ്റീസ് കൈവശം വെക്കാനുള്ള അവസരം നൽകുന്നു. അതിനാൽ വിൽക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അത് ഡീമെറ്റീരിയലൈസ് ചെയ്യേണ്ടതില്ല. പക്ഷെ, ഡീമാറ്റ് രൂപത്തിൽ സെക്യൂരിറ്റീസ് കൈവശം വെക്കുന്നത് കൊണ്ട് നിരവധി ഉപകാരങ്ങളുണ്ട്. അത് കൊണ്ട് അത് അങ്ങേയറ്റം പ്രോൽസാഹിപ്പിക്കപ്പെടുന്നു. മാത്രവുമല്ല, ഫിസിക്കൽ രൂപത്തിൽ സൂക്ഷിച്ചാൽ ലിസ്റ്റഡ് കന്പനികളുടെയും അൺലിസ്റ്റഡ് പബ്ലിക്ക് ലിമിറ്റഡ് കന്പനികളുടെയും സെക്യൂരിറ്റികൾ ട്രാൻസ്ഫർ ചെയ്യുന്നതിന് ചില നിയന്ത്രണങ്ങൾ ഉണ്ട്. അല്ലെങ്കിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അതിനാൽ ഡീമെറ്റീരിയലൈസ് ചെയ്യുന്നതാണ് നല്ലത്.

**8. ലോക്ക് ഇൻ (lock-in) കീഴിലുള്ള ടാക്സ്-ഫ്രീ ബോണ്ടിലുള്ള നിക്ഷേപം ഡീമെറ്റീരിലയലൈസ് ചെയ്യാമോ**

അതെ. ലോക്ക് ഇന്നിലാണെങ്കിലും ടാക്സ് ഫ്രീ ബോണ്ട് ഡിമെറ്റീരിയലൈസ് ചെയ്യാൻ സാധിക്കും. ഷയറിന്റെ ഡീമാറ്റിന് സമാനമായിട്ടുള്ളതാണ് ഇതിന്റെയും നടപടി ക്രമങ്ങൾ. ബോണ്ട് സാക്ഷ്യപത്രത്തോടൊപ്പം കൃത്യമായി പൂരിപ്പിക്കുകയും ഒപ്പ് വെക്കുകയും ചെയ്ത ഡി.ആർ.എഫ് നിങ്ങളുടെ ഡിപിക്ക് നൽകേണ്ടതാണ്. നിങ്ങളുടെ ഡിപി അത് ഇതുമായി ബന്ധപ്പെട്ട ഇഷ്യൂവർക്കോ അല്ലെങ്കിൽ അതിന്റെ ആർ.ടി.എക്കോ കൺഫർമേഷന് ശേഷം അയക്കുന്നതാണ്. നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആകുന്നതുമാണ്.

**9. ഡീമാറ്റ് രൂപത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികൾ നേരിട്ട് വാങ്ങാൻ പറ്റുമോ**

അതെ. ബോണ്ട്, ട്രഷറി ബിൽ പോലോത്ത ഗവൺമെന്റ് സെക്യൂരിറ്റികളുടെ കന്പോളം റീട്ടെയ്ൽ നിക്ഷേപകർക്ക് എളുപ്പം ലഭ്യമാകാവുന്ന തരത്തിലാണ്. യഥാർത്തത്തിൽ റീട്ടെയ്ൽ നിക്ഷേപകർക്ക് റിസേർവ് ചെയ്യപ്പെട്ട പുതിയ ഇഷ്യൂകളുടെ ഒരു പോർഷൻ ആർ.ബി.ഐ സൂക്ഷിക്കുന്നു. ദ്വിതീയ കന്പോളത്തിൽ ഇഷ്യൂ ചെയ്യപ്പെട്ട സെക്യൂരിറ്റി വാങ്ങിയോ പുതിയ സെക്യൂരിറ്റികളുടെ ലേലത്തിൽ പങ്കെടുത്തോ G-Sec ൽ നിങ്ങൾക്കും ഇൻവെസ്റ്റ് ചെയ്യാവുന്നതാണ്.

രണ്ടാണെങ്കിലും ഉത്തരവാദിത്വപ്പെട്ട ബാങ്കിനെയോ പ്രൈമറി ഡീലറെയോ സ്റ്റോക്ക് ബ്രോക്കറേയോ നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് ഡീറ്റയ്ൽസുമായി (ഡിപി ഐഡിയും ക്ലയന്റ് ഐഡിയും) സമീപിക്കേണ്ടതാണ്.

10. ഡീമാറ്റ് രൂപത്തിലേക്ക് സോവറിൻ ഗോൾഡ് ബോണ്ട്സ് (SGB) എങ്ങനെയാണ് സബ്സ്ക്രൈബ് ചെയ്യുക.

ഗോൾഡ് ഫിസിക്കൽ രൂപത്തിൽ കൈവശം വെക്കുന്നതിന് പകരമായി എസ്.ജി.ബി കൂടുതൽ മെച്ചപ്പെട്ട ഓഫറുകൾ നൽകുന്നു. എസ്.ജി.ബി ഡീമാറ്റ് രൂപത്തിൽ സൂക്ഷിക്കുന്നത് കൂടുതൽ സൌകര്യമാണ്. സോവറിൻ ഗോൾഡ് ബോണ്ട് ഡീമാറ്റ് രൂപത്തിൽ വാങ്ങാനും സബ്സ്ക്രൈബ് ചെയ്യാനും വളരെ എളുപ്പമാണ്. സബ്സ്ക്രിപ്ഷൻ ഫോറത്തിൽ നിങ്ങളടെ ഡിപി ഐഡിയും ക്ലയന്റ് ഐഡിയും നൽകേണ്ട കാര്യമേയുള്ളൂ. ചില ബാങ്കുകൾ ഓൺലൈൻ അപേക്ഷ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. (ഓൺലൈൻ വഴി അപേക്ഷ നൽകുകയും പണമടക്കുകയും ചെയ്യുകയാണെങ്കിൽ നിലവിൽ ചില ഡിസ്കൌണ്ടും ഉണ്ട്.) ആർ.ബി.ഐ അലോട്ട് ചെയ്യുന്നതിനനുസരിച്ച് നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ആവശ്യപ്പെട്ട ബോണ്ടുകൾ ക്രെഡിറ്റ് ആവുന്നതാണ്.

11. എനിക്ക് പേപ്പർ രൂപത്തിൽ ഉള്ള സോവറിൻ ഗോൾഡ് ബോണ്ട് (ഹോൾഡിംഗ്

ഫോമിന്റെ സാക്ഷ്യപത്രം) ഡീമാറ്റ് രൂപത്തിലേക്ക് മാറ്റാൻ പറ്റുമോ

അതെ. നിങ്ങൾക്ക് അങ്ങനെ ചെയ്യാം. ഈ ആവശ്യാർത്ഥം നിങ്ങൾ എസ്.ജി.ബി വാങ്ങിയ ബാങ്കിനെയൊ ഏജന്റിനെയോ സമീപിക്കേണ്ടി വരും. അവർ നിങ്ങളെ എസ്.ജി.ബി ഡീമാറ്റ് അക്കൌണ്ടിലേക്ക് മാറ്റാൻ സഹായിക്കുന്നതാണ്.

12. എസ്.ജി.എൽ രൂപത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ ഞാൻ നടത്തിയ നിക്ഷേപം ഡീമാറ്റ് അക്കൌണ്ടിലേക്ക് മാറ്റാൻ പറ്റുമോ

അതെ. നിശ്ചിത രൂപത്തിലുള്ള ഫോം പൂരിപ്പിച്ച് ഒപ്പ് വെച്ച് നൽകേണ്ടതാണ്. (ഡീമെറ്റീരിയലൈസേഷൻ റികസ്റ്റ് ഫോം - ഗവൺമെന്റ് സെക്യൂരിറ്റീസ് എന്നാണ് അതിന്റെ പേര്) ഫോം ഓഫ് ട്രാൻസ്ഫറിന്റെ കൂടെയാണ് അത് നൽകേണ്ടത്. നിങ്ങളുടെ ഡിപി അത് എൻ.എസ്.ഡി.എലിന് കൈമാറുന്നതാണ്. അവർ നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആവാനാവശ്യമായതും ചെയ്യുന്നതാണ്.

13. ഒരേ പേരുകളുള്ള എന്നാൽ വ്യത്യസ്ത രീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഫിസിക്കൽ സർട്ടിഫിക്കറ്റ് ഉണ്ട്. ചില സർട്ടിഫിക്കറ്റിൽ ഞാൻ ആദ്യ ഹോൾഡറും എന്റെ ഭാര്യ രണ്ടാമത്തെ ഹോൾഡറുമാണ്. മറ്റു ചില സർട്ടിഫിക്കറ്റുകളിൽ നേരെ തിരിച്ചുമാണ്.

## ഡീമെറ്റീരിയലൈസ് ചെയ്യാൻ ഞാൻ രണ്ട് ഡീമാറ്റ് അക്കൌണ്ട് തുറക്കണോ

കന്പനിക്ക് രേഖാമൂലമുള്ള അപേക്ഷ നൽകിയാൽ ജോയിന്റ് ഹോൾഡേഴ്സിന് പേര് ക്രമം മാറ്റാവുന്നതാണ്. ഇത് ട്രാൻസ്ഫർ ആകുന്നതല്ല. ഹോൾഡേഴ്സിന്റെ പേര് ക്രമം മാറ്റുന്നതിന് ട്രാൻസ്പൊസിഷൻ എന്നാണ് പറയുക. ഒരു ഫോളിയോയിലെ മുഴുവൻ ഹോൾഡിംഗ്സും ട്രാൻസ്പൊസിഷൻനടത്തേണ്ടതാണ്. ഹോൾഡിംഗ്സിന്റെ ഒരു പാർട്ട് മാത്രം അപ്രകാരമാക്കാൻ പറ്റില്ല.

ജോയിന്റ് ഹോൾഡേഴ്സിന്റെ ഒരേ സെറ്റ് ഹോൾഡ് ചെയ്യുന്ന സെക്യൂരിറ്റികൾ വ്യത്യസ്ത ക്രമത്തിലുള്ള പേരുകളിലാണെങ്കിൽ അത്തരത്തിലുള്ള സെക്യൂരിറ്റികൾ ഡീമെറ്റീരിയലൈസ് ചെയ്യാൻ വിവിധ ഡീമാറ്റ് അക്കൌണ്ട് തുറക്കേണ്ടതില്ല. ട്രാൻസ്പൊസിഷൻ കം ഡീമാറ്റ് ഫെസിലിറ്റി ഉപയോഗിച്ച് വ്യത്യസ്ത പേരുകളിലുള്ള അത്തരത്തിലുള്ള സെക്യൂരിറ്റികൾ ഒരു ഡീമാറ്റ് അക്കൌണ്ടിലേക്ക് ഡീമെറ്റീരിയലൈസ് ചെയ്യാവുന്നതാണ്. ഇതിനായി, ഡീമെറ്റീരിയലൈസ് റികച്സ്റ്റ് ഫോറവും കൂടുതലായി ട്രാൻസ്പൊസിഷൻ കം ഡീമാറ്റ് എന്ന ഫോറവും നൽകേണ്ടതാണ്. ഇത് ഡയ്ഗ്രാം നന്പർ അഞ്ചിൽ വിശദമാക്കിയിട്ടുണ്ട്.

ട്രാൻസ്‌പൊസിഷന് കം ഡീമാറ്റ് ഫെസിലിറ്റി

| പേരു് നൽകുക → | ഷെയർ സർട്ടിഫിക്കറ്റ് | ഡിമാറ്റ് അക്കൗണ്ട് |
|---|---|---|
| രണ്ട് ഹോള്ഡേഴ്സ് | A and B<br>Or<br>B and A | A and B |
| മൂന്ന് ഹോള്ഡേഴ്സ് | A, B, C<br>Or A, C, B<br>Or B, A, C<br>Or B, C, A<br>Or C, A, B<br>Or C, B, A | A, B and C |

ഡയാഗ്രാം 5

# റീമെറ്റീരിയലൈസേഷൻ ഓഫ് സെക്യൂരിറ്റീസ്

1. എന്റെ ഇലക്ട്രോണിക് ഹോൾഡിംഗ് പേപ്പർ സർട്ടിഫിക്കറ്റിലേക്ക് തന്നെ മാറ്റാൻ പറ്റുമോ

അതെ. നിങ്ങൾക്ക് നിങ്ങലുടെ സെക്യൂരിറ്റികൾ ഫിസിക്കൽ രൂപത്തിലേക്ക് തന്നെ മാറ്റണമെന്നുണ്ടെങ്കിൽ നിങ്ങളുടെ ഡിപിയുടെ അടുത്ത് റീമെറ്റീരിയലൈസേഷൻ റികഥസ്റ്റ് ഫോറം പൂരിപ്പിച്ച് നൽകുക. ആവശ്യമായ പരിശോധന നടത്തിയ ശേഷം എൻ.എസ്.ഡി.എൽ മുഖേന ഇഷ്യൂവർ കന്പനിക്കോ ആർ.ടി.എക്കോ ഡിപി

അയച്ച് കൊടുക്കുന്നു. കമ്പനി അല്ലെങ്കിൽ ആർ.ടി.എ) അത് പ്രിന്റെടുത്ത് നിങ്ങൾക്ക് നേരിട്ട് അയക്കുന്നതാണ്. റികസ്റ്റ് കൊടുക്കുന്നതിന് മുന്പ് റീമെറ്റീരിയലൈസേഷൻ ചെയ്യുന്നതിനുള്ള ചാർജ് മനസ്സിലാക്കേണ്ടതാണ്.

## സെക്യൂരിറ്റികൾ ട്രാൻസ്ഫർ ചെയ്യുന്നതിനും കമ്പോള വ്യാപാരത്തിനുമുള്ള ഒത്തുതീർപ്പ്

### 1. ഡീമെറ്റീരിയലൈസ് ചെയ്ത സെക്യൂരിറ്റികൾ എങ്ങനെയാണ് വിൽപന നടത്തുക.

ഡീമെറ്റീരിയലൈസ് ചെയ്ത സെക്യൂരിറ്റികൾ വിൽക്കാനുള്ള നടപടി ക്രമങ്ങൾ വളരെ ലളിതമാണ്. അവ താഴെ പറയുന്നു.

എ).നിങ്ങളുടെ സ്റ്റോക്ക് ബ്രോക്കറിന് വിൽപനയുമായി ബന്ധപ്പെട്ട നിർദ്ദേശം നൽകണം.

ബി. വിൽക്കാനുള്ള നിങ്ങളുടെ കൽപന പൂർത്തിയായ ഉടനെ നിങ്ങളുടെ പെ ഇൻ (pay-in) ബാധ്യത പൂർത്തീകരിക്കാനായി വിറ്റ സെക്യൂരിറ്റികൾ നിങ്ങളുടെ സ്റ്റോക്ക് ബ്രോക്കറിന് നല്കണം. ഈയാവശ്യാർത്ഥം കൃത്യമായി പൂരിപ്പിച്ച ഒരു ഡെലിവറി ഇൻസട്രക്ഷൻ സ്ലിപ്പ് നിങ്ങളുടെ ഡിപി പറഞ്ഞ സമയത്തിനുള്ളിൽ അവർക്ക് നൽകണം.

സി.നിങ്ങളുടെ ഡിപിക്ക് നൽകുന്ന ഡെലിവറി ഇൻസട്രക്ഷൻ സ്ലിപ്പിൽ വിറ്റ സെക്യൂരിറ്റികൾ നിങ്ങളുടെ അക്കൌണ്ടിൽ നിന്ന് ഡെബിറ്റ് ആവാനും

ബ്രോക്കറുടെ ക്ലിയറിംഗ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാനുമുള്ള നിർദ്ദേശമുണ്ടാകണം. ഇതിന് പകരമായി, ഓൺലൈൻ വഴി നിർദ്ദേശങ്ങൾ നൽകാൻ എൻ.എസ്.ഡി.എൽ സ്പീഡ് ഇ സർവ്വീസ് ഉപയോഗിക്കാവുന്നതാണ്.

ഡി.നിങ്ങളുടെ ഡിപി നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കിയ ഉടനെ, നിങ്ങളടെ ബ്രോക്കർക്ക് ഓഹരി ലഭിക്കുന്നതും ക്ലിയറിംഗ് കോർപറേഷനിലേക്കുള്ള സെക്യൂരിറ്റികളുടെ പെ ഇൻ ഏർപ്പാടാക്കുന്നതുമാണ്.

ഇ.ക്ലിയറിംഗ് കോർപറേഷനിൽ നിന്ന് ഫണ്ട് സ്വീകരിക്കുന്ന മുറക്ക്, ബാക്കിയുള്ള വിൽപനയുടെ ക്രെഡിറ്റ് ലിങ്ക് ചെയ്യപ്പെട്ട നിങ്ങളുടെ ബാങ്ക് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാനുള്ള ഏർപ്പാട് നടത്തുന്നതാണ്.

## 2. ഡീമാറ്റ് ഫോമിൽ എനിക്ക് എങ്ങനെയാണ് സെക്യൂരിറ്റീസ് വാങ്ങാൻ സാധിക്കുക.

ഡീമാറ്റ് ഫോമിൽ സെക്യൂരിറ്റികൾ വാങ്ങാനുള്ള നടപടി ക്രമങ്ങൾ വളരെ ലളിതമാണ്. അവ താഴെ ചേർക്കുന്നു.

എ.നിങ്ങളുടെ സ്റ്റോക്ക് ബ്രോക്കറിന് വാങ്ങുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകണം.

ബി.വാങ്ങാനുള്ള നിങ്ങളുടെ കൽപന നടപ്പിലാക്കിയെന്ന് ഉറപ്പാക്കിയതിന് ശേഷം പെ ഇൻ

ബാധ്യത നിർവഹിക്കാനായി ആവശ്യമായ തുക നൽകാൻ ആവശ്യപ്പെട്ടേക്കാം.

സി.പേ ഔട്ട് (pay-out) ദിവസം നിങ്ങളുടെ ബ്രോക്കർ ക്ലിയറിംഗ് അക്കൌണ്ടിലേക്ക് സെക്യൂരിറ്റികൾ ക്രെഡിറ്റ് ആവുന്നതാണ്.

ഡി.നിങ്ങൾ വാങ്ങിയ സെക്യൂരിറ്റികൾ നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആക്കാനായി ഡിപിക്ക് സ്റ്റോക്ക് ബ്രോക്കർ തന്റെ ക്ലിയറിംഗ് അക്കൌണ്ട് ഡെബിറ്റ് ആക്കാനായി നിർദ്ദേശം നൽകുന്നതാണ്.

ഇ.ഡീമാറ്റ് അക്കൌണ്ടിനുള്ള സ്റ്റാന്റിംഗ് ഇന്സ്ട്രക്ഷൻ നൽകുന്നില്ലെങ്കിൽ ക്രെഡിറ്റ് സ്വീകരിക്കാനായി നിങ്ങളുടെ ഡിപിക്ക് റെസിപ്റ്റ് ഇൻസ്ട്രക്ഷൻ നൽകേണ്ടതാണ്.

എഫ്.ബുക്ക് ക്ലോഷർ ചെയ്യുന്നതിന് മുന്പായി ബ്രോക്കർ നിങ്ങളുടെ അക്കൌണ്ടിലേക്ക് സെക്യൂരിറ്റികൾ ട്രാൻസ്ഫർ ചെയ്തുവെന്ന് ഉറപ്പ് വരുത്തുക. സെക്യൂരിറ്റികൾ ബ്രോക്കറുടെ അക്കൌണ്ടിലാണ് ഉള്ളതെങ്കിൽ കന്പനി ലാഭം (ഡിവിഡന്റ്, ബോണസ് പോലോത്ത) അദ്ദേഹത്തിനാണ് നൽകുക. ആ സന്ദർഭത്തിൽ ബ്രോക്കറിൽ നിന്ന് അത് സ്വീകരിക്കേണ്ടതാണ്.

### 3. മാർക്കറ്റ് ട്രേഡ്സ്, ഓഫ് മാര്ക്കറ്റ് ട്രേഡ്സ് എന്നിവയെന്താണ്

ക്ലിയറിംഗ് കോർപറേഷൻ മുഖേന സെറ്റിൽ ചെയ്യപ്പെടുന്ന മുഴുവൻ മാർക്കറ്റിനും മാർക്കറ്റ് ട്രേഡ്സ് എന്നാണ് പറയുക. അംഗീകൃത സ്റ്റോക്ക് എക്സ്ചേന്ചിലെ സ്റ്റോക്ക് ബ്രോക്കർ മുഖേനയാണ് ഇത് നടത്തുക. രണ്ട് പാർട്ടികൾ ക്ലിയറിംഗ് കോർപറേഷന്റെ സഹായം കൂടാതെ നടത്തുന്നതിനാണ് ഓഫ് മാർക്കറ്റ് ട്രേഡ്സ് എന്ന് പറയുന്നത്.

4. എന്താണ് ഇന്റർ ഡെപോസിറ്ററി ട്രാൻസ്ഫർ. ഏത് ഐ.എസ്.ഐ.എനും മറ്റു ഡെപോസിറ്ററികളിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ പറ്റുമോ

ഒറു ഡെപോസിറ്ററിയുടെ പക്കലുള്ള ഡീമാറ്റ് അക്കൌണ്ടിൽ നിന്നും മറ്റൊരു ഡെപോസിറ്ററിയുടെ പക്കലുള്ള ഡീമാറ്റ് അക്കൌണ്ടിലേക്ക് സെക്യൂരിറ്റികൾ ട്രാൻസ്ഫർ ചെയ്യുന്നതിനാണ് ഇന്റർ ഡെപോസിറ്ററി ട്രാൻസ്ഫർ എന്ന് പറയുന്നത്. രണ്ട് ഡെപോസിറ്ററികളിലും ആക്ടീവ് ആയ ഐ.എസ്.ഐ.എന്നില് മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.

5. എന്താൻ പാർഷ്യൽ അക്കൌണ്ട് ട്രാൻസ്ഫർ

നിങ്ങുടെ ഡീമാറ്റ് അക്കൌണ്ടിലുള്ളതിനെക്കാൾ കൂടുതൽ അളവ് പെ ഇൻ നടത്താൻ നിങ്ങൾ നിർദ്ദേശം നൽകുകയാണെങ്കിൽ നിലവിലെ ബാലൻസ് എക്സ്റ്റന്റ് ചെയ്യാൻ നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിൽ നിന്നും ഡെബിറ്റ് ആക്കുന്നതാണ്.

ഓഫ് മാർക്കറ്റ് സന്ദർഭത്തിൽ ആവശ്യമായി ബാലൻസ് ഇല്ലെങ്കിൽ മുഴുവൻ നിർദ്ദേശങ്ങളും പരാജയപ്പെടുന്നതാണ്. അഥവാ ഡെബിറ്റ് ആവില്ലെന്നർത്ഥം.

6. മാർക്കറ്റ് ടൈപ്പ്, സെറ്റിൽമെന്റ് നന്പർ എന്നിവ എന്താണ്.

വ്യത്യസ്ത ട്രേഡ് വിൻഡോസിലൂടെ നിരവധി ട്രാൻസാക്ഷനുകൾ ഓരോ സ്റ്റോക്ക് എക്സേഞ്ചിലും നടക്കാറുണ്ട്. വേവ്വേറെ മാർക്കറ്റ് ടൈപ്പിന്റെയും സെറ്റിൽമെന്റ് നന്പറിന്റെയും അടിസ്ഥാനത്തിലാണ് അത് മനസ്സിലാകുന്നത്. പേ ഇൻ ബാധ്യതകൾ കൃത്യമായി സെറ്റ്ൽ ആവാൻ വേണ്ടി ഇൻസ്ട്രക്ഷൻ ഡെലിവറി സ്ലിപ്പിൽ കൃത്യമായ സെറ്റൽമെന്റ് നന്പറും ട്രേഡ് ടൈപ്പും നൽകൽ അത്യാവശ്യമാണ്. (ഡെപ്പോസിറ്ററി സിസ്റ്റത്തിലെ സെറ്റിൽമെന്റ് ഡീറ്റെയ്ൽസിൽ ഒന്നിച്ച് പറയേണ്ടതാണ്.) ബ്രോക്കർ ഇഷ്യൂ ചെയ്ത കോൺട്രാക്റ്റ് നോട്ടിൽ ഇത് കാണുന്നതാണ്.

7. ടി പ്ലസ് ടു റോളിംഗ് സെറ്റൽമെന്റ് സൈക്കിള് (T+2 rolling settlement cycle) എന്നാൽ എന്ത്?

ടി പ്ലസ് ടു റോളിംഗ് സെറ്റൽമെന്റ് സിസ്റ്റപ്രകാരം സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഒന്നാമത്തെ ദിവസം നടക്കുന്ന ട്രേഡ് (വാങ്ങലും വിൽക്കലും) അതു ക്ലിയറിംഗ് കോർപറേഷൻ സെറ്റ്ൽ ചെയ്യുന്നത് രണ്ട് ദിവസം കഴിഞ്ഞിട്ടാണ്. അഥവാ മൂന്നാമത്തെ ദിവസം. ഉദാഹരണത്തിന് തിങ്കളാഴ്ച നടന്ന ട്രേഡ്

സെറ്റ്ൽ ചെയ്യപ്പെടുന്ന ബുധനാഴ്ചയാണ്. (എല്ലാ ദിവസവും പ്രവർത്തി ദിവസം ആണ് എന്ന് പരികൽപനയിൽ). ചൊവ്വാഴ്ച നടന്നത് സെറ്റ്ൽ ചെയ്യപ്പെടുന്നത് വ്യാഴായ്ചയാണ്. അതേ പോലെ ഓരോന്നും. ഇത്തരത്തിലുള്ള സെറ്റിൽമെന്റ് സിസ്റ്റത്തിനാണ് ടി പ്ലസ് ടു റോളിംഗ് സെറ്റൽമെന്റ് എന്ന് പറയുന്നത്.

ഓരോ സെറ്റ്ല്മെന്റിന്റെയും ഫണ്ടും പേ ഇന്നിൻറെയും പേ ഔട്ടിന്റെയും ടൈം ലൈനും ക്ലിയറിംഗ് കോർപറേഷൻ വ്യക്തമാക്കന്നു. സ്റ്റോക്ക് ബ്രോക്കറുകൾ അത് പാലിക്കാൻ ബാധ്യസ്ഥരാണ്. അത് പ്രാവർത്തികമാക്കാൻ ഡിപികൾ ക്ലയന്റിനും ടൈം ലൈൻ നൽകുന്നു. (ഫണ്ട് സെറ്റിൽമെന്റ് നടക്കുന്നത് ബാങ്ക് മുഖേനയാണ്. അതിനാൽ അത് ഡെപോസിറ്ററി സിസ്റ്റത്തിന് പുറത്താണ്.)

8. ടി പ്ലസ് ടു റോളിംഗ് സെറ്റൽമെന്റ് പ്രകാരമാണെങ്കിൽ എന്റെ ഓഹരി ബ്രോക്കർ മുഖേനയോ അംഗീകൃത വ്യക്തി മുഖേനയോ തിങ്കളാഴ്ച വിറ്റാൽ, എന്നാണ് ഞാൻ എന്റെ ഡിപിക്ക് ഡെലിവറി ഇൻസ്ട്രക്ഷൻ നൽകേണ്ടത്.

തിങ്കളാഴ്ചയാണ് ട്രേഡ് നടന്നതെങ്കിൽ സെക്യൂരിറ്റികളുടെ പെ ഇൻ നടക്കുക ബുധനാഴ്ചയാണ്. അതിനർത്ഥം നിങ്ങളുടെ ബ്രോക്കർക്ക് ബുധനാഴ്ചത്തെ ക്ലിയറിംഗ് കോർപറേഷന്റെ സയത്തിന് മുന്പ് സെക്യൂരിറ്റികൾ ലഭിച്ചിരിക്കണം. നിങ്ങൾ നൽകിയ ഡെലിവറി

ഇൻസ്ട്രക്ഷൻ സ്ലിപ്പിന്റെ നടപടി ക്രമങ്ങൾക്ക് കുറച്ച് ദിവസം ഡിപിക്ക് ആവശ്യമായതിനാൽ പെ ഇന്നുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകാൻ ചില ടൈം ലൈൻ നിർദ്ദേശിക്കപ്പെട്ടേക്കാം. (സാധാരണ പെ ഇൻ ദിവസത്തിന്റെ തൊട്ടുമുന്നത്തെ ദിവസമായിരിക്കും). തന്ന സയത്തിനും ദിവസത്തിനുമുള്ളിൽ നിങ്ങളുടെ ഡിപിക്ക് ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം. അതിനാൽ ബ്രോക്കറിൽ നിന്ന് വിൽക്കാനുള്ള കൽപന കിട്ടിയ ഉടനെ ഡിപിക്ക് ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് കൈമാറുന്നതാണ് നല്ലത്.

9. പെ ഇന്നിന് ഡെലിവറി ഇൻസട്രക്ഷൻ സ്ലിപ്പ് നൽകേണ്ട സമയപരിധി എങ്ങനെ എനിക്ക് അറിയാൻ സാധിക്കും.

നിങ്ങളുടെ ഡിപി ഡെലിവറി സ്ലിപ്പ് നൽകേണ്ട ദിവസം അറിയിക്കുകയും നിങ്ങളുമായി ബന്ധപ്പെടുകയും ചെയ്തേക്കാം. ഇത് ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് ബുക്ക് ലെറ്റിൽ പ്രിന്റ് ചെയ്ത് ഡിപി നിങ്ങളുടെ കൺഫർമേഷന് വേണ്ടി സാധാരണ നൽകുന്നതാണ്.

10. ഞാൻ എപ്പോഴാണ് ഓഹരി വാങ്ങേണ്ടത്. ഏത് സയമത്താണ് ഞാൻ എന്റെ ബ്രോക്കറിൽ നിന്ന് സെക്യൂരിറ്റീസ് വാങ്ങേണ്ടത്.

ആവശ്യമായ പണം നിങ്ങൾ നൽകിയതിന് ശേഷവും ക്ലിയറിംഗ് മെന്പറിൽ നിന്ന് സെക്യൂരിറ്റീസ്

സ്വീകരിച്ച ശേഷവും ബ്രോക്കർ ഒരു പ്രവർത്തി ദിവസത്തിനുള്ളിൽ സെക്യൂരിറ്റീസ് നിങ്ങളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

11. ഡിപി അറ്റ് ക്ലയൻ്റ് റിസ്ക് (At client's risk) അടിസ്ഥാനത്തിൽ ഇൻസ്ട്രക്ഷൻ സ്ലിപ്പിന് അംഗീകാരം നൽകുമെന്ന് പറയുന്നതിൻ്റെ അർത്ഥവും അതിൻ്റെ പ്രാധാന്യവും എന്താണ്.

ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് സമർപ്പിക്കേണ്ട ഒരു ദിവസം എല്ലാ ഡിപികളും നിശ്ചയിക്കും. ഡിപിക്ക് ഇൻസ്ട്രക്ഷൻ സ്ലിപ്പ് ലഭിക്കുന്നത് സമയ പരിധിക്ക് ശേഷമാണെങ്കിൽ ഡെപോസിറ്ററിയിൽ അത് നടപ്പിലാക്കാൻ പരിമിത ബാധ്യതയോട് കൂടി അത് സ്വീകരിക്കാവുന്നതാണ്. 'Received late, Subject to best efforts' അല്ലെങ്കിൽ 'Late, received at Client's risk' തുടങ്ങി രീതിയിൽ മാർക്ക് ചെയ്ത സ്റ്റാമ്പ് ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പിൽ മാർക്ക് ചെയ്യുന്നതാണ്. ഡിപിക്ക് വൈകി ലഭിച്ച ഇൻസ്ട്രക്ഷൻ സ്ലിപ്പിൻമേൽ ആവശ്യമായ നടപടി ക്രമങ്ങൾ നടത്താൻ സാധിച്ചില്ലെങ്കിൽ, അതിനെ തുടർന്ന് ക്ലയൻ്റ് പെ ഇൻ ബാധ്യത മീറ്റ് ചെയ്യാൻ സാധിക്കാതെ സാമ്പത്തിക നഷ്ടം (ലേലം ചാർജ് പോലോത്ത) വരികയാണെങ്കിൽ ഡിപി അതിന് ഉത്തരവാദിയായിരിക്കുന്നതല്ല.

12. ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പുമായി ബന്ധപ്പെട്ട് എന്ത് മുൻകരുതലാണ് ഞാൻ സ്വീകരിക്കേണ്ടത്.

ബാങ്ക് അക്കൌണ്ടിലെ ചെക്ക് ബുക്കിന് സമാനമാണ് ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പും. താഴെ പറയുന്ന കാര്യങ്ങൾ മുൻകരുതലായി സ്വീകരിക്കേണ്ടതാണ്.

എ.നിങ്ങളടെ ഡിപിയിൽ നിന്ന് ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് ബുക്ക് സ്വകരിച്ചുവെന്ന് ഉറപ്പ് വരുത്തുക. ലൂസ് ആയിട്ടുള്ള സ്ലിപ്പ് സ്വീകരിക്കരുത്. (അത്യാവശ്യ സന്ദർഭത്തിൽ ആവശ്യമായാലല്ലാതെ)

ബി. ഓരോ ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് പ്രീ പ്രിന്റ് ചെയ്യപ്പെട്ടതാണെന്നും സീരിയൽ നമ്പർ ഉള്ളതാണെന്നും ഉറപ്പ് വരുത്തുക.

സി.ഓരോ ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പിലും നിങ്ങളുടെ ക്ലയന്റ് ഐഡി പ്രീ സ്റ്റാമ്പ് ചെയ്യുകയോ പ്രീ പിന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

ഡി. ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് മറ്റാർക്കും നൽകരുത്. അത് പരിച്ച് ഡിപിക്ക് ആവശ്യ സന്ദർഭത്തിൽ മാത്രം നൽകുക.

ഇ. ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് സുരക്ഷിതമായി സൂക്ഷിക്കുക. ഏതെങ്കിലും സ്ലിപ്പോ ബുക്കോ നഷ്ടപ്പെടാനോ മാറ്റി വെക്കാനോ ഇടവരുകയാണെങ്കിൽ വേഗത്തിൽ ഡിപിയെ അറിയിക്കേണ്ടതാണ്.

എഫ്. ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പിൽ കൂടതുൽ ഇൻസ്ട്രക്ഷൻ സ്ഥലമുണ്ടെങ്കിൽ നിങ്ങളത് ഉപയോഗിക്കുന്നുമില്ലെങ്കിൽ ആരെങ്കിലും അത്

ദുരുപയോഗം ചെയ്യാതിരിക്കാൻ രേഖപ്പെടുത്താത്ത വരികൾ വരഞ്ഞിടേണ്ടതാണ്.

ജി. ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് കൃത്യമായി പൂരിപ്പിച്ചിട്ടുണ്ടെന്നും എല്ലാ ജോയിന്റ് അക്കൌണ്ട് ഹോൾഡറും ഒപ്പ് വെച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തുക.

## 13. ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പിൽ നൽകിയ എക്സിക്യൂഷൻ തിയ്യതി (execution date) എന്താണ്

നിങ്ങളടെ അക്കൌണ്ടിൽ നിന്ന് സെക്യൂരിറ്റികൽ ഡെബിറ്റാകുന്ന തിയ്യതിക്കാണ് എക്സിക്യൂഷൻ തിയ്യതി എന്ന് പറയുന്നത്. ഡെലിവറി ഇൻസ്ട്രക്ഷൻസ് സ്ലിപ്പിൽ രേഖപ്പെടുത്തപ്പെട്ട തിയ്യതിയിൽ തന്നെ ഇൻസ്ട്രക്ഷൻസ് നടപ്പിലാക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ ഡിപി ഡോപോസിറ്ററി സിസ്റ്റത്തിൽ നിർബന്ധമായും അത് ചേർത്തിരിക്കേണ്ടതാണ്. നിങ്ങളുടെ അക്കൌണ്ടിൽ നിന്ന് സെക്യൂരിറ്റീസ് ഡെബിറ്റ് ആകേണ്ടതിന്റെ മുന്നെ തന്നെ ഇൻസ്ട്രക്ഷൻ പുറപ്പെടുവിക്കേണ്ടതാണ്. (ഡെലിവറി ഇൻസ്ട്രക്ഷനിൽ രേഖപ്പെടുത്തപ്പെട്ട തിയ്യതിയിൽ മാത്രമേ അക്കൌണ്ടിൽ നിന്ന് ഡെബിറ്റ് ആവുകയുള്ളൂ.)

## 14. ഭാവിയിലെ എക്സിക്യൂഷൻ തിയ്യതിയിൽ ഡെലിവറി ഇൻസ്ട്രക്ഷൻ നൽകുന്നത് കൊണ്ട് എന്ത് പ്രയോജനമാണുള്ളത്.

ഭാവിയിലെ എക്സിക്യൂഷൻ തിയ്യതിയിൽ ഡെലിവറി ഇൻസ്ട്രക്ഷൻ നൽകുന്നത് കൊണ്ട് സമയം ഇല്ലാത്തത് കൊണ്ടോ അവസാന സയത്ത് തിരക്ക് മൂലമോ എക്സിക്യൂഷൻ നടക്കാതിരിക്കുന്നത് ഒഴിവാക്കാം. ഓഹരി പോലോത്തവ നിങ്ങളുദ്ദേശിക്കുന്നവരുടെ അക്കൌണ്ടിലേക്ക് നിങ്ങളുടെ താൽപര്യത്തിനൊത്ത ദിവസം തന്നെ ട്രാൻസ്ഫർ ചെയ്തുവെന്ന് ഉറപ്പിക്കാനും ഇത് ഉപയോഗിക്കാം.

## 15. മാർക്കറ്റ് ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് Reason / Purpose എന്നിവയുടെയും കൺസിഡറേഷന്റെയും അർത്ഥം എന്താണ്.

സെബിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഓഫ് ട്രാൻസ്ഫർ നടക്കാനുള്ള കാരണവും ഉദ്ദേശവും വ്യക്തമാക്കുകയും അത്തരം ട്രാൻസ്ഫറിനുള്ള കൺസിഡറേഷനും അതിനായി നൽകപ്പെടുന്ന ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പിൽ രേഖപ്പെടത്തേണ്ടതാണ്. റീസൺ അല്ലെങ്കിൽ പർപസിന് നിരവധി ഒപ്ഷൻസ് നൽകിയിട്ടുണ്ട്. ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പിൽ രേഖപ്പെടുത്താൻ അനുയോജ്യമായ ഒന്ന് തെരഞ്ഞെടുക്കുക. റീസൺ അല്ലെങ്കിൽ പർപസ് ഓഫ് മാർക്കറ്റ് സെയ്ൽ എന്നാണെങ്കിൽ കൺസിഡറേഷന് തുകക്ക് പുറമെ താഴെ പറയുന്ന കാര്യങ്ങളും കൂടി രേഖപ്പെടുത്തേണ്ടതാണ്.

എ. പെയ്മെന്റ് തിയ്യതി

ബി. പെയ്മെന്റ് നടത്തുന്ന രീതി (കാഷ്, ചെക്ക്, ഇലക്ട്രോണിക് പെയ്മെന്റ്)

സി. പെയ്മെന്റ് ചെക്കായിട്ടോ ഇലക്ട്രോണിക് പെയ്മെന്റ് ആയിട്ടോ ആണെങ്കിൽ ട്രാൻസ്ഫറിയുടെ പേര്, ബാങ്ക് അക്കൌണ്ട് നമ്പർ, ബാങ്കിന്റെ പേര്, ഇലക്ട്രോണിക് പേയ്മെന്റിന്റെ ട്രാൻസാക്ഷൻ റഫറൻസ് നമ്പർ അല്ലെങ്കിൽ ചെക്ക് വഴിയാണെങ്കിൽ ചെക്ക് നമ്പർ എന്നിവ ആവശ്യമാണ്.

## സെക്യൂരിറ്റികലുടെ ട്രാൻസ്മിഷൻ

### 1. ഡീമാറ്റ് അക്കൌണ്ടുമായി ബന്ധപ്പെട്ട് ട്രാൻസ്മിഷൻ എന്താണ്.

മരണപ്പെട്ട ഒരാളുടെ അക്കൌണ്ടിലെ സെക്യൂരിറ്റീസ് ജിവിക്കുന്ന ജോയിന്റ് അക്കൌണ്ടിലെ മറ്റ് അംഗങ്ങളിലേക്കോ നിയമാനുസൃത അവകാശികളിലേക്കോ നോമിനിയിലേക്കോ നീങ്ങുന്ന നിയമത്തിന്റെ നടപടി ക്രമങ്ങളാണ് ട്രാൻസ്മിഷൻ. ഡീമെറ്റീരിയലൈസ്ഡ് ചെയ്ത ഹോൾഡിംഗ്സിന്റെ ട്രാൻസ്മിഷൻ താരതമ്യേന സൌകര്യപ്രദമാണ്. ഡിപിക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ ഡീമാറ്റ് അക്കൌണ്ടിലെ ഹോൾഡിംഗ്സ് ട്രാൻസ്മിഷൻ ചെയ്യാം. ഫിസിക്കൽ രൂപത്തിൽ സൂക്ഷിച്ചാലുണ്ടാകുന്ന പോലെ ഓരോ

കമ്പനികളെയും ഈ ആവശ്യാർത്ഥം സമീപിക്കേണ്ടതില്ല.

ഡയഗ്രാം ആറിൽ മരണപ്പെട്ടാൽ എപ്രകാരമാണ് ട്രാൻസ്മിഷൻ നടക്കുന്നത് (ജോയിന്റ് ഹോൾഡറാവട്ടെ ഏക ഹോൾഡറാവട്ടെ) വിശദീകരിക്കുന്നു.

## ട്രാന്സ്മിഷന്

| സന്ദർഭത്തിൽ | അനുകൂലമായി ട്രാൻസ്മിഷൻ ↓ | |
|---|---|---|
| | നോമിനേഷൻ നൽകി | നോമിനേഷൻ നൽകിയിട്ടില്ല |
| സിംഗിൾ ഹോൾഡറുടെ മരണം ↓ | നോമിനീ | നിയമാനുസൃത പിൻഗാമി.(വംശാവലി സാക്ഷ്യപത്ര പ്രകാരം,പ്രൊബേറ്റ്, അഡ്മിനിസ്ട്രേഷന്റെ കത്ത്) |
| ഒരു ജോയിന്റ് ഹോൾഡറുടെ മരണം | ജോയിന്റ് ഹോൾഡർ (കൾ) | ജോയിന്റ് ഹോൾഡർ (കൾ) |
| എല്ലാ ജോയിന്റ് ഹോൾഡേഴ്സി ന്റെയും മരണം | നോമിനീ | നിയമാനുസൃത പിൻഗാമി.(വംശാവലി സാക്ഷ്യപത്ര പ്രകാരം,പ്രൊബേറ്റ്, അഡ്മിനിസ്ട്രേഷന്റെ കത്ത്) |

ഡയഗ്രാം 6

## 2. ഏക അക്കൌണ്ട് ഹോൾഡർ മരണപ്പെട്ടാൽ നോമിനിയിലേക്ക് സെക്യൂരിറ്റീസ് ട്രാൻസ്മിഷൻ ചെയ്യുന്നതിന്റെ നടപടി ക്രമങ്ങൾ എന്ത്

മരണത്തിന് ശേഷം സെക്യൂരിറ്റികൾ നോമിനിയിലേക്ക് നീക്കുന്നതിനായി കൃത്യമായി പൂരിപ്പിച്ച ട്രാൻസ്മിഷൻ ഫോറം പബ്ലിക്ക് നോട്ടറിയോ ഗസറ്റഡ് ഓഫീസറോ അറ്റസ്റ്റ് ചെയ്ത മരണ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കണം. അവകാശപ്പെടുന്ന വ്യക്തിയുടെ അക്കൌണ്ട് അതേ ഡിപിയുടെ അടുത്ത് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ക്ലയന്റ് മാസ്റ്റർ റിപ്പോർട്ട് (ഇതുമായി ബന്ധപ്പെട്ട ഡിപി സാക്ഷ്യപ്പെടുത്തിയ) ആവശ്യമാണ്. ഇത് പരിശോധിച്ച ശേഷം ഡിപി സെക്യൂരിറ്റീസ് നോമിനിയുടെ അക്കൌണ്ടിലേക്ക് മാറ്റുന്നതാണ്.

3. ഏക ഹോൾഡർ നോമിനിയെ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ എന്താണ് സംഭവിക്കുക.

അത്തരം സന്ദർഭത്തിൽ നയമാനുസൃത അവകാശിയിലേക്ക് നീങ്ങും. കോടതി നിശ്ചയിക്കുന്ന ക്രമപ്രകാരമായിരിക്കും അത് നടപ്പിലാവുക. ഇതിനായി താഴെ പറയുന്ന രേഖകൾ ആവശ്യമാണ്.

എ.കൃത്യമായി പൂരിപ്പിച്ച ട്രാൻസ്മിഷൻ ഫോറം.

ബി.പബ്ലിക്ക് നോട്ടറിയോ ഗസറ്റഡ് ഓഫീസറോ അറ്റസ്റ്റ് ചെയ്ത മരണ സാക്ഷ്യപത്രത്തിന്റെ കോപ്പി

സി.പബ്ലിക്ക് നോട്ടറിയോ ഗസറ്റഡ് ഓഫീസറോ സാക്ഷ്യപ്പെടുത്തി വംശപരന്പരാ സാക്ഷ്യപത്രത്തിന്റെ കോപ്പി.

ഡി.മരണപ്പെട്ട വ്യക്തി വിൽപത്രം എഴുതിയിട്ടില്ലെങ്കിൽ കോംപീറ്റന്റ് ജൂറിസ്ഡിക്ഷൻ കോർട്ടിന്റെ ഓർഡർ അല്ലെങ്കിൽ

ഇ.വിൽപത്രത്തിന്റെ തെളിവിന്റെ ഒരു കോപ്പി, അല്ലെങ്കിൽ

എഫ്.പബ്ലിക്ക് നോട്ടറിയോ ഗസറ്റഡ് ഓഫീസറോ കൃത്യമായി പൂരിപ്പിച്ച അഡ്മിനിസ്ട്രേറ്ററുടെ കത്ത്.

ജി. അവകാശപ്പെടുന്ന വ്യക്തിയുടെ അക്കൌണ്ട് അതേ ഡിപിയുടെ അടുത്ത് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ക്ലയന്റ് മാസ്റ്റർ റിപ്പോർട്ട് (ഇതുമായി ബന്ധപ്പെട്ട ഡിപി സാക്ഷ്യപ്പെടുത്തിയ) ആവശ്യമാണ്.

ട്രാൻസ്മിഷൻ ചെയ്യേണ്ട സെക്യൂരിറ്റികളുടെ മൂല്യം 500000 നെക്കാൾ കുറവാണെങ്കിൽ (ട്രാൻസ്മിഷൻ ചെയ്യാൻ അപേക്ഷ നൽകിയ ദിവസം) താഴെ പറയുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ഡിപിക്ക് തന്നെ നടപടി സ്വീകരിക്കാവുന്നതാണ്.

എ.കൃത്യമായി പൂരിപ്പിച്ച ട്രാൻസ്മിഷൻ ഫോറം.

ബി.പബ്ലിക്ക് നോട്ടറിയോ ഗസറ്റഡ് ഓഫീസറോ അറ്റസ്റ്റ് ചെയ്ത മരണ സാക്ഷ്യപത്രത്തിന്റെ കോപ്പി

സി.ജാമ്യത്തിന്റെ കത്ത് (നിശ്ചിത ഫോർമാറ്റിൽ)

ഡി.അഫിഡവിറ്റ് (നിശ്ചിത ഫോർമാറ്റിൽ)

ഇ.നിശ്ചിത ഫോർമാറ്റിലുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഫാമിലി സെറ്റിൽമെന്റ് ഡീഡ്.

എഫ്. അവകാശപ്പെടുന്ന വ്യക്തിയുടെ അക്കൌണ്ട് അതേ ഡിപിയുടെ അടുത്ത് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ക്ലയന്റ് മാസ്റ്റർ റിപ്പോർട്ട് (ഇതുമായി ബന്ധപ്പെട്ട ഡിപി സാക്ഷ്യപ്പെടുത്തിയ) ആവശ്യമാണ്.

4. ജോയിന്റ് ഹോൾഡറിലെ ഏതെങ്കിലും ഒരു വ്യക്തിയോ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ വ്യക്തികളോ മരണപ്പെട്ടാൽ ടാൻസ്മിഷന്റെ നടപടിക്രമങ്ങളെന്ത്

അത്തരം സന്ദർഭത്തിൽ നോമിനേഷനെ പരിഗണിക്കാതെ സെക്യൂരിറ്റികൾ ജീവിച്ചിരിക്കുന്ന ഹോൾഡറിലേക്ക് നീങ്ങുന്നതാണ്. ഉദാഹരണത്തിന് ജോയിന്റ് അക്കൌണ്ട് ഉള്ളവർ യഥാക്രമം എ. ബി. സി എന്നിവരാണെന്നിരിക്കട്ടെ. ഇവരില് ബി മരിച്ചാൽ ബാക്കി വരുന്ന എ, സി എന്നിവരിലേക്ക് സെക്യൂരിറ്റികൾ നീങ്ങുന്നതാണ്. അതിനായി താഴെ പറയുന്ന രേഖകൾ ഹാജറാക്കേണ്ടതാണ്.

എ.കൃത്യമായി പൂരിപ്പിച്ച ട്രാൻസ്മിഷൻ ഫോറം.

ബി.പബ്ലിക്ക് നോട്ടറിയോ ഗസറ്റഡ് ഓഫീസറോ അറ്റസ്റ്റ് ചെയ്ത മരണ സാക്ഷ്യപത്രത്തിന്റെ കോപ്പി

ആവശ്യമായ പരിശോധന നടത്തി ഡിപിക്ക് ബോധ്യപ്പെടുന്ന പക്ഷം ബാക്കിയുള്ള

ഹോൾഡറിലേക്ക് അദ്ദേഹം സെക്യൂരിറ്റി ട്രാൻസ്ഫർ ചെയ്യുന്നതാണ്.

5. ട്രാൻസ്മിഷൻ കം ഡീമാറ്റ് എന്ന് പറഞ്ഞാൽ എന്താണ്.

ജോയിന്റ് ഹോൾഡറിലുള്ള ഒരാൾ സെക്യൂരിറ്റി ഫിസിക്കൽ രൂപത്തിൽ സൂക്ഷിക്കാനും മറ്റുള്ളവർ അവരുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ട്രാൻസ്മിഷൻ ചെയ്യാനും ഉദ്ദേശിക്കുന്ന സന്ദർഭത്തിൽ വളരെ ഉപകാര പ്രദമായ സൌകര്യമാണ് ഇത്. ഇതിലൂടെ മരിച്ച വ്യക്തിയുടെ പേര് ഒഴിവാക്കലും സെക്യൂരിറ്റികളുടെ ഡീമെറ്റീരിയലൈസേഷനും ഒന്നിച്ച് നടക്കുന്നതാണ്. ഇത് ഡയഗ്രാം ഏഴിൽ വിശദീകരിച്ചരിക്കുന്നു.

**ട്രാൻസ്മിഷൻ കം ഡീമാറ്റ് ഫെസിലിറ്റി**

| ഓഹരി സാക്ഷ്യ പത്രം | സന്ദർഭത്തിൽ | ഡിമാറ്റ് അക്കൗണ്ട് |
|---|---|---|
| A and B<br>Or<br>B and A | ഒരു ഉടമസ്ഥന്റെ മരണം- A | B |
| A, B and C (ഏതെങ്കിലും ക്രമത്തൽ) | രണ്ടു ഹോൾഡർമാരുടെ മരണം - A ഒപ്പം B | C |

ഡയഗ്രാം 7

# നോമിനേഷൻ

## 1. നോമിനേഷൻ എന്നാൽ എന്ത്

സെക്യൂരിറ്റി ഉള്ള ഒരാൾ മരിച്ചാൽ ആരാണ് പിന്നീട് അദ്ദേഹത്തിന്റെ സെക്യൂരിറ്റി വാങ്ങേണ്ടതെന്ന് വ്യക്തമാക്കുന്നതാണ് നോമിനേഷൻ. ഡീമാറ്റ് അക്കൌണ്ട് തുറക്കുന്ന സന്ദർഭത്തിലോ അതിന് ശേഷമോ നോമിനിയെ തീരുമാനിക്കാവുന്നതാണ്.

## 2. ആർക്കൊക്കെ നോമിനിയെ നിശ്ചയിക്കാൻ സാധിക്കും

ഒന്നച്ചോ ജോയിന്റ് ആയോ ഡീമാറ്റ് അക്കൌണ്ട് ഉള്ളവർക്കേ മാത്രമേ നോമിനിയെ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. സമൂഹം, ട്രസ്റ്റ്, കോർപറേറ്റ് ബോഡി, പാർട്ണർഷപ്പ് ഫേം, അവിഭജിത ഹിന്ദു കുടുംബത്തിലെ കാർത്ത, അറ്റോർണി പവർ ഹോൾഡർ എന്നിവർക്കൊന്നും നോമിനിയെ നിശ്ചയിക്കാൻ പറ്റില്ല.

## 3. ജോയിന്റ് ഹോൾഡേഴ്സിന് നോമിനിയെ നിശ്ചയിക്കാൻ പറ്റുമോ

അതെ. ജോയിന്റ് അക്കൌണ്ടുള്ളവർക്കും നോമിനിയെ നിശ്ചയിക്കാവുന്നതാണ്. പക്ഷെ, ഏതെങ്കിലും ഒരാൾ മരിച്ചാൽ ജീവിക്കുന്ന മറ്റ് ഹോൾഡേഴ്സിലേക്കാണ് സെക്യൂരിറ്റി നീങ്ങുക. എല്ലാവരും മരിച്ചാൽ മാത്രമേ നോമിനിയിലേക്ക്

നീങ്ങുകയുള്ളൂ. (നോമിനേഷൻ നൽകിയിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ നിയമാനുസൃത അനന്തരാവകാശിക്കാണ് നീങ്ങുക)

## 4. ഒാരു എൻ.ആർ.ഐക്ക് നോമിനിയാവാൻ പറ്റുമോ

അതെ. എൻ.ആർഐക്കും നേരിട്ട് നോമിനിയാവാൻ സാധിക്കുന്നതാണ്. പക്ഷെ, എൻ.ആർ.ഐയുടെ പേരിൽ അറ്റോർണി ഹോൾഡറുടെ പവറ് നോമിനേറ്റ് ചെയ്യാവുന്നതല്ല.

## 5. ഒരു മൈനർക്ക് നോമിനിയെ നിശ്ചയിക്കാമോ

ഇല്ല. ഒരു മൈനർക്ക് നേരിട്ടോ അല്ലെങ്കിൽ രക്ഷിതാവ് മുഖേനയോ നോമിനിയെ നിശ്ചയിക്കാനാവില്ല.

## 6. ആർക്കെക്കെ നോമിനി ആവാം

ഒരു വ്യക്തിക്ക് മാത്രമേ നോമിനി ആവാൻ സാധിക്കുകയുള്ളൂ. സമൂഹം, ട്രസ്റ്റ്, കോർപറേറ്റ് ബോഡി, പാർട്ണർഷപ്പ് ഫേം, അവിഭജിത ഹിന്ദു കുടുംബത്തിലെ കാർത്ത, അറ്റോർണി പവർ ഹോൾഡർ എന്നിവർക്കൊന്നും നോമിനിയാവാൻ പറ്റില്ല.

## 7. ഒന്നിൽ കൂടുതൽ നോമിനി ഉണ്ടാവാൻ പറ്റുമോ

അതെ. ഒരു ഡീമാറ്റ് അക്കൌണ്ടിന് മൂന്ന് നോമിനികൾ വരെ ഉണ്ടാകാവുന്നതാണ്. ഒന്നിൽ കൂടുതൽ നോമിനികൾ ഉണ്ടെങ്കിൽ വ്യത്യസ്ത

സെക്യൂരിറ്റികൾ ഓരോരുത്തരിലേക്കും ട്രാൻസ്മിറ്റ് ചെയ്യേണ്ട അനുപാതം കൂടി വ്യക്തമാക്കണം.

## 8. ഒരു മൈനർക്ക് നോമിനി ആവാമോ

അതെ. ഒരു മൈനർക്ക് നോമിനി ആകാവുന്നതാണ്. പക്ഷെ ഒരു മൈനറിനെ ഡീമാറ്റ് അക്കൌണ്ടിൽ പരാമർശിക്കുന്പോഴെല്ലാം അദ്ദേഹത്തിന്റെ രക്ഷിതാവിന്റെ വിവരങ്ങളും നൽകേണ്ടതാണ്.

## 9. ഡീമാറ്റ് അക്കൌണ്ടിലെ ഓരോ സെക്യൂരിറ്റിക്കും വ്യത്യസ്ത നോമിനികളെ നിശ്ചയിക്കാൻ പറ്റുമോ

ഇല്ല. അക്കൌണ്ട് അടിസ്ഥാനത്തിലാണ് നോമിനേഷൻ നിശ്ചയിക്കുന്ന്ത്. സെക്യൂരിറ്റി അടിസ്ഥാനത്തിലല്ല. അതിനർത്ഥം ഒരാൾ മരിച്ചാൽ ഡീമാറ്റ് അക്കൌണ്ടിലെ മുഴുവൻ സെക്യൂരിറ്റികളും നോമിനികൾക്ക് മുന്പ് രേഖപ്പെടുത്തപ്പെട്ട അനുപാതത്തിൽ നൽകപ്പെടുന്നതാണ്. വ്യത്യസ്ത സെക്യൂരിറ്റികൾ വ്യത്യസ്ത നോമിനികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ വ്യത്യസ്ത അക്കൌണ്ടിൽ സൂക്ഷിച്ച് ഇഷ്ടപ്രകാരം നോമിനികളെ നിശ്ചയിക്കാവുന്നതാണ്.

## 10. ഒരു എൻ.ആർ.ഐക്ക് നോമിനിയാവാൻ പറ്റുമോ.

അതെ. നിലവിലെ വിദേശ വിനിമയ വ്യവസ്ഥക്കനുസരിച്ച് ഡീമാറ്റ് അക്കൌണ്ടിലെ നോമിനി എൻ.ആർ.ഐക്ക് ആകാവുന്നതാണ്.

## 11. ഒരു നോമിനിയെ നിശ്ചയിക്കാനുള്ള നടപടിക്രമങ്ങളെന്ത്

അക്കൌണ്ട് തുറക്കുന്ന സമയത്ത് തന്നെ നോമിനിയെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും നൽകുക. ഒരു ഡീമാറ്റ് അക്കൌണ്ടിൽ മൂന്ന് വ്യക്തികളെ വരെ നോമിനായി നിശ്ചയിക്കാവുന്നതാണ്.

അക്കൌണ്ട് തുറക്കുന്ന സമയത്ത് നോമിനിയെ നിശ്ചയിച്ചിട്ടില്ലങ്കിലോ അല്ലെങ്കിൽ നിശ്ചയിച്ച നോമിനിയെ മാറ്റണമെങ്കിലോ നോമിനേഷൻ ഫോറം പുരിപ്പിച്ച് ഡിപിക്ക് നൽകേണ്ടതാണ്.

## 12. നോമിനിയെ മാറ്റാൻ പറ്റുമോ

അതെ. നോമിനേഷൻ ഫോറം പൂരിപ്പിച്ച് ഡിപിക്ക് നൽകി ഏത് സമയത്തും നോമിനിയെ മാറ്റാവുന്നതാണ്.

## 13. ഡീമാറ്റ് അക്കൌണ്ടിൽ നോമിനി ഉണ്ടാവേണ്ടത് നിർബന്ധമാണോ

ഡീമാറ്റ് അക്കൌണ്ടിൽ നോമിനി ഉണ്ടാവേണ്ടത് നിർബന്ധമല്ല. പക്ഷെ, അത് നോമിനി ഉണ്ടാവുന്നത് അങ്ങേയറ്റം റെക്കമെന്റ് ചെയ്യപ്പെടുന്നു. കാരണം ഏക അക്കൌണ്ട് ഹോൾഡർ മരിച്ചാൽ സെക്യൂരിറ്റികൾ ട്രാൻസ്ഫർ ചെയ്യുന്നത് നിഷ്പ്രയാസം സാധിക്കും. അക്കൌണ്ട് തുറക്കുന്ന സമയത്ത് ഒരു നോമിനിയെയും നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഞാൻ/ഞങ്ങൾ നോമിനിയെ നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് വ്യക്തമാക്കണം.

# സെക്യൂരിറ്റികളുടെ പ്ലഡ്ജിംഗും ഹൈപോത്തെക്കേഷനും

## 1. ഓഹരികളുടെ പ്ലഡ്ജിംഗ് എന്നാൽ എന്ത്

അടിസ്ഥാന പരമായി ഒരു വ്യക്തിയുടെ (പ്ലഡ്ജർ) ഓഹരി മറ്റൊരു വ്യക്തിക്ക് (പ്ലഡ്ജീ) അദ്ദേഹം നൽകിയ എന്തെങ്കിലും സാധനത്തിന് ഈടായി നൽകുന്നതിനായി പ്ലെഡ്ജിംഗ് എന്ന് പറയുന്നത്. പൊതുവിൽ ഓഹരി ഉടമ ലോൺ എടുക്കാനായി ഓഹരി ഈട് നൽകാറുണ്ട്.

## 2. എന്റെ ബാങ്ക് ഓഫർ ചെയ്ത ലോൺ ലഭിക്കാനായി എന്റെ ഡീമാറ്റ് അക്കൌണ്ടിലെ ഓഹരി ഈട് നൽകാൻ എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത്.

താഴെ പറയുന്നതാണ് നടപടി ക്രമങ്ങൾ:

എ. ലോൺ തുക, കാലാവധി, പലിശ നിരക്ക്, ഈടായി നൽകേണ്ടത് തുടങ്ങിയ കാര്യങ്ങളൊക്കെ ആദ്യം ബങ്കുമായി സംസാരിച്ച് യോജിപ്പിലെത്തണം. വാണിജ്യപരമായ അത്തരം കാര്യങ്ങളൊക്കെ പരസ്പര ധാരണയുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കപ്പെടുന്നത്. അതിനാൽ തന്നെ അത് ഡെപോസിറ്ററിയുടെ അധികാര പരിധിക്ക് പുറത്താണ്.

ബി. നിങ്ങൾക്ക് രണ്ട് പേർക്കും അഥവാ ബാങ്കിനും ലോൺ ആവശ്യപ്പെടുന്നവർക്കും ഒരേ

ഡെപോസിറ്ററിയിൽ ഡീമാറ്റ് അക്കൌണ്ട് ഉണ്ടാവേണ്ടതാണ്. (ഒരു ഡിപിയുടെ അടുത്തോ വ്യത്യസ്ത ഡിപിയുടെ അടുത്തോ)

സി. നിങ്ങൾ പണയം വെക്കുന്നവൻ എന്ന നിലയിൽ 'Pledge Initiation Instruction Slip' പൂരിപ്പിച്ച് ഡിപിക്ക് നൽകി പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി.നിങ്ങളുടെ ഡിപി ഇൻസ്ട്രക്ഷന് മേലുള്ള നടപടികൾ സ്വീകരിക്കുന്നതിനനുസരിച്ച് അതിന്റെ വിശദാംശങ്ങൾ ബാങ്കിന്റെയോ/പണയം സ്വീകരിക്കന്നവന്റേയോ ഡിപിക്ക് കാണാൻ സാധിക്കുന്നതാണ്. തുടർന്ന് പണയം നൽകുന്നവർ 'Pledge Confirmation Instruction Slip' കൃത്യമായി പൂരിപ്പിച്ച് നൽകണം. (പകരമായി, ഡീമാറ്റ് അക്കൌണ്ടിൽ ഓട്ടോമെറ്റിക് പ്ലെഡ്ജ് കൺഫർമേഷൻ തെരഞ്ഞെടുക്കാവുന്നതാണ്) അത്തരം നടപടി ക്രമങ്ങൾ കഴിഞ്ഞാൽ പണയം ഡെപോസിറ്ററി സിസ്റ്റത്തിൽ രേഖപ്പെടുത്തപ്പെടുന്നതാണ്.

## 3. പണയം രേഖപ്പെടുത്തപ്പെട്ടാൽ എന്താണ് സംഭവിക്കുക.

പണയം ആക്ടീവ് ആകുന്ന നിമിഷം മുതൽ പണയം വെക്കപ്പെട്ട സെക്യൂരിറ്റി പണയം വെച്ച വ്യക്തിയുടെ ഡീമാറ്റ് അക്കൌണ്ടിൽ ബ്ലോക്ക് ആവുന്നതാണ്. ബ്ലോക്ക് നിലനിൽക്കുന്നിടത്തോളം കാലം അദ്ദേഹത്തിന് അത് ഒന്നും ചെയ്യാൻ പറ്റില്ല.

### 4. ലോൺ തിരിച്ചടച്ചതിന് ശേഷം, എനിക്ക് എങ്ങനെ വീണ്ടും ഫ്രീ ബാലൻസായി ഉപയോഗിക്കാൻ പറ്റും.

ലോൺ തിരിച്ചടിച്ചതിന് ശേഷം ഡിപിക്ക് 'Pledge Closure Initiation Slip' എന്ന ഫോറം കൃത്യമായി പൂരിപ്പിച്ച് നൽകണം. അത് നടപ്പിലായ ശേഷം പണയം സ്വീകരിച്ച ആളുടെ ഡിപിക്ക് വിവിരം കൈമാറും. തുടർന്ന് പണയം സ്വീകരിച്ച ആൾ 'Pledge Closure Confirmation Instruction' കൃത്യമായി പൂരിപ്പിച്ച് നൽകണം. (പകരമായി, പണയം സ്വീകരിച്ച വ്യക്തിക്ക് പണയം നൽകിയ വ്യക്തിയുടെ കൺഫർമേഷൻ കാത്തിരിക്കാതെ പണയം ക്ലോസ് ചെയ്യാൻ നിർദ്ദേശം നൽകാവുന്നതാണ്.)

പണയം നിർത്തലാക്കിയ ഉടനെ പണയം വെച്ച വ്യക്തിക്ക് സെക്യൂരിറ്റി ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

### 5. പണയം വെക്കാൻ സമ്മതിച്ച സെക്യൂരിറ്റി മാറ്റാൻ പറ്റുമോ

അതെ. പണയം സ്വീകരിക്കുന്ന ആൾ സമ്മതിക്കുന്ന പക്ഷം സെക്യൂരിറ്റീസ് മാറ്റാവുന്നതാണ്. ഈയാവശ്യാർത്ഥം പുതിയ റിക്വസ്റ്റ് നൽകുകയും നിലവിലുള്ളത് ക്ലോസ് ചെയ്യാൻ ആവശ്യപ്പെടുകയും വേണം.

## 6. പണയം വെക്കപ്പെട്ട സെക്യൂരിറ്റിയുടെ ഡിവിഡന്റ് ആരാണ് സ്വീകരിക്കുക

പണയ സന്ദർഭത്തിലും സെക്യൂരിറ്റിയുടെ ഉടമക്ക് തന്നെയാണ് ഡിവഡന്റ് ലഭിക്കുക. അതിനാൽ കോർപറേറ്റ് ഓഫർ ചെയ്യുന്ന മുഴുവൻ ആനുകൂല്യങ്ങളും അദ്ദേഹത്തിനാണ് ലഭിക്കുക. പണയ വസ്തു പണയം സ്വീകരിച്ച വ്യക്തിക്ക് റെക്കോർഡ് ഡേറ്റിൽ സ്വന്തമായാൽ പണയം സ്വീകരിച്ച വ്യക്തിക്ക് അതിന്റെ ആനുകൂല്യം ലഭിക്കുന്നതും മുഴുവൻ ഷയറും അദ്ദേഹത്തിന്റെ അക്കൌണ്ടിൽ നിലനിൽക്കുന്നതുമാണ്.

## 7. പണയം വെക്കപ്പെട്ട ഓഹരിയുടെ ബോണസ് ഓഹരികൾ എങ്ങനെയാണ് വിതരണം ചെയ്യപ്പെടുന്നത്.

റെക്കോർഡ് ഡെറ്റിൽ ഓഹരികൾ പണയം വെക്കപ്പെട്ട സ്ഥിതിയിലാണെങ്കിൽ പണയം സ്വീകരിച്ച വ്യക്തിക്ക് അനുകൂലമായി പണയം രേഖപ്പെടുത്തപ്പെടുന്നതിനോടൊപ്പം തന്നെ ബോണസ് ഓഹരികൾ പണയം വെച്ച വ്യക്തിക്ക് ലഭിക്കുന്നതാണ്. പണയം ക്ലോസ് ചെയ്യുന്ന ദിവസം മുഴുവൻ ഓഹരികളും (ബോണസ് ഉൾപ്പെടെ) പണയം വെച്ച ആളുടെ അക്കൌണ്ടിലേക്ക് ഫ്രീ ബാലൻസ് ആയി ക്രെഡിറ്റ് ആകുന്നതാണ്. പണയം ഇൻവോകേഷൻ ആകുന്ന പക്ഷം എല്ലാ ഷയറുകളും (ബോണസ് ഉൾപ്പെടെ) പണയം സ്വീകരിച്ച ആളുടെ അക്കൌണ്ടിലേക്ക് നീങ്ങുന്നതാണ്.

8. ഡിജിറ്റൽ എൽ.എ.എസ് ഫെസിലിറ്റി (Digital LAS facility) എന്നാൽ എന്ത്

ഡിജിറ്റൽ എൽ.എ.സി (Loan Against Shares) ഫെസിലിറ്റി ഓൺലൈൻ വഴി ഓഹരിക്ക് പകരം ലോൺ സ്വീകരിക്കാനായി എൻ.എസ്.ഡി.എൽ ഏർപ്പെടുത്തിയ സംവിധാനമാണ്. ഇത് വഴി ഡീമാറ്റ് അക്കൌണ്ട് ഉള്ള ഒരു വ്യക്തിക്ക് തന്റെ പക്കലുള്ള ഓഹരി ബാങ്കിന് പണയം നൽകി ലോൺ സ്വീകരിക്കാൻ സാധിക്കും. പാർട്സിപെറ്റിംഗ് ബാങ്ക് ചെക്ക് ചെയ്ത് നിങ്ങൾക്ക് കൂടുതൽ വിവരം ശേഖരിക്കാവുന്നതാണ്.

9. പണയവും ഹൈപോത്തെക്കേഷനും (ചൂണ്ടിപ്പണയം) തമ്മിലുള്ള വ്യത്യാസം എന്ത്

ഡെപോസിറ്ററി സിസ്റ്റത്തിൽ അവ രണ്ടും ഒരു വ്യത്യാസം മാത്രമേയുള്ളൂ. പണയമാണെങ്കിൽ (Pledge) പണയം സ്വീകരിച്ച വ്യക്തിക്ക് പണയ വസ്തു ഇൻവോക്ക് ചെയ്യാം. എന്നാൽ ചൂണ്ടിപ്പണയമാകുന്പോൾ (hypothecation) പണയ വസ്തു ഇൻവോക്ക് ചെയ്യണമെങ്കിൽ കടം വാങ്ങിയ വ്യക്തിയുടെ സമ്മതം ആവശ്യമാണ്.

# സെക്യൂരിറ്റീസ് കടം കൊടുക്കലും വാങ്ങലും

1. സെക്യൂരിറ്റീസ് കടം വാങ്ങുകയും കടം കൊടുക്കുകയും ചെയ്യുകയെന്നാൽ എന്താണ്. അത് എങ്ങനെയാണ് പ്രവർത്തിക്കുന്നത്.

സെക്യൂരിറ്റീസ് ലെന്റിംഗ് ആന്റ് ബോറോവിംഗ് സ്കീം (Securities Lending and Borrowing Scheme - SLBS) പ്രകാരം ഷോർട്ട് സെല്ലേഴ്സിന് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഡെലിവറി ഒബ്ലിഗേഷൻസ് പൂർത്തിയാക്കാനോ കോളാടെറലായോ (collaterals) ആവശ്യമായ സെക്യൂരിറ്റികൾ കടം വാങ്ങാൻ സാധിക്കുന്ന മെക്കാനിസമാണിത്. അപ്രൂവ്ഡ് ഇന്റർമീഡിയറീസ് ആയി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ക്ലിയറിംഗ് കോർപറേഷൻസ് ആണ് ഈ സ്കീം നടപ്പിലാക്കുന്നത്.

അപ്രൂവ്ഡ് ഇന്റർമീഡിയറിയുടെ പക്കൽ പാർടിസിപന്റ് ആയി രജിസ്റ്റർ ചെയ്ത സ്റ്റോക്ക്ബ്രോക്കറുകൾക്ക് എസ്.എൽ.ബി.എസിൽ അവരുടെ അക്കൌണ്ടിന് വേണ്ടിയോ അവരുടെ ക്ലയന്റിന്റെ അക്കൌണ്ടിന് വേണ്ടിയോ പങ്കെടുക്കാവുന്നതാണ്. റീട്ടെയ്ൽ നിക്ഷേപകർക്കും തങ്ങളുടെ സ്റ്റോക്ക് ബ്രോക്കർ മുഖേന കടം കൊടുക്കുന്നവനായോ വീട്ടുന്നവനായോ പങ്കെടുക്കാവുന്നതാണ്. ടി പ്ലസ് വൺ സെറ്റ്ൽമെന്റ് (T+ 1 settlement) അടിസ്ഥാനത്തിൽ ഡെപോസിറ്ററി സിസ്റ്റം മുഖാന്തിരമാണ് കടം കൊടുക്കലും വാങ്ങലും നടക്കുന്നത്. എസ്.എൽ.ബി.എസ് ഡീമെറ്റീരിയലൈസ്ഡ് രൂപത്തിൽ മാത്രമേ നടക്കുകയുള്ളൂ.

2. സെക്യൂരിറ്റീസ് കടം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം.

സെക്യൂരിറ്റികളുടെ താൽകാലിക ആവശ്യം നിറവേറ്റാൻ സഹായിക്കുന്ന മാർക്കറ്റ് അടിസ്ഥാനപ്പെടുത്തിയുള്ള സംവിധാനാമാണ് എസ്.എൽ.ബി.എസ്. ഷോർട്ട് സെല്ലേഴ്സ് അവരുടെ ഡെലിവറി ഒബ്ലിഗേഷൻസ് അല്ലെങ്കിൽ കൊലാറ്ററൽ റികായർമെന്റ്സ് (delivery obligation or collateral requirement) നിറവേറ്റുന്നത് കടം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത് മൂലമാണ്. കടം കൊടുക്കുന്നവർക്ക് അവരുടെ പോർട്ട്ഫോളിയോയിൽ വെറുതെ കിടക്കുന്ന സെക്യൂരിറ്റികൾ കടം കൊടുത്ത് ലെന്റിംഗ് ഫീ സന്പാദിക്കാൻ സാധിക്കുന്നതാണ്.

3. എന്റെ അക്കൌണ്ടിലെ സെക്യൂരിറ്റീസ് കടം കൊടുക്കാൻ സാധിക്കുമോ

അപ്രൂവ്ഡ് ഇന്റർമീഡിയറിയുടെ (ക്ലിയറിംഗ് കോർപറേഷൻ) പക്കൽ പാർട്സിപൻസ് ആയി രജിസ്ററർ ചെയ്ത സ്റ്റോക്ക്ബ്രോക്കർ മുഖേന നിങ്ങളുടെ സെക്യൂരിറ്റികൾ കടം കൊടുക്കാവുന്നതാണ്. നിങ്ങളുടെ സ്റ്റോക്ക്ബ്രോക്കറുമായി സ്റ്റാൻഡേർഡ് അഗ്രീമെന്റ് നടത്തേണ്ടതാണ്.

4. സെക്യൂരിറ്റികൾ കടം വാങ്ങുകയും വിൽക്കുകയും ചെയ്യാവുന്ന കാലാവധിയെത്ര.

ഒരു മാസം മുതൽ പന്ത്രണ്ട് മാസം വരെ സെക്യൂരിറ്റികൾ വാങ്ങുകയും വിൽക്കുകയും ചെയ്യാം. പക്ഷെ, കടം കൊടുക്കുന്നവനും വിൽക്കുന്നവനും യഥാക്രമം സമയത്തിന് മുന്പേ

റദ്ദാക്കുകയും നേരത്തെ പിൻവലിക്കുകയും ചെയ്യാൻ അവസരം ഉണ്ട്.

5. ഏത് സെക്യൂരിറ്റിയും കടം വാങ്ങുകയും കൊടുക്കുകയും ചെയ്യാൻ സാധിക്കുമോ

ഇല്ല. ഭാവിൽ ട്രേഡിംഗിനായി ലഭ്യമായതും ഒപ്ഷൻ സെഗ് മെന്റ് ഫോർ സ്റ്റോക്ക് എക്സ്ചേഞ്ചുമാണ് സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിലവിൽ കടം കൊടുക്കാനും വാങ്ങാനും ലഭ്യമായത്. അപ്രൂവ്ഡ് ഇന്റർമീഡിയറീസ് എസ്.എൽ.ബി.എസിന് സൌകര്യപ്രദായ സെക്യൂരിറ്റികൾ യാഥാക്രമം പരസ്യമാക്കാറുണ്ട്.

6. എന്റെ ഡീമാറ്റ് അക്കൌണ്ടിലെ സെക്യൂരിറ്റികൾ എങ്ങനെയാണ് ഞാൻ കടം കൊടുക്കുക.

ആദ്യമായി സ്റ്റോക്ക്ബ്രോക്കറിന് സെക്യൂരിറ്റി കടം കൊടുക്കാനുള്ള കൽപന പുറപ്പെടുവിക്കണം. സ്റ്റോക്ക് എക്സ്ചോഞ്ചിൽ നിങ്ങളുടെ ബ്രോക്കർ ഓർഡർ എന്റർ ചെയ്യും. കൽപന വിജയകരമായി നടപ്പിലായ ശേഷം, നിങ്ങൾ ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് നിങ്ങളുടെ ബ്രോക്കറിന് പേ ഇന്നിനായി നൽകേണ്ടതാണ്.

7. ഞാൻ കടം കൊടുത്ത സെക്യൂരിറ്റികൾ എങ്ങനെ തിരിച്ച് ലഭിക്കും.

പരസ്പരം അംഗീകരിച്ച ദിവസമോ അതിന് മുനപോ കടം വാങ്ങിയ വ്യക്തി തിരിച്ച് തരുന്നതാണ്. (സെക്യൂരിറ്റി കാരണത്താൽ

അപ്രൂവ്ഡ് ഇന്റർമീഡിയറീസ് ട്രാൻസാക്ഷന്റെ ഫോർക്ലോഷർ അനുവദിച്ചാൽ). സെക്യൂരിറ്റി തിരിച്ച് നൽകുന്ന പക്ഷം നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് നിങ്ങളുടെ ബ്രോക്കർ മുഖേനയോ ക്ലിയറിംഗ് കോർപറേഷൻ നേരിട്ടോ അയക്കുന്നതാണ്.

## 8. കടം കൊടുത്ത സമയത്ത് ഉണ്ടാകുന്ന ലാഭം എങ്ങനെയാണ് എനിക്ക് ലഭിക്കുക.

കോർപറേറ്റ് ആക്ഷൻ സംഭവിച്ച സെക്യൂരിറ്റികൾ അതിന്റെ ഇനത്തെ ആശ്രയിച്ച് അഡ്ജസ്റ്റ്മെന്റിനോ അല്ലെങ്കിൽ ട്രാൻസാക്ഷന്റെ ഫോർക്ലോഷറിനോ വിധേയമായിട്ടുള്ളതാണ്. കോർപറേറ്റ് ആക്ഷൻ സമയത്ത് ഡിവിഡന്റ്, സ്റ്റോക്ക്-സ്പ്ലിറ്റ് അല്ലാത്ത മുഴുവനും എക്സ്-ഡേറ്റിൽ ഫോർക്ലോസ് ചെയ്യപ്പെടുന്നു. ഡിവിഡന്റ് ആണെങ്കിൽ കടം വാങ്ങിയ ആളില് നിന്ന് ക്ലിയറിംഗ് കോർപറേഷൻ വാങ്ങി കടം നൽകിയവന് ലഭ്യമാക്കുന്നു. സ്റ്റോക്ക്സ്പ്ലിറ്റ് ആണെങ്കിൽ കടം വാങ്ങിയവന്റെ പൊസിഷൻ ആനുപാതികമായി അഡ്ജസ്റ്റ് ചെയ്യപ്പെടുകയും റിവേഴ്സ്ഡ് ലെഗ് സെറ്റിൽമെന്റ് ഡേറ്റിന് പുതുക്കിയ അളവ് കടം വാങ്ങിയ വ്യക്തി സ്വീകരിക്കുകയും ചെയ്യുന്നു.

## 9. സെക്യരിറ്റി മുഖേനയുള്ള താൽകാലിക ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് എനിക്ക് എങ്ങനെയാണ് കടം വാങ്ങാൻ സാധിക്കുക.

വാങ്ങാനുദ്ദേശിക്കുന്ന സെക്യൂരിറ്റിയുടെ അളവ്, പേര്, കാലാവധി തുടങ്ങിയ ഡീറ്റെയ്ല്സ് ബ്രോക്കറിന് നൽകി ഓർഡർ ചെയ്യുക. അവരത് എക്സ്ചേഞ്ചിൽ രേഖപ്പെടുത്തും. പേ ഔട്ട് സ്വീകരിച്ചാൽ നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആവാനുള്ള നടപടി സ്വീകരിക്കും. കാലാവധി തീരുന്ന സമയത്ത് കടം വാങ്ങിയത് തിരിച്ച് നൽകേണ്ടതാണ്. (അല്ലെങ്കില് കാലാവധി തീരുന്നതിന് മുന്പ്. അങ്ങനെ ആഗ്രഹിക്കുകയും അപ്രൂവ്ഡ് ഇന്റർമീഡിയേറ്ററി അനുവദിക്കുകയും ചെയ്തെങ്കൽ)

## ഡീമാറ്റ് അക്കൌണ്ടിന് വേണ്ടിയുള്ള പവർ ഓഫ് അറ്റോർണിയുടെ ഉപയോഗം

1. എന്റെ പേരിൽ മറ്റാർക്കെങ്കിലും എന്റെ ഡീമാറ്റ് അക്കൌണ്ട് ഉപയോഗിക്കാൻ സാധിക്കുമോ

അതെ. ഡിപിക്ക് രേഖമൂലം അപേക്ഷ സമർപ്പിച്ച് പവർ ഓഫ് അറ്റോർണി (POA) സംവിധാനം ഉപയോഗിച്ച് മറ്റാരെയെങ്കിലും ഡീമാറ്റ് അക്കൌണ്ട് ഉപയോഗിക്കാൻ അധികാരപ്പെടുത്താവുന്നതാണ്. അദ്ദേഹത്തിന് നിങ്ങളുടെ പേരിൽ അക്കൌണ്ട് ഉപയോഗിക്കാവുന്നതാണ്. അക്കൌണ്ട് ഹോൾഡർക്കും പി.ഒ.എ ഹോൾഡർക്കും ഡീമാറ്റ് അക്കൌണ്ട് ഉപയോഗിക്കാവുന്നതാണ്.

2. ബ്രോക്കറിന്/ഡിപിക്ക് പി.ഒ.എ നൽകൽ അനിവാര്യമാണോ

ഇല്ല. പി.ഒ.എ നൽകേണ്ടതില്ല. അവർക്ക് പി.ഒ.എ നൽകാനായി നിർബന്ധിപ്പിക്കാനും പറ്റില്ല. പക്ഷെ, ബ്രോക്കർ ഓഫർ ചെയ്യുന്ന ഓൺലൈൻ ഫെസിലിറ്റി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചാൽ അദ്ദേഹത്തിന് സെബിയുടെ മാർഗനിർദ്ദേശ പ്രകാരം അത് ആവശ്യപ്പെടാവുന്നതാണ്.

3. ആർക്കെങ്കിലും പി.ഒ.എ നൽകുകയാണെങ്കിൽ എന്ത് മുൻകരുതലാണ് ഞാൻ സ്വീകരിക്കേണ്ടത്.

ആദ്യമായി, മറ്റുള്ളവർക്ക് പി.ഒ.എ നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടണം. നിങ്ങളുടെ ഡിപിക്ക് ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് നൽകാൻ പ്രയാസമാണെങ്കിൽ നിങ്ങൾക്ക് സ്പീഡ് - ഇ (SPEED-e) ഫെസിലിറ്റി ഉപയോഗപ്പെടുത്താവുന്നതാണ്.

ആർക്കെങ്കിലും പി.ഒ.എ നൽകുകയാണെങ്കിൽ ഉദ്ദേശിക്കപ്പെട്ട ആവശ്യത്തിന് മാത്രമാണെന്ന് പ്രത്യേകം രേഖപ്പെടുത്തണം. ജനറൽ പവർ ഓഫ് അറ്റോർണി ഒഴിവാക്കുന്നതാണ് നല്ലത്. കൂടാതെ, സെബിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം, ക്ലയന്റിന്റെ നിർദ്ദേശപ്രകാരം നടക്കുന്ന ട്രേഡിനെ തുടർന്നുണ്ടാകുന്ന ഒബ്ലിഗേഷൻസ് സെറ്റിൽമെന്റ് ചെയ്യാൻ മാത്രമേ സ്റ്റോക്ക് ബ്രോക്കറിന് നൽകപ്പെടുന്ന പി.ഒ.എ ഉപയോഗിക്കാൻ പാടുള്ളൂ.

4. ഞാൻ പി.ഒ.എ എന്റെ ബ്രോക്കറിന് നല്കി. ഇനി അദ്ദേഹമത് ഉപയോഗിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ എന്ത് ചെയ്യണം.

ബ്രോക്കറെ നിങ്ങളുടെ ഉദ്ദേശം അറിയിക്കുക. അതിന് പുറമെ, നിങ്ങളുടെ ഡിപിക്ക് ബ്രോക്കറിന് നൽകിയ പി.ഒ.എ മരവിപ്പിക്കാൻ അപേക്ഷ നൽകുകയും വേണം. ജോയിന്റ് അക്കൌണ്ട് ആണെങ്കിൽ എല്ലാ ഹോൾഡേഴ്സും ഒപ്പ് വെക്കേണ്ടതാണ്.

## എൻ.എസ്.ഡി.എലിൽ നിന്നുള്ള ഇ-സർവ്വീസസ്

സാങ്കേതിക രംഗത്ത് ഉണ്ടാകുന്ന മുന്നേറ്റങ്ങൾക്കനുസൃതമായി ഓൺലൈൻ വഴി കൂടുതൽ ഡെപോസിറ്ററി സേവനങ്ങൾ നൽകാൻ പരിശ്രമിക്കുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

## സ്പീഡ്-ഇ(SPEED-e)

എൻ.എസ്.ഡി.എൽ ഇന്റർനെറ്റ് അടിസ്ഥാനപ്പെടുത്തി നൽകുന്ന സേവനമാണ് സ്പീഡി. ഇത് ഇലക്ട്രോണിക് രൂപത്തിൽ ഡെലിവറി, പ്ലെഡ്ജ്, മ്യൂച്ചൽ ഫണ്ട് തുടങ്ങിയവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകാൻ സാധിക്കുന്നു. അങ്ങനെ നടപടികൾ കൂടുതൽ വേഗത്തിലും സുരക്ഷിതമായും കാര്യക്ഷമമമായും നടക്കുന്നു. ഈ സൌകര്യം കമ്പ്യൂട്ടറിലും (ലാപ്ടോപ്/ഡെസ്ക്ടോപ്) പാസ്വേഡ് ഉള്ള ഉപഭോക്താക്കൾക്ക് മൊബൈലിലും ഉപയോഗിക്കാവുന്നതാണ്. ഡീമാറ്റ് അക്കൌണ്ട്

ഉള്ളവർക്ക് ഡിപി ഓഫർ ചെയ്യുന്ന പക്ഷം ഈ സൌകര്യം ഉപയോഗിക്കാവുന്നതാണ്. ഇത് ലഭ്യമാക്കുന്ന ഡിപികളുടെ ലിസ്റ്റ് താഴെ കാണുന്ന ലിങ്കിൽ ലഭ്യമാണ്. https://nsdl.co.in/speede-dps.php.

1. എനിക്ക് സ്പീഡി സർവ്വീസ് എങ്ങനെ ഉപയോഗിക്കാൻ സാധിക്കും.

ഈയാവശ്യാർത്ഥം രജിസ്റ്റർ ചെയ്ത ഡീമാറ്റ് അക്കൌണ്ട് ഉള്ളവർക്ക് മാത്രമേ ഈ ഫെസിലിറ്റി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യാൻ നിങ്ങളുടെ ഡിപി നിങ്ങളെ സഹായിക്കുന്നതാണ്. രജിസ്ട്രേഷൻ വിജയകരമാണെങ്കിൽ നിങ്ങൾക്ക് ഓൺലൈൻ വഴി നിർദ്ദേശം നൽകാനും സ്റ്റാറ്റസ് നിരീക്ഷിക്കാനും സാധിക്കും. ഇൻസ്ട്രക്ഷൻ സ്ലിപ്പിന്റെ ഫിസിക്കൽ രൂപം പൂരിപ്പിച്ച് ഡിപിക്ക് നൽകേണ്ടതില്ല. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും താഴെ കാണുന്ന ലിങ്ക് തുറക്കുക. https://eservices.nsdl.com/.

2. ഞാൻ സ്പീഡി ഉപയോഗിക്കുന്ന ആളാണെങ്കിൽ എന്റെ ഇഷ്ടപ്രാകാരം ഏത് അക്കൌണ്ടിലേക്കും സെക്യൂരിറ്റി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കുമോ

നിങ്ങൾ തെരഞ്ഞെടുക്കുന്ന ആക്സസിന്റെ ഇനത്തിനനുസരിച്ചാണ് സ്പീഡിയിലൂടെ ഡെലിവറി ഇൻസ്ട്രക്ഷൻസ് ലഭ്യത നിലനിൽക്കുന്നത്. രണ്ട് ഒപ്ഷനാണ് ഉള്ളത് - പാസ്വേഡ്

ഉപയോഗിക്കുന്നവരും ഇ-ടോക്കൺ ഉപയോഗിക്കുന്നവരും.

പാസ്വേഡ് ഉപയോഗിക്കുന്നവർക്ക് മുന്നേ നിശ്ചയിച്ച ആറ് ബ്രോക്കർമാരുടെ അക്കൌണ്ടിലേക്ക് സെക്യൂരിറ്റീസ് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. ഈ ടോക്കൺ ഉപയോഗിച്ച് ലോഗിൻ ചെയ്യുന്നവർക്ക് ഏത് ഡീമാറ്റ് അക്കൌണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

### 3. സ്പീഡിയുടെ ഇ-ടോക്കൺ ഉപഭോക്താക്കൾക്ക് കൂടുതൽ സൌകര്യങ്ങൾ എന്തെങ്കിലും ഉണ്ടോ

താഴെ പറയുന്ന കാര്യങ്ങളാണ് ഇ-ടോക്കൺ ഉപഭോക്താക്കൾക്ക് കൂടുതലായുള്ള സൌകര്യങ്ങൾ.

എ.മൾട്ടിപ്പിൾ ഓതറൈസേഷൻ സൌകര്യം, അതായത് ഇൻസ്ട്രക്ഷൻസ് ജോയിന്റ് ഹോൾഡേഴ്സിന് ഓതറൈസ് ചെയ്യുന്നത്.

ബി. മുഴുവനായോ ഭാഗികമായോ ഡീമാറ്റ് അക്കൌണ്ട് മരവിപ്പിക്കാം. സ്പീഡി ഉപഭോക്താവ് അക്കൌണ്ട് മരവിപ്പിച്ചാൽ അവർക്ക് മാത്രമേ അത് ആക്ടീവ് ആക്കാൻ സാധിക്കുകയുള്ളൂ. അത്കൊണ്ട്, ഡെലിവറി ഇൻസ്ട്രക്ഷൻസും ട്രാൻസ്ഫറും ഇഷ്ടമുള്ള സമയത്ത് സമർപ്പിക്കാം, അക്കൌണ്ട് ആവശ്യമുള്ള സമയത്ത് ലോക്കാക്കുകയും അൺലോക്ക് ആക്കുകയും ചെയ്യാം. അഥവാ

മുഴുവൻ നിയന്ത്രണങ്ങളും നിങ്ങളുടെ പക്കലാണെന്ന് സാരം.

4. പാസ്സേഡ് ഉപഭോക്താക്കൾക്ക് പ്രീ-നോട്ടിഫൈഡ് ബ്രോക്കേഴ്സ് അക്കൌണ്ട് മാറ്റാൻ പറ്റുമോ

അതെ, പാസ്സേഡ് ഉപഭോക്താക്കൾക്ക് മാത്രം സെക്യൂരിറ്റികളുടെ ട്രാൻസ്ഫർ അനുവദിക്കപ്പെട്ടിട്ടുള്ള പ്രീ നോട്ടിഫൈഡ് ബ്രോക്കേഴ്സ് അക്കൌണ്ടും മാറ്റാവുന്നതാണ്. അതിനുള്ള താൽപര്യം ഡിപിയെ അറിയിക്കണം. നിങ്ങളുടെ ഡിപി ആധികാരിമാക്കിയതിന് ശേഷം മാത്രമേ ഈ മാറ്റം നിലവിൽ വരികയുള്ളൂ.

## ഐഡിയാസ്(IDeAS)

ഡീമാറ്റ് അക്കൌണ്ടിൽ നടന്ന ട്രാൻസാക്ഷൻസ് അക്കൌണ്ട് ഹോൾഡേഴ്സിന് കാണാനായി ഇന്റർനെറ്റ് അടിസ്ഥാനപ്പെടുത്തി ഏർപ്പെടുത്തിയ സംവിധാനമാണ് ഇന്റർനെറ്റ് ബേസ്ഡ് ഡീമാറ്റ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ്. ആവശ്യമായ പരിശോധനക്ക് ശേഷം അക്കൌണ്ട് ഹോൾഡർക്ക് ഇത് മൂലം ബാലൻസ് കാണാനാവുന്നതാണ്. കഴിഞ്ഞ 12 മാസത്തെ സ്റ്റേറ്റ്മെന്റ് അക്കൌണ്ട് ഹോൾഡർക്ക് മാസാടിസ്ഥാനത്തിൽ എടുക്കാവുന്നതാണ്. നിങ്ങൾ ഇത് ഉപയോഗിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ ഡിപിക്ക് അത് രജിസ്റ്റർ ചെയ്യാനുള്ള നിർദ്ദേശം കൊടുക്കുകയോ നിങ്ങൾ തന്നെ സ്വയം https://eservices.nsdl.com/ എന്ന ലിങ്കിൽ ചെയ്യുകയോ വേണം.

അക്കൌണ്ട് ഹോൾഡേഴ്സിന് ഈ സൌകര്യം തികച്ചും സൌജന്യമാണ്.

## എൻ.എസ്.ഡി.എൽ മൊബൈൽ ആപ്പ്

ഡീമാറ്റ് അക്കൌണ്ട് ഉപഭോക്താക്കൾക്കായി വളരെ ഉപകാരപ്രദമായ ഒരു ആപ്പ് ഉണ്ടാക്കിയിട്ടുണ്ട്. ഗൂഗിളിന്റെ പ്ലേ സ്റ്റോറിൽ നിന്നോ ആപ്പ് സ്റ്റോറിൽ നിന്നോ നിങ്ങൾക്ക് ഇത് ഡൌൺലോഡ് ചെയ്യാവുന്നതാണ്. ഒരു സൈൻ ഇന്നിൽ ബാലൻസ് കാണാനും ഇ-വോട്ടിംഗിനും ഇത് ഉപയോഗിക്കാവുന്നതാണ്. അക്കൌണ്ട് ഹോൾഡറിന് ഇത് സൌജന്യമായി ലഭിക്കുന്നതാണ്.

## ഇ-വോട്ടിംഗ്

എൻ.എസ്.ഡി.എൽ ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനം മുഴുവൻ ഉപഭോക്താക്കൾക്കും മീറ്റിംഗിന് എത്താതെ തന്നെ വോട്ട് ചെയ്യാനുള്ള സൌകര്യമൊരുക്കുന്നു. ഇ-വോട്ടിംഗ് സംവിധാനം മൊബൈൽ ആപിലും സ്പീഡിയിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക. https://www.evoting.nsdl.com/.

## എൻ.എസ്.ഡി.എലിൽ നിന്നുള്ള ഉപകാരപ്രദമായ മറ്റ് സേവനങ്ങൾ

### എൻ.എസ്.ഡി.എൽ കൺസോളിഡേറ്റഡ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ്

എൻ.എസ്.ഡി.എൽ കൺസോളിഡേറ്റഡ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് എല്ലാ ഡീമാറ്റ് അക്കൌണ്ട് ഹോൾഡേഴ്സിനും അയക്കുന്നു. അതേ പ്രകാരം മ്യൂച്ചൽ ഫണ്ട് നിക്ഷേപം അക്കൌണ്ട് സ്റ്റേറ്റ്മെന്റ് രൂപത്തിൽ അയക്കുന്നു. ഫസ്റ്റ് ഹോൾഡറുടെ പാൻ പ്രകാരമാണ് ഹോൾഡിംഗ്സിന്റെ മൊത്തം കണക്കാക്കുന്നത്.

എ.ഓരോ മാസവും ഈ സ്റ്റേറ്റ്മെന്റ് അയക്കുന്നു, പ്രസ്തുത മാസത്തിൽ ട്രാൻസാക്ഷൻ നടന്നിട്ടുണ്ടെങ്കിൽ. ഡിപിക്ക് ഇ-മെയിൽ ഐഡി നൽകിയിട്ടുണ്ടെങ്കിൽ അത് ഇ-മെയിലിലേക്ക് അയക്കുന്നതാണ്.

ബി.നിങ്ങളുടെ ഓരോ നിക്ഷേപത്തിന്റെയും വില, പോർട്ട്ഫോളിയോയുടെ മൊത്തം മൂല്യം, ഈ കാലയളവിൽ നടന്ന മൂല്യങ്ങളുടെ മാറ്റം സൂചിപ്പിക്കുന്ന ഗ്രാഫ് എന്നിവയെല്ലാം അത് ഉൾകൊള്ളുന്നു.

സി.നിങ്ങളുടെ കെ.വൈ.സി നവീകരിച്ചതാണോ എന്നതും അതിൽ അടങ്ങിയിരിക്കുന്നു. അതേ പ്രകാരം മ്യൂച്ചൽ ഫണ്ടിൽ രേഖപ്പെടുത്തിയ മൊബൈൽ നമ്പറും ഇ-മെയിൽ ഐഡിയും കാണാം. വല്ല പിശകും കാണുകയോ നവീകരിക്കണമെന്ന് തോന്നുകയോ ചെയ്യുകയാണെങ്കിൽ മ്യൂച്ചൽ ഫണ്ട് കമ്പനിയെയോ അതിന്റെ രജിസ്ട്രാറിനെയോ ബന്ധപ്പെടുക.

a. ഡി. സ്റ്റേറ്റമെന്റ് ലഭിചിട്ടില്ലെങ്കിലോ അതിൽ വല്ല പിശകും കാണുകയോ ചെയ്താൽ എത്രയും വേഗം നിങ്ങളുടെ ഡിപിയെ ബന്ധപ്പെടുകയോ താഴെ കാണുന്ന മെയിൽ ഐഡിയിലേക്ക് മെയിൽ ചെയ്യുകയോ ചെയ്യാം. NSDL-CASfeedback@nsdl.co.in.

മ്യൂച്ചൽ ഫണ്ട് ഫോളിയോസിന്റെയും നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിന്റെയും സ്റ്റേറ്റ്മെന്റിന്റെ കാലവധിയും ക്ലോസിംഗ് ബാലൻസും പരിശോധിക്കേണ്ടതാണ്.

എൻ.എസ്.ഡി.എലിൽ നിന്ന് നേരിട്ട് സി.എ.എസ് ലഭിക്കാനായി ഇ-മെയിൽ ഐഡി നേരിട്ട് നൽകാൻ ഡീമാറ്റ് അക്കൌണ്ട് ഹോൾഡേഴ്സിന് ഒരു സൌകര്യം താഴെ കാണുന്ന ലിങ്കിൽ ഏർപ്പെടുത്തിയിരിക്കുന്നു. https://nsdlcas.nsdl.com/ ലഭിക്കാനായി ഇ-മെയിൽ ഐഡി മാറ്റം വരുത്താനും ഇത് ഉപയോഗിക്കാവുന്നതാണ്.

# എസ്.എം.എസ് അലേർട്ട് ഫെസിലിറ്റി

## 1. എന്താണ് എസ്.എം.എസ് അലേർട്ട് ഫെസിലിറ്റി

ഡീമാറ്റ് അക്കൌണ്ടിൽ രജിസ്റ്റർ ചെയ്ത മൊബൈൽ അക്കൌണ്ടിലേക്ക് ഓരോ ട്രാൻസാക്ഷൻ സമയത്തും എസ്.എം.എസ് അലേർട്ട് ലഭിക്കുന്നു. എൻ.എസ്.ഡി.എൽ നേരിട്ടാണ് സന്ദേശം അയക്കുന്നത് എന്ന നിലക്ക് അക്കൌണ്ടിന്റെ നിലവിലെ ശരിയായ സ്റ്റാറ്റസ് ലഭിക്കുന്നു. ഡീമാറ്റ്

അക്കൌണ്ട് ഹോൾഡേഴ്സിന് ഈ സേവനം തികച്ചും സൌജന്യമാണ്.

2. എസ്.എം.എസ്. അലേർട്ട് ഫെസിലിറ്റിക്ക് ഞാൻ എങ്ങനെയാണ് രജിസ്ററർ ചെയ്യേണ്ടത്.

നിലവിൽ നിങ്ങൾ ഈ സൌകര്യം ഉപയോഗിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ഡിപിക്ക് രേഖാമൂലമുള്ള അപേക്ഷ നല്കി ഈ ഫെസിലിറ്റി ഉപയോഗിക്കാവുന്നതാണ്. നിങ്ങളുടെ മൊബൈൽ നന്പർ വിജയകരമായി രജിസ്റ്റർ ചെയ്ത ഉടനെയും നിങ്ങളുടെ ഡിപി ഡെപോസിറ്ററി സിസ്റ്റത്തിൽ എസം.എം.എസ് സ്വീകരിക്കാനുള്ള സംവിധാനം ഒരുക്കുകയും ചെയ്താൽ നിങ്ങൾക്ക് എസ്.എം.എസ് ലഭിച്ച് തുടങ്ങുന്നതാണ്.

ആർക്കെങ്കിലും തന്റെ മൊബൈൽ നന്പർ രജിസ്റ്റർ ചെയ്യുകയും എസ്.എം.എസ് ലഭിക്കാതിരിക്കുകയും ചെയ്യണമെങ്കിൽ ഡിപിയോട് എസ്.എം.എസ് അലേർട്ട് സംവിധാനം ഒഴിവാക്കാൻ പറയാവുന്നതാണ്. പക്ഷെ, അത്തരം അക്കൌണ്ടുകൾ പവർ ഓഫ് അറ്റോർണിക്ക് ഓപറേറ്റ് ചെയ്യാൻ സാധിക്കില്ല. അത് ബേസിക് സർവ്വീസസ് ഡീമാറ്റ് അക്കൌണ്ട് ആവുന്നതുമല്ല.

3. ഏത് ട്രാൻസാക്ഷനാണ് എസ്.എം.എസ് അലേർട്ട് അയക്കുന്നത്.

താഴെ പറയുന്ന കാര്യങ്ങൾക്കാണ് എൻ.എസ്.ഡി.എലിൽ നിന്ന് നേരിട്ട് എസ്.എം.എസ് ലഭിക്കുക.

a) എല്ലാ ഡെബിറ്റ് ട്രാൻസ്ഫർ
b) ഐ.പി.ഒ ക്കുള്ള ക്രെഡിറ്റുകൾ, സബ്-ഡിവിഷൻ, ബോണസ്
c) പരാജയപ്പെട്ട ഇൻസ്ട്രക്ഷൻസ്
d) അവധി തെറ്റിയ ഇൻസ്ട്രക്ഷൻസ്
e) മൊബൈൽ നന്പറിലെ മാറ്റം
f) വിലാസത്തിലെ മാറ്റം
g) മ്യൂച്ചൽ ഫണ്ട് യൂണിറ്റിന്റെ ഡെബിറ്റ്
h) പവർ ഓഫ് അറ്റോർണിയുട രജിസ്ട്രേഷനും ഡീരജിസ്ട്രേഷനും
i) നോമിനിയെ നീക്കുകയോ റദ്ദാക്കുകയോ വിവരങ്ങൾ പുതുക്കുകയോ ചെയ്താല്
j) പണയം വെക്കുന്ന ആൾക്ക് പണയം വെക്കലിന്റ പ്രാരംഭവും കൺഫർമേഷനും ഇൻവോക്കേഷനും
k) ടെൻഡർ ഓഫർ ഇൻസ്ട്രക്ഷനനുസരിച്ച് ഓഹരികളുടെ റദ്ദാക്കലും ഡെബിറ്റും.

വിലാസം മാറ്റുന്ന സന്ദർഭത്തിലും ഡെപോസിറ്ററി സിസ്റ്റത്തിലെ പവർ ഓഫ് അറ്റോർണിയെ രജിസ്ട്രേഷനും ഡീരജിസ്ട്രേഷനും ചെയ്യുന്ന സന്ദർഭത്തിലും ഈ ഫെസിലിറ്റി ആക്ടീവ് ആക്കിയാലും ഇല്ലെങ്കിലും എസ്.എം.എസ് ലഭിക്കുന്നതാണ്.

4. എസ്.എം.എസ് അലേർട്ട് ഫെസിലിറ്റിക്ക് രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകതയെന്ത്

എൻ.എസ്.ഡി.എൽ പല ട്രാൻസാക്ഷൻ നടത്തുന്ന സന്ദർഭത്തിലും രജിസ്റ്റർ ചെയ്യപ്പെട്ട മൊബൈലിലേക്ക് എസ്.എം.എസ് നേരിട്ട് അയക്കുന്നുണ്ട്. ഇത് നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് കൂടുതൽ സുരക്ഷിതമാകുന്നതിന് സഹായിക്കുന്നു.

5. ഈ ഫെസിലിറ്റി ഉപയോഗിക്കാനുള്ള ചാർജ് എത്രയാണ്

അക്കൌണ്ട് ഹോൾഡറിന് ഈ ഫെസിലിറ്റി ലഭ്യമാക്കുന്നത് ഡിപിക്ക് യാതൊരു ചാർജും എൻ.എസ്.ഡി.എൽ ഏർപ്പെടുത്തുന്നില്ല.

6. ഞാൻ അക്കൌണ്ട് തുറക്കുന്ന സന്ദർഭത്തിൽ എന്റെ മൊബൈൽ നമ്പർ ഡിപിക്ക് നൽകിയിട്ടുണ്ട്. ഇനിയും ഞാൻ ഈ ഫെസിലിറ്റിക്ക് രജിസ്റ്റർ ചെയ്യണോ

നിങ്ങൾക്ക് എസ്.എം.എസ് ലഭിക്കുന്നില്ലെങ്കിൽ അക്കൌണ്ട് ഡിപിക്ക് ഈ ഫെസിലിറ്റി ലഭ്യമാക്കുന്നതിന് പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്. കേവലം മൊബൈൽ നമ്പർ കൊടുത്താൽ മാത്രമാവില്ല.

7. എന്റെ മൊബൈൽ നമ്പർ മാറ്റണമെങ്കിൽ ഞാൻ എന്താണ് ചെയ്യേണ്ടത്.

നിങ്ങൾ മൊബൈൽ നമ്പർ മാറ്റുകയാണെങ്കിൽ ഡിപിയെ രേഖാമൂലം അത് അറിയിക്കണം. നിങ്ങളുടെ ഡിപി ഡെപോസിറ്ററി സിസ്റ്റത്തിൽ മാറ്റം വരുത്തുന്ന നിമിഷം പഴയ നമ്പറിലേക്കും പുതിയ നമ്പറിലേക്കും ഇതുമായി ബന്ധപ്പെട്ട എസ്.എം.എസ് ലഭിക്കുന്നതാണ്. മൊബൈൽ സർവ്വീസ് ഓപറേറ്ററെ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ നമ്പർ മാറ്റാതെ സർവ്വീസ് മാത്രം മാറുന്ന പോർട്ടബിലിറ്റി ഉപയോഗപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 8. എസ്.എം.എസ് അലേർട്ട് ഫെസിലിറ്റിക്ക് രജിസ്റ്റർ ചെയ്യൽ നിർബന്ധമാണോ

ഇല്ല. പവർ ഓഫ് അറ്റോർണി മുഖേന ഓപറേറ്റ് ചെയ്യപ്പെടുന്ന ബേസിക് സർവ്വീസസ് ഡീമാറ്റ് അക്കൌണ്ട് ഉള്ളവർക്കല്ലാതെ ആർക്കും ഈ ഫെസിലിറ്റി ഉപയോഗിക്കൽ നിർബന്ധമല്ല. പക്ഷെ, അങ്ങേയറ്റം ശുപാർശ ചെയ്യപ്പെടുന്നു. അലേർട്ട് നേരിട്ട് ഡെപോസിറ്ററി തന്നെ അയക്കുന്നതിനാൽ നിങ്ങൾക്ക് തന്നെ അക്കൌണ്ടിൽ നടക്കുന്ന പ്രധാനപ്പെട്ട ട്രാൻസാക്ഷൻസ് നിരീക്ഷിക്കാവുന്നതാണ്. നടപടികൾ ആവശ്യമാണെങ്കിൽ എടുക്കാവുന്നതുമാണ്.

## ഡീമാറ്റ് അക്കൌണ്ടിൽ മ്യൂച്ചൽ ഫണ്ട് ഹോൾഡ് ചെയ്യൽ

ഏതെങ്കിലും അസെറ്റ് മാനേജ്മെന്റ് കമ്പനി ഇഷ്യൂ ചെയ്ത മ്യൂച്ചൽ ഫണ്ട് യൂണിറ്റുകൾ മറ്റേത് സെക്യൂരിറ്റികൾ പോലെയും ഡീമാറ്റ് അക്കൌണ്ടിൽ സൂക്ഷിക്കാവുന്നതാണ്. ഇത് മുഴുവൻ നിക്ഷേപവും ഒരു സ്ഥലത്ത് വെച്ച് തന്നെ പരിശോധിക്കാൻ സഹായിക്കുന്നു. ഡീമാറ്റ് അക്കൌണ്ട് ഹോൾഡറിന് എൻ.എഫ്.ഒ/എസ്.ഐ.പിക്ക് വേണ്ടി അപേക്ഷിക്കുകയും ഡീമാറ്റ് അക്കൌണ്ടിലേക്ക് നേരിട്ട് ക്രഡിറ്റ് ആക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.

1. മ്യൂച്ചൽ ഫണ്ട് യൂണിറ്റ് (സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട് പ്രതിനിധീകരിക്കുന്ന) ഡീമാറ്റ് ഫോമിലേക്ക് മാറ്റുക എന്ന് പറഞ്ഞാൽ എന്താണ്.

ഫിസിക്കൽ രൂപത്തിൽ മ്യൂച്ചൽ ഫണ്ട് യൂണിറ്റ് ഹോൾഡ് ചെയ്യുകയാണെങ്കിൽ, (സ്റ്റേറ്റ് ഓഫ് അക്കൌണ്ട് (എസ്.ഒ.എ) പ്രതിനിധീകരിക്കുന്ന) അത് ഡീമാറ്റ് ഫോമിലായി ഹോൾഡ് ചെയ്യാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുവെങ്കിൽ, നിശ്ചിത ഫോം പൂരിപ്പിച്ച് ഡിപിക്ക് നൽകുക. ഇതാണ് മ്യൂച്ചൽ ഫണ്ട് യൂണിറ്റ് ഡീമാറ്റ് ഫോമിലേക്ക് മാറ്റുക എന്ന് പറഞ്ഞതിനർത്ഥം.

2. എനിക്ക് ഒരു ഡീമാറ്റ് അക്കൌണ്ട് ഇല്ലങ്കിൽ ഞാൻ എന്ത് ചെയ്യും.

നിങ്ങൾ മ്യൂച്ചൽ ഫണ്ട് യൂണിറ്റ് ഡീമാറ്റ് ഫോമിലേക്ക് മാറ്റാൻ ഉദ്ദേശിക്കുകയും നിങ്ങൾക്ക് ഡീമാറ്റ് അക്കൌണ്ട് ഇല്ലാതിരിക്കുകയും ചെയ്താല്

ഏതെങ്കിലും ഡിപിയുടെ പക്കൽ ഡീമാറ്റ് അക്കൌണ്ട് തുറക്കുക.

3. **ഡീമാറ്റ് രൂപത്തിൽ മ്യൂച്ചൽ ഫണ്ട് ഹോൾഡ് ചെയ്യുന്നതിന്റെ നേട്ടങ്ങൾ എന്തെല്ലാം**

എ.നിങ്ങൾക്ക് സിംഗിൾ കൺസോളിഡേറ്റഡ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ലഭിക്കും. അത് മ്യൂച്ചൽ ഫണ്ട് ഉൾപ്പെടെ മുഴുവൻ സെക്യൂരിറ്റികളെയും പരാമർശിക്കുന്നതാണ്. മ്യൂച്ചൽ ഫണ്ട് കമ്പനിയിൽ നിന്ന് ലഭിക്കുന്ന വ്യത്യസ്ത സ്റ്റേറ്റ്മെന്റ് നോക്കേണ്ടതില്ല.

ബി.ഡീമാറ്റ് അക്കൌണ്ടിലെ അഡ്രസിലെ മാറ്റം എല്ലാ ഇഷ്യൂവർ കമ്പനികളിലും മ്യൂച്ചൽ ഫണ്ട് കമ്പനികൾ/ആർ.ടി.എകളിലും രജിസ്റ്റർ ചെയ്യുന്നു. തുടർന്ന് ഓരോ കമ്പനികളെയും ബന്ധപ്പെടേണ്ട ആവശ്യകത ഇല്ലാതാക്കുന്നു.

സി.ഐഡിയാസ്, എൻ.എസ്.ഡി.എൽ മൊബൈൽ ആപ്പ് പോലോത്തവ ഉപയോഗിക്കുകയാണെങ്കിൽ, വളരെ വേഗത്തിലും കാര്യക്ഷമതയിലും ട്രാൻസാക്ഷൻ പരിശോധിക്കാൻ സാധിക്കുന്നു.

ഡി.ഡീമാറ്റ് അക്കൌണ്ടിൽ നിന്നുള്ള ഡെബിറ്റ് നടക്കുന്ന സമയത്ത് എസ്.എം.എസ് അലേർട്ട് ലഭിക്കുന്നു.

ഇ.സ്പീഡി ഫെസിലിറ്റി സബ്സ്ക്രൈബ് ചെയ്ത് മ്യൂച്ചൽ ഫണ്ട് യൂണിറ്റിന്റെ ഓൺലൈൻ റിഡംപ്ഷൻ തെരഞ്ഞെടുക്കാവുന്നതാണ്.

4. മ്യൂച്വൽ ഫണ്ട് യൂണിറ്റ് (സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട് മുഖേന പ്രതിനിധീകരിക്കപ്പെട്ട) ഡീമാറ്റ് രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാം.

സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ടിനോടൊപ്പം കൺവേർഷൻ റിക്വസ്റ്റ് ഫോം കൃത്യമായി പൂരിപ്പിച്ച് നിങ്ങളുടെ ഡിപിക്ക് സമർപ്പിക്കണം. ആവശ്യമായ പരിശോധനക്ക് ശേഷം നിങ്ങളുടെ അപേക്ഷ ബന്ധപ്പെട്ട എ).എം.സി/അതന്റെ രജിസ്ട്രാർ എന്നിവർക്ക് അയക്കുന്നതാണ്. എ).എം.സി/അതിന്റെ രജിസ്ട്രാറിൽ നിന്ന് ഉറപ്പ് ലഭിച്ച ഉടനെ മ്യൂച്വൽ ഫണ്ട് യൂണിറ്റ് നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആക്കുന്നതാണ്.

5. നോൺ റസിഡന്റ് ഇന്ത്യൻസിന് എൻ.ആർ.ഐ. സ്റ്റാറ്റസിലായി സൂക്ഷിച്ച മ്യൂച്വൽ ഫണ്ട് അക്കൌണ്ട് ഡീമാറ്റ് ഫോമിലേക്ക് മാറ്റാൻ സാധിക്കുമോ

അതെ. നൽകപ്പെട്ട ഡീമാറ്റ് അക്കൌണ്ട് തുറന്നത് എൻ.ആർ. സ്റ്റാറ്റസിലാണ്.

6. സ്റ്റോക്ക് എക്സ്ചേഞ്ചിലൂടെ മ്യൂച്വൽ ഫണ്ട് യൂണിറ്റ് എങ്ങനെയാണ് സബ്സ്ക്രൈബ് ചെയ്യുക.

ആവശ്യമായ തുക നൽകി നിങ്ങളുടെ സ്റ്റോക്ക്ബ്രോക്കറിന് ഒരു സബ്സ്ക്രിപ്ഷൻ ഓർഡർ നൽകുക. നിങ്ങളുടെ ബ്രോക്കർ അത് സ്റ്റോക്ക്

എക്സ്ചേഞ്ചിൽ അറിയിക്കുന്നതാണ്. പേ ഔട്ട് ദിവസം എ.എം.സി/രജിസ്ട്രാർ എന്നിവരിൽ നിന്ന് യൂണിറ്റ് സ്വീകരിച്ച ശേഷം നിങ്ങളുടെ ബ്രോക്കർ/ക്ലിയറിംഗ് കോർപറേഷൻ നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ആവശ്യപ്പെട്ട മ്യൂച്ചൽ ഫണ്ട് യൂണിറ്റ് ക്രെഡിറ്റ് ആക്കാനുള്ള സാഹചര്യം ഒരുക്കുകയാണ്.

7. എന്റെ ഡീമാറ്റ് അക്കൌണ്ടിൽ സൂക്ഷിച്ച മ്യൂച്ചൽ ഫണ്ട് യൂണിറ്റ് എങ്ങനെ വീണ്ടെടുക്കാം.

നിങ്ങളുടെ ഡിപി മുഖേനയോ സ്റ്റോക്ക് ബ്രോക്കര് മുഖേനയോ നിങ്ങൾക്ക് മ്യൂച്ചൽ ഫണ്ട് യൂണിറ്റ് വീണ്ടെടക്കാവുന്നതാണ്. സ്പീഡി ഉപഭോക്താക്കൾക്ക് ഓൺലൈൻ വഴിയും അപേക്ഷിക്കാവുന്നതാണ്.

8. ഡിപി മുഖേന എങ്ങനെയാണ് മ്യൂച്ചൽ ഫണ്ട് യൂണിറ്റ് വീണ്ടെടുക്കുക.

നിങ്ങളുടെ ഡിപിക്ക് കൃത്യായി പൂരിപ്പിച്ച റിഡംപ്ഷൻ ഫോം നൽകണം. ആവശ്യമായ പരിശോധനക്ക് ശേഷം, നിങ്ങളുടെ ഡിപി അപേക്ഷ ബന്ധപ്പെട്ട എ.എം.സി/രജിസ്ട്രാർ എന്നിവർക്ക് കൈമാറുന്നു. ആവശ്യമായ പരിശോധനക്ക് ശേഷം, എ.എം.സി/രജിസ്ട്രാർ മുഖേന നിങ്ങളുടെ ലിങ്ക് ചെയ്ത ബാങ്ക് അക്കൌണ്ടിലേക്ക് റിഡംപ്ഷൻ അമൌണ്ട് ക്രെഡിറ്റ് ആകുന്നതാണ്. നിങ്ങൾക്ക് ഡിപിയുടെ പക്കൽ റിഡംപ്ഷൻ റിക്വസ്റ്റ് ഒരു നിശ്ചിത തുകക്കോ മുഴുവൻ തുകക്കോ അല്ലെങ്കിൽ ആവശ്യമായ തുകക്കോ നൽകാവുന്നതാണ്.

## 9. സ്റ്റോക്ക് ബ്രോക്കർ മുഖേന ഡീമാറ്റ് രൂപത്തിൽ സൂക്ഷിച്ച മ്യൂച്ചൽ ഫണ്ട് യൂണിറ്റ് എങ്ങനെയാണ് വീണ്ടെടുക്കുക

നിങ്ങളുടെ സ്റ്റോക്ക് ബ്രോക്കറിന് ഒരു റിഡംപ്ഷൻ ഓർഡർ നൽകുക. കൂടാതെ നിങ്ങളുടെ ഡിപിക്ക് സി.എം പൂൾ അക്കൌണ്ട് ഓഫ് എൻ.എസ്.ഇ ക്ലിയറിംഗ് ലിമിറ്റഡ്/ഇന്ത്യൻ ക്ലിയറിംഗ് കോർപറേഷൻ ലിമിറ്റഡ് എന്നിവരിലേക്ക് മ്യൂച്ചൽ ഫണ്ട് യൂണിറ്റ് ട്രാൻസ്ഫർ ചെയ്യാനായി ഒരു ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പും നൽകേണ്ടതാണ്.

## 10. മ്യൂച്ചൽ ഫണ്ട് യൂണിറ്റ് ഒരു ഡീമാറ്റ് അക്കൌണ്ടിൽ നിന്ന് മറ്റൊരു ഡീമാറ്റ് അക്കൌണ്ടിലേക്ക് മാറ്റാൻ സാധിക്കുമോ

അതെ. നിങ്ങൾക്ക് നിങ്ങളുടെ അക്കൌണ്ടിൽ നിന്നും മ്യൂച്ചൽ ഫണ്ട് യൂണിറ്റ് നിങ്ങൾ ഇഷ്ടപ്പെടുന്ന ഏത് ഡീമാറ്റ് അക്കൌണ്ടിലേക്കും (ഒരേ ഡിപിയുടെ പക്കലുള്ളതോ വ്യത്യസ്ത ഡിപിയുടെ പക്കലുള്ളതോ) ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. പക്ഷെ, ഏതെങ്കിലും കാരണത്താൽ ലോക്ക്-ഇൻ സ്റ്റാറ്റസിലുള്ള മ്യൂച്ചൽ ഫണ്ട് ട്രാൻസ്ഫർ ചെയ്യാനാവില്ല.

# ഡീമാറ്റ് അക്കൌണ്ട് മാറ്റുകയോ നവീകരിക്കുകയോ ചെയ്യൽ

ഡീമാറ്റ് അക്കൌണ്ട് തുറന്നതിന് ശേഷം നൽകിയ വിവരങ്ങൾ മാറുന്ന സ്ഥിതി ഉണ്ടാകാവുന്നതാണ്. ഉദാഹരണത്തിന് -

a) അക്കൌണ്ട് ഹോൾഡറുടേ പേര്
b) അക്കൌണ്ട് ഹോൾഡറുടെ വിലാസം
c) ബാങ്ക് അക്കൌണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ
d) നോമിനി അല്ലെങ്കിൽ പവർ ഓഫ് അറ്റോർണി ഹോൾഡർ
e) അക്കൌണ്ട് ഹോൾഡറുടെ ഒപ്പ്
f) ഇ-മെയിൽ ഐഡി
g) ടെലഫോൺ/മൊബൈൽ നമ്പർ

അത്തരം സന്ദർഭത്തിൽ അക്കൌണ്ട് ഹോൾഡർ തന്റെ ഡിപിയെ മാറിയ വിവരം അറിയിക്കേണ്ടതാണ്. അദ്ദേഹം ഡെപോസിറ്ററി സിസ്റ്റത്തിൽ ആവശ്യമായ മാറ്റം വരുത്തി സേവനങ്ങൾ നിലക്കാതെ സൂക്ഷിക്കുന്നതാണ്. ആവശ്യമായ രേഖകളോട് കൂടി ഡിപിക്ക് കൃത്യമായി ഒപ്പ് വെച്ച രേഖാമൂലമുള്ള അപേക്ഷ നൽകേണ്ടതാണ്.

1. അക്കൌണ്ട് തുറന്നതിന് ശേഷം അക്കൌണ്ട് ഹോൾഡറുടെ പേര് മാറ്റാൻ സാധിക്കുമോ

അതെ. ഡീമാറ്റ് അക്കൌണ്ട് തുറന്നതിന് ശേഷം അക്കൌണ്ട് ഹോൾഡറുടെ പേര് മാറ്റാവുന്നതാണ്. അപേക്ഷയോടൊപ്പം നൽകേണ്ട ഡോക്യുമെന്റ്സ് മാറ്റത്തിന്റെ സ്വഭാത്തിനനുസരിച്ച് വ്യത്യാസപ്പെടുന്നു. ഡാറ്റ എന്ട്രി സമയത്ത് ഡിപിയുടെ തെറ്റ് മുഖേനയാണ് മാറ്റേണ്ടി വന്നതെങ്കിൽ ബന്ധപ്പെട്ട അക്കൌണ്ട് ഹോൾഡറുടെ അപേക്ഷയുടെ അടിസ്ഥാനത്തിലോ സ്വയം തന്നെയോ ഡോക്യുമെന്റ്സൊന്നും ആവശ്യപ്പെടാതെ തന്നെ മാറ്റാവുന്നതാണ്.

എ).ചെറിയ തിരുത്തുകളാണെങ്കിൽ (പേരോ ഇനീഷ്യലോ പോലോത്തവ) പാൻ കാർഡ്, പാസ്പോർട്ട്, വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്, ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, എൻ.ആർ.ഇ.ജി.എ കാർഡ് തുടങ്ങി ശരിയായ പേര് ഉൾകൊള്ളുന്ന ഏതെങ്കിലും ഒരു സെൽഫ് അറ്റസ്റ്റഡ് കോപ്പി നൽകേണ്ടതാണ്. അക്കൌണ്ട് ഹോൾഡർ കല്യാണം, വിവാഹമോചനം, കോര്ട്ട് ഓർഡർ പോലോത്ത കാരണം കൊണ്ട് പേര്

വ്യത്യാസപ്പെടുത്തുകയല്ലെന്ന കൺഫർമേഷൻ നൽകണം. സംഖ്യാജ്യോതിഷം പോലോത്ത കാരണത്താൽ പേരിലെ സ്പെല്ലിംഗ് ശരിയാക്കുന്നത് പേര് വ്യത്യസപ്പെടുത്താലായാണ് പരിഗണിക്കുക. തെറ്റ് തിരുത്തലല്ല.

ബി.പേര് വ്യത്യാസപ്പെടുത്തുകയോ തിരുത്തുകയോ ചെയ്യുന്ന പക്ഷം താഴെ കാണുന്ന ഡോക്യുമെന്റ്സ് ആവശ്യമാണ് -

| കല്യാണം കാരണമായി പേര് മാറ്റുന്നതിന് | കല്യാണമല്ലാത്ത കാരണം കൊണ്ട് പേര് മാറ്റുന്നതിന് |
|---|---|
| മാര്യേജ് സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ ഭർത്താവിന്റെ പേരുള്ള പാസ്പോർട്ട്, അല്ലെങ്കിൽ ഒഫീഷ്യൽ ഗസറ്റിൽ പേര് വ്യത്യാസം പരസ്യപ്പെടുത്തുക. | ഒഫീഷ്യൽ ഗസറ്റിൽ പേര് മാറ്റം പരസ്യപ്പെടുത്തുക |

ഒഫീഷ്യൽ ഗസറ്റിൽ പേര് വ്യത്യാസം പരസ്യപ്പെടുത്താൻ കഴിയാത്ത കർണാടക,

പഞ്ചാബ് പോലുള്ള സ്ഥലങ്ങളിൽ താഴെ പറയുന്ന രേഖകൾ ഹാജറാക്കേണ്ടതാണ് -

എ.പബ്ലിക്ക് നോട്ടറി/ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എന്നിവർക്ക് മുന്പാകെ പേര് മാറ്റാനുള്ള കാരണവും മുഴുവൻ വിലാസവും വ്യക്തമാക്കി പ്രതിജ്ഞ ചെയ്ത അഫിഡവിറ്റ്

ബി.ഒരു പ്രാദേശിക പേപ്പറിലും ദേശീയ പേപ്പറിലും പരസ്യപ്പെടുത്തുക.

സി.മാറ്റിയ വിലാസത്തിലുള്ള ഐഡന്റിറ്റി പ്രൂഫും അഡ്രസ് പ്രൂഫും.

ഒറിജിനൽ രേഖയോടൊപ്പം സെൽഫ് അറ്റസ്റ്റ് ചെയ്ത കോപ്പി അക്കൌണ്ട് ഹോൾഡർ സമർപ്പിക്കേണ്ടതാണ്.

## 2. ഡീമാറ്റ് അക്കൌണ്ടിൽ രജിസ്റ്റർ ചെയ്ത ബാങ്ക് അക്കൌണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ മാറ്റാൻ പറ്റുമോ

അതെ, നിങ്ങളുടെ ഡിപിക്ക് രേഖാമൂലമുള്ള അപേക്ഷ നൽകി ഏത് സമയത്തും ബാങ്ക് അക്കൌണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ

മാറ്റാവുന്നതാണ്. പുതിയ അക്കൌണ്ടിനെ വ്യക്തമാക്കുന്ന ഏതെങ്കിലും രേഖയും ഹാജറാക്കേണ്ടതാണ്. ഉദാഹരണത്തിന്, നിങ്ങളുടെ പേര്, ബാങ്ക് അക്കൌണ്ട് നന്പർ, ബാങ്കിന്റെ പേര്, എം.ഐ.സി.ആർ കോഡ്, ഐ.എഫ്.എസ്.സി കോഡ് എന്നിവ വ്യക്തമാക്കുന്ന പാസ്ബുക്കിന്റെ കോപ്പി, അക്കൌണ്ട് സ്റ്റേറ്റ്മെന്റ്, കാൻസൽ ചെയ്ത ചെക്ക് ലീഫ് പോലോത്ത ഏതെങ്കിലും ഒന്ന് ഹാജറാക്കേണ്ടതാണ്.

3. എന്റെ അഡ്രസ് മാറിയാൽ ഞാൻ എന്താണ് ചെയ്യേണ്ടത്. ഓരോ കന്പനിക്കും വെവ്വേറെ എഴുതി അറിയിക്കേണ്ടതുണ്ടോ

നിങ്ങളുടെ അഡ്രസ് മാറിയാൽ, നിങ്ങലുടെ ഡിപിയെ പുതിയ അഡ്രസ് അറിയിക്കേണ്ടതാണ്. അത് ഡെപോസിറ്ററി സിസ്റ്റത്തിൽ രേഖപ്പെടുത്തിയാൽ, നിങ്ങളുടെ ഓഹരി/യൂണിറ്റ് ഉള്ള മുഴുവൻ കന്പനികൾക്കും അയക്കുന്നതാണ്.

4. എന്റെ ഡിപിയുടെ അടുത്ത് എങ്ങനെയാണ് ഞാൻ അഡ്രസ് മാറ്റേണ്ടത്

ഡിപിക്ക് ഒരു രേഖാമൂലമുള്ള അപേക്ഷ നൽകി ഡെപോസിറ്ററി സിസ്റ്റത്തിൽ മാറ്റം വരുത്താവുന്നതാണ്. അത്തരത്തിലുള്ള അപേക്ഷ ജോയിന്റ് ഹോൾഡേഴ്സിലുള്ള ഓരോ അംഗങ്ങളും ഒപ്പ് വെക്കേണ്ടതാണ്, അക്കൗണ്ട് ജോയിന്റ് ഹോൾഡറുകളുടേതാണെങ്കിൽ. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.

എ.ഡീമാറ്റ് അക്കൌണ്ടിന്റെ ഏറ്റവും പുതിയ സ്റ്റേറ്റ്മെന്റ് (ക്ലയന്റ് സ്വയം ഡിപിയെ സന്ദർശിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ആവശ്യമില്ല)

ബി. പാൻ കാർഡ്, പാസ്പോർട്ട്, വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്, ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, എൻ.ആർ.ഇ.ജി.എ കാർഡ് തുടങ്ങി ഏതെങ്കിലും ഒരു സെൽഫ് അറ്റസ്റ്റഡ് കോപ്പി നൽകേണ്ടതാണ്.

സി.ആധാർ കാർഡ്, പാസ്പോർട്ട്, വോട്ടേഴ്സ് ഐഡി കാർഡ്, ഡ്രൈവിംഗ് ലൈസൻസ് പോലോത്ത സെൽഫ് അറ്റസ്റ്റ് ചെയ്ത് ഏതെങ്കിലും ഒരു പ്രൂഫ് ഐഡി.

പരിശോധനക്കായി ഒറിജിനൽ രേഖയും ഡിപിയുടെ പക്കൽ ഹാജറാക്കേണ്ടതാണ്. പാർടിസിപൻസിന്റെ ജോലിക്കാരുടെ പക്കൽ നിങ്ങളോ നിങ്ങളെ പ്രതിനിധീകരിക്കുന്നവരോ ഒപ്പ് വെക്കേണ്ടതാണ്. ഡെപോസിറ്ററി സിസ്റ്റത്തിൽ അഡ്രസ് മാറ്റാനുള്ള നടപടി ആരംഭിച്ച ഉടൻ, എൻ.എസ്.ഡി.എൽ ഇ-മെയിലിലേക്ക് ഒരു സന്ദേശം അയക്കുന്നതാണ്. ഡിപി അറിയിക്കുന്ന സന്ദേശത്തിന് പുറമെയാണിത്.

## ഡീമാറ്റ് അക്കൌണ്ടിലെ കോർപറേറ്റിംഗ് ആനുകൂല്യങ്ങൾ ലഭ്യമാകൽ

### 1. റെക്കോർഡ് ഡേറ്റിന്റെ പ്രാധാന്യം എന്ത്

ഒരു കന്പനി ഓഹരി ഉടമകൾക്ക് ഏതെങ്കിലും തരത്തിലുള്ള കോർപറേറ്റ് ബെനിഫിറ്റ് നൽകുന്നതിനായുള്ള ലിസ്റ്റ് പരിഗണിക്കുന്ന അവസാനത്തെ തിയ്യതിയാണ് റെക്കോർഡ് ഡേറ്റ്. റെക്കോർഡ് ഡെയ്റ്റിൽ നിങ്ങളുടെ പേര് കന്പനി പ്രസിദ്ധീകരിച്ച ബെനിഫിറ്റ് സ്വീകരിക്കാനുള്ളവരുടെ ലിസ്റ്റിൽ ഉണ്ടെങ്കിൽ നിങ്ങൾക്ക് അത് സ്വീകരിക്കാവുന്നതാണ്. അത്കൊണ്ട്, നിങ്ങൾ

വാങ്ങിയ സെക്യൂരിറ്റീസ് നിങ്ങളുടെ അക്കൌണ്ടിലേക്ക് റെക്കോർഡ് ഡെയ്റ്റിന് മുന്പ് തന്നെ ബ്രോക്കർ ട്രാൻസ്ഫർ ചെയ്തുവെന്ന് ഉറപ്പിക്കേണ്ടതാണ്.

2. **എനിക്ക് എങ്ങനെയാണ് ഡിവിഡന്റ്, പലിശ, അല്ലെങ്കിൽ കാശ് ആയിട്ടുള്ള ലാഭങ്ങൾ ലഭിക്കുക.**

ബന്ധപ്പെട്ട കന്പനി എൻ.എസ്.ഡി.എലിൽ നിന്ന് നേട്ടം ലഭിക്കേണ്ട ഹോൾഡറുടെ വിവരം റെക്കോർഡ് ഡേറ്റിലേത് പ്രകാരം സ്വീകരിക്കും. കന്പനി കിട്ടാനുള്ള തുക അക്കൌണ്ട് ഹോൾഡറുടെ ലിങ്ക് ചെയ്യപ്പെട്ട ബാങ്കിലേക്ക് നേരിട്ട് അയക്കുന്നു.

3. **ഡീമാറ്റ് ഫോമിൽ ഞാൻ ഓഹരികൾ സൂക്ഷക്കുകയാണെങ്കിൽ എങ്ങനെയാണ് ബോണസ് ലഭികകുക.**

ബന്ധപ്പെട്ട കന്പനി ആനുകൂല്യം ലഭിക്കേണ്ട ഹോൾഡറുടെയും അവരുടെ ഹോൾഡിംഗ്സിന്റെയും റെക്കോർഡ് ഡേറ്റ് പ്രകാരമുള്ള വിവരങ്ങൾ കന്പനിയിൽ നിന്നും സ്വീകരിക്കുന്നു. താങ്കളുടെ ഓഹരികളുടെ എണ്ണമെടുത്ത് അത് നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് കന്പിയോ അല്ലെങ്കിൽ അതിന്റെ ആർ.ടി.എയോ ക്രെഡിറ്റ് ആക്കുന്നു.

4. എന്റെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആയ ബോണസ്/റൈറ്റ് ശരിയാണെന്ന് എങ്ങനെ ഉറപ്പിക്കാൻ സാധിക്കും.

ഇഷ്യൂവർ കന്പനിയോ അതിന്റെ ആർ.ടി.എയോ ബോണസ്/റൈറ്റ് എന്നിവ അലോട്ട്മെന്റ് അഡ്വൈസ് പ്രസിദ്ധീകരിക്കുന്നു. നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് അതുമായി ഒത്തു നോക്കണം. അവ രണ്ടും തുല്യമാണെന്ന് ഉറപ്പ് വരുത്തുക.

## എൻ.എസ്.ഡി.എൽ സേവനങ്ങൾക്കുള്ള ചാർജ്

1. അക്കൌണ്ട് തുറക്കാനും ഡെപോസിറ്ററിയുമായ ബന്ധപ്പെട്ട മറ്റ് ട്രാൻസാക്ഷനുകൾക്കും എത്രയാണ് ചാർജ്

എൻ.എസ്.ഡി.എൽ ചാർജ് ഏർപ്പെടുത്തുന്നത് ഡിപികൾക്കാണ്. അക്കൌണ്ട് ഹോൾഡേഴ്സിനല്ല. ഡിപികൾക്ക് ഏർപ്പെടുത്തിയ ചാർജ് ഫിക്സിഡ് ആണ്. ഡിപികൾ അടക്കേണ്ട മുഴുവൻ ചാർജും താഴെ കാണുന്ന ലിങ്കിൽ ലഭ്യമാണ്. https://nsdl.co.in/joining/fee-payable-by-depository-participants.php.

ഡിപി ക്ലയന്റിന്റെ മേൽ വ്യത്യസ്ത സേവനങ്ങൾക്ക് ചാർജ് ഈടാക്കുന്നു. അവർ ഈടാക്കുന്ന മുഴുവൻ

ചാർജും അക്കൌണ്ട് തുറക്കുന്ന സമയത്ത് നിങ്ങൾക്ക് തന്ന താരിഫ് ഷീറ്റിൽ കാണാവുന്നതാണ്. ഇതിന്റെ ഒരു കോപ്പി പിന്നീടുണ്ടാവുന്ന ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വെക്കേണ്ടതാണ്. മുപ്പത് ദിവസം മുന്പ് നോട്ടീസ് നൽകി നിങ്ങളുടെ ഡിപിക്ക് ചാർജ് മാറ്റാവുന്നതാണ്.

## നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് ശ്രദ്ധിക്കുക

1. ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പിൽ എക്സിക്യൂഷൻ ഡേറ്റ് എഴുതാതിരിക്കുന്നത് ശരിയാണോ

അല്ല. എക്സിക്യൂഷൻ ഡേറ്റ് രേഖപ്പെടുത്താതെ ഡിപിക്ക് ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് നൽകരുത്. നിങ്ങൾ ഉദ്ദേശിച്ച സെക്യൂരിറ്റിയും അളവും ഡെബിറ്റ് ആവേണ്ട തിയ്യതിയാണ് ചേർക്കേണ്ടതാണ്. മാർക്ക് ഇൻസ്ട്രക്ഷൻ ഉണ്ടെങ്കിൽ പെ ഇൻ ദിവസത്തിനുള്ളിലാവണമത്. ഓഫ് മാർക്കറ്റ് ട്രാൻസ്ഫർ ആണെങ്കിൽ പിന്നീടുള്ള ഏതെങ്കിലും ഡേറ്റിന് ആകാവുന്നതാണ്.

2. ഓരോ ട്രാൻസാക്ഷന് ശേഷവും എന്റെ ഡിപി അക്കൌണ്ട് അപ്ഡേറ്റ് ചെയ്തിട്ടുണ്ടാവുമെന്ന് എങ്ങനെയാണ് മനസ്സിലാക്കാൻ സാധിക്കുക.

നിങ്ങളുടെ അക്കൌണ്ടിൽ സംഭവിക്കുന്ന ട്രാൻസാക്ഷൻസ് പരിശോധിക്കാൻ സമയ ബന്ധിതമായി നിങ്ങൾക്ക് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതാണ്. മൊബൈൽ ആപ്പ്, ഐഡിയാസ്, എസ്.എം.എസ് അലേർട്ട് പോലോത്തവ ആക്ടീവാക്കിയും അക്കൌണ്ടിൽ നടക്കുന്ന ട്രാൻസാക്ഷൻ പരിശോധിക്കാവുന്നതാണ്.

3. എത്ര ദിവസം കൂടുന്പോൾ ഞാൻ ഡീമാറ്റ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് സ്വീകരിക്കണം.

എൻ.എസ്.ഡി.എൽ ഓരോ മാസവും ഒരു കൺസോളിഡേറ്റഡ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് തരുന്നു. (ബി.എസ്.ഡി.എ ഹോൾഡേഴ്സിന് മൂന്ന് മാസത്തിലൊരിക്കൽ നൽകുന്നു.) പ്രസ്തുത മാസങ്ങളിൽ ട്രാൻസാക്ഷൻസ് നടന്നിട്ടുണ്ടെങ്കിൽ. ട്രാൻസാക്ഷൻസ് ഒന്നും നടന്നിട്ടില്ലെങ്കിലോ അക്കൌണ്ട് ബാലൻസ് ഒന്നും ഇല്ലാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ വർഷത്തിലൊരിക്കലാണ് സ്റ്റേറ്റ്മെന്റ് അയക്കുന്നത്.

4. എന്റെ അക്കൌണ്ട് സ്റ്റേറ്റമെന്റിൽ എന്തെങ്കിലും പിശക് ഉണ്ടായാൽ ഞാൻ എന്താണ് ചെയ്യേണ്ടത്.

അക്കൌണ്ട് സ്റ്റേറ്റ്മെന്റിൽ വല്ല പിശകും ശ്രദ്ധയിൽ പെട്ടാൽ എത്രയും വേഗം നിങ്ങളുടെ ഡിപിയെ

ബന്ധപ്പെടുക. ഡിപി തലത്തിൽ പരിഹാരം കണ്ടിട്ടില്ലെങ്കിൽ നിങ്ങൾ എൻ.എസ്.ഡി.എലിനെ ബന്ധപ്പെടുക.

5. എന്റെ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് നശ്ടപ്പെട്ടാൽ ഞാൻ എന്ത് ചെയ്യും.

പ്രയാസപ്പെടേണ്ട ആവശ്യമില്ല. നിങ്ങൾ ഉദ്ദേശിക്കുന്ന സമയത്തേക്കുള്ള സ്റ്റേറ്റ്മെന്റ് തരാൻ ഒന്നും കൂടി ആവശ്യപ്പെടാവുന്നതാണ്. ട്രാൻസിറ്റ് സമയത്ത് സ്റ്റേറ്റ്മെന്റ് നഷ്ടപ്പെടുകയോ മാറിപ്പോവുകയോ ചെയ്തില്ലെന്ന് ഉറപ്പാക്കാൻ ഇ-സി.എ്.എസ് തെരഞ്ഞെടുക്കാവുന്നതാണ്. ഐഡിയാസ്, മൊബൈൽ ആപ്പ് പോലോത്ത ഫെസിലിറ്റി ഉപയോഗിക്കുകയാണങ്കിൽ താങ്കൾക്ക് ഇഷ്ടമുള്ള സമയത്ത് സ്റ്റേറ്റ്മെന്റ് ഡൌൺലോഡ് ചെയ്യാവുന്നതാണ്.

6. അക്കൌണ്ട് മരവിപ്പിക്കുക എന്ന് പറഞ്ഞാൽ എന്താണ്. എനിക്ക് എങ്ങനെ അത് ചെയ്യാൻ സാധിക്കും.

അക്കൌണ്ട് ഹോൾഡർ നൽകിയ നിർദ്ദേശത്തിനനുസരിച്ച് മാത്രമേ ഡീമാറ്റ് അക്കൌണ്ടിൽ ട്രാൻസാക്ഷൻസ് നടക്കുകയുള്ളൂ. കൂടാതെ മെയ്ക്കർ ചെക്കർ സിസ്റ്റം മുഖേന മാത്രമേ ഡിപിക്ക് ഡെപോസിറ്ററി സോഫ്റ്റ് വെയറിലേക്ക്

പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. നിങ്ങൾ ഉദ്ദേശിക്കാത്ത വല്ല ട്രാൻസാക്ഷൻസും സംഭവിക്കുകയാണെങ്കിൽ അത് തടയാനായി അക്കൌണ്ട് മരവിപ്പിക്കാൻ ഡിപിക്ക് രേഖാമൂലം അപേക്ഷ നൽകാവുന്നതാണ്. താഴെ പറയുന്ന രീതികളിൽ അക്കൌണ്ട് മരവിപ്പിക്കാം.

എ).ഡെബിറ്റ് ആകുന്നത് മാത്രം മരവിപ്പിക്കുക - ഡിപിക്ക് ഫ്രീസ് ഇൻസ്ട്രക്ഷൻസ് (freez instructions) നൽകി ഡെബിറ്റ് ആകുന്നത് മാത്രം മരവിപ്പിക്കുക. എന്നിരുന്നാലും അക്കൌണ്ട് ഹോൾഡറ്ക്ക് അക്കൌണ്ട് മരവിച്ചിരിക്കുന്ന സന്ദർഭത്തിലും ബോണസോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കോർപറേഷൻ ആക്ഷൻ മുഖേനയുള്ള ക്രെഡിറ്റോ ലഭിക്കുന്നതാണ്.

ബി.ക്രെഡിറ്റാകുന്നതും ഡെബിറ്റാകുന്നതും മരവിപ്പിക്കുക - ഒരു അക്കൌണ്ട് ഹോൾഡർക്ക് ക്രെഡിറ്റ് ആകുന്നതും ഡെബിറ്റ് ആകുന്നതും മരവിപ്പിക്കാൻ സാധിക്കുന്നതാണ്. പിന്നീട് അക്കൌണ്ട് ഹോൾഡർ അൺഫ്രീസ് (unfreez) ചെയ്യാനുള്ള അപേക്ഷ നൽകാതെ ഒരു ക്രെഡിറ്റും ഡെബിറ്റും നടക്കുന്നതല്ല. നീണ്ട കാലത്തേക്ക് അക്കൌണ്ട് ഉപയോഗിക്കാത്ത ക്ലയന്റിന് ഇത് വലിയ ഉപകാരമാണ്. ക്രെഡിറ്റും ഡെബിറ്റും

മരവിപ്പിച്ചാൽ ഡെബിറ്റ് തടയുന്നതോട് കൂടി അനർഹമായ ക്രെഡിറ്റും ഒഴിവാക്കാവുന്നതാണ്.

സി.അക്കൌണ്ടിലെ പ്രത്യേകമായ ഐ.എസ്.ഐ.എൻ മരവിപ്പിക്കുക - അക്കൌണ്ട് മുഴുവനും മരവിപ്പിക്കാതെ ഏതെങ്കിലും ഒരു പ്രത്യേക ഐ.എസ്.ഐ.എൻ (ഒരു പ്രത്യേക കന്പനിയുടെ സെക്യൂരിറ്റി) ഡെബിറ്റാകുന്നതോ അല്ലങ്കിൽ ഡെബിറ്റും ക്രെഡിറ്റും ആകുന്നതോ മരവിപ്പിക്കാവുന്നതാണ്. ഈ തരത്തിലുള്ള മരവിപ്പിക്കൽ നടത്തിയാൽ പ്രസ്തുത കന്പനിയുടെതല്ലാത്ത മുഴുവൻ ക്രെഡിറ്റും ഡെബിറ്റും നടക്കുന്നതും പ്രസ്തുത കന്പനിയുടെ ഡെബിറ്റോ അല്ലെങ്കിൽ ഡെബിറ്റും ക്രെഡിറ്റുമോ നടക്കാതിരിക്കുകയും ചെയ്യുന്നതാണ്. ക്ലയന്റിന് അക്കൌണ്ടിലുള്ള മറ്റ് സെക്യൂരിറ്റികൾ ഉപയോഗിക്കാവുന്നതാണ്. അതേപ്രകാരം തന്നെ ഡെബിറ്റ് മാത്രം മരവിപ്പിക്കപ്പെട്ട ഐ.എസ്.ഐ.എനിന്റെ ക്രെഡിറ്റ് ഉപയോഗിക്കാവുന്നതുമാണ്.

ഡി.ഐ.എസ്.ഐ.എന്നിലുള്ള ഒരു നിശ്ചിത എണ്ണം സെക്യൂരിറ്റീസ് മരവിപ്പിക്കുക. ഒരു പ്രത്യേക സെക്യൂരിറ്റിയുടെ നിശ്ചിത അളവും ഒരു ഹോൾഡർക്ക് വേണമെങ്കിൽ മരവിപ്പിക്കാവുന്നതാണ്.

7. എന്റെ ഡിപി ബാങ്ക്റപ്റ്റിൽ അകപ്പെടുകയോ സേവനം നിറുത്തുകയോ ചെയ്താൽ എന്താണ് സംഭവിക്കുക.

അപൂർവ്വം സന്ദർഭത്തിൽ ഡിപി ബാങ്ക്റപ്റ്റിലകപ്പെടുകയോ സേവനം നിറുത്തുകയോ ചെയ്യേണ്ടി വരികയാണെങ്കിൽ അക്കൌണ്ട് ഹോൾഡറുടെ മുഴുവൻ താൽപര്യങ്ങളും മുഴുവനായും സംരക്ഷിക്കപ്പെടുന്നതാണ്. അത്തരം സന്ദർഭത്തിൽ താങ്കളുടെ മുഴുവൻ ബാലൻസും മറ്റൊരു ഡിപിയുടെ പക്കലുള്ള അക്കൌണ്ടിലേക്ക് മാറ്റാനോ റീമെറ്റീരിയലൈസ് ചെയ്യാനോ അവസരം തരുന്നതാണ്.

8. ഡെപോസിറ്ററി സിസ്റ്റത്തിലെ ഡാറ്റകൾ സംരക്ഷിക്കാൻ എൻ.എസ്.ഡി.എൽ എന്ത് മുൻകരുതലാണ് സ്വീകരിക്കുന്നത്.

ഡാറ്റകളുടെം സുരക്ഷിതത്വത്തിനും സമഗ്രതക്കും വലിയ പ്രാധാന്യമാണ് എൻ.എസ്.ഡി.എൽ നൽകുന്നത്. ഇതിന് വലിയ പരിഗണയാണ് എൻ.എസ്.ഡി.എൽ നൽകുന്നത്. ക്ലയന്റിന്റെ ഡാറ്റയും അസറ്റും സംരക്ഷിക്കാൻ ആവുന്നതെല്ലാം പരമാവധി ചെയ്യാൻ ഡിപിമാരോട് അപേക്ഷിക്കുന്നുമുണ്ട്.

ഇതിനായി എൻ.എസ്.ഡി.എൽ സ്വീകരിക്കുന്ന ചില മാർഗ്ഗങ്ങളാണ് താഴെ ചേർക്കുന്നത്.

എ.ഡിപി ലെവലിലും ഡെപോസിറ്ററി ലെവലിലും ദിവസവും ബാക്ക്അപ് ചെയ്യാൻ സമഗ്രാമായ സംവിധാനം.

ബി.ഡിപിയും ഡെപോസിറ്ററിയും പ്രാദേശികമായും റിമോട്ട് സൈറ്റിലും ദിനേനയെന്നോണം ബാക്ക്അപ് ചെയ്യുന്നു.

സി.ഏത് തരത്തിലുള്ള തടസ്സങ്ങളും നേരിടാൻ ബാക്ക്അപ് സൈറ്റും ഡിസാസ്റ്റർ റീകവറി സൈറ്റും സൂക്ഷിക്കുന്നു.

ഡി.ഡാറ്റ കൈകാര്യം ചെയ്യാനും സൈബർ സെക്യൂരിറ്റിക്കും സാധ്യമായ ഏറ്റവും മുന്തിയ സംവിധാനം പ്രയോജനപ്പെടുത്തുന്നു.

ഇ.ഡെപോസിറ്ററി ഇൻഫ്രാസ്ട്രക്ചറിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും ആശയ വിനിമയ സംവധാനങ്ങൾക്കും ഫാൾ ബാക്കപ്പ് മെക്കാനിസം.

എഫ്.പ്രൊഫഷണലുകളും യോഗ്യരുമായ വിദഗ്ധർ കൈകാര്യം ചെയ്യുന്ന ആർട്ട് ഡാറ്റാ സെന്റർ രൂപത്തിൽ ഡാറ്റ സൂക്ഷിക്കപ്പെടുന്നു.

ജി.ഓരോ തലത്തിലും ലോജിക്കലും ഫിസിക്കലുമായ ആക്സസ് ബാരിയേഴ്സ് സ്വീകരിച്ചിരിക്കുന്നു.

എച്ച്.ഡെപോസിറ്ററിയിലെ ക്രിട്ടിക്കൽ ഡാറ്റാ എൻട്രിക്കായി മെയ്ക്കർ ചെക്കർ സിസ്റ്റം പിന്തുടരുന്നു.

ഐ.എൻ.എസ്.ഡി.എൽ ഐ.എസ്.ഒ - 27001 സെർട്ടിഫിക്കേഷൻ (ISO – 27001 certification) (ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റിന്) കരസ്ഥമാക്കിയിരിക്കുന്നു. ഐ.എസ്.ഒ 22301:2012

സെർട്ടിഫിക്കേഷനും (ISO 22301:2012 certification) (ബിസിസ് കണ്ടിന്യൂയിറ്റി മാനേജ്മെന്റ് സിസ്റ്റങ്ങൾക്ക്) ലഭിച്ചിരിക്കുന്നു. ഏറ്റവും നല്ല പ്രവർത്തനമാണെന്ന് സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു.

9. ഡിപികൾ മുഴുവൻ വ്യവസ്ഥകളും പാലിക്കുന്നുണ്ടെന്ന് എങ്ങനെയാണ് എൻ.എസ്.ഡി.എൽ ഉറപ്പാക്കുന്നത്.

വർഷത്തിൽ ഒരു തവണയെങ്കിലും എൻ.എസ്.ഡി.എൽ നടത്തുന്ന പരിശോധനക്ക് എല്ലാ ഡിപികളും വിധേയമാവാറുണ്ട്. കൂടാതെ, അവർക്ക് ഡെപോസിറ്ററി ഓപറേഷൻസ് സ്വതന്ത്രവും നൂതനവുമായ രീതിയിൽ ഓഡിറ്റ് ചെയ്യപ്പെടുന്നു. വർഷത്തിൽ രണ്ട് തവണ അതിന്റെ റിപ്പോർട്ട് എൻ.എസ്.ഡി.എലിന് കൈമാറുന്നു. ഡിപികളെ സെബിയും പരിശോധനക്ക് വിധേയമാക്കാറുണ്ട്.

10. ഏതെങ്കിലും ഗവൺമെന്റ് അതോറിറ്റികളാണോ എൻ.എസ്.ഡി.എല് ഓപറേറ്റ് ചെയ്യുന്നത്.

സെബി സെക്യൂരിറ്റി ഡെപോസിറ്ററി ആയി പ്രവർത്തിക്കാൻ അധികാരപ്പെടുത്തിയ സ്ഥാപനമാണ് എൻ.എസ്.ഡി.എൽ. സെബിയുടെ സമയബന്ധിതമായ പരിശോധനക്ക് എൻ.എസ്.ഡി.എൽ വിധേയമാവേണ്ടതാണ്. കൂടാതെ കമ്പനീസ് ആക്ട് - 2013 പ്രകാരം പല ഓഡിറ്റിംഗിനും അവർ വിധേയമാവേണ്ടതാണ്.

11. ഡെപോസിറ്ററി ഓപറേഷൻസ് എന്തെങ്കിലും ഇൻഷൂറൻസ് എടുത്തിട്ടുണ്ടോ

എല്ലാ ഡിപികളുടെ പേരിലും എൻ.എസ്.ഡി.എൽ ഇൻഷൂറൻസ് എടുത്തിട്ടുണ്ട്.


## കൂടുതൽ വിവരങ്ങൾ

## ലഭിക്കാത്ത ഡിവിഡന്റ്/ഓഹരികൾ എന്നിവയുടെ റീഫണ്ട് ആവശ്യപ്പെടൽ

തുടർച്ചയായ ഏഴ് വർഷം ആർക്കും നൽകാത്തതും ആരും ആവശ്യപ്പെടാത്തതുമായ ഡിവിഡന്റ്/ഓഹരികൾ കമ്പനികൾ ഇൻവസ്റ്റർ എജ്യൂക്കേഷൻ ആന്റ് പ്രൊട്ടക്ഷൻ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. ഐ.ഈ.പി.എഫ് കമ്പനീസ് ആക്ട്, 2013 വ്യവസ്ഥ പ്രകാരം സ്ഥാപിതമായ നിയമാനുസൃത ബോഡിയാണ്.

അവകാശപ്പെടാത്തതും ലഭിക്കാത്തതുമായ ഓഹരികൽ കിട്ടാനായി നിക്ഷേപകനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധിയോ ഐ.ഇ.പി.എഫിന് അപേക്ഷ നൽകേണ്ടതാണ്. അത് പരിശോധിച്ച ശേഷം, കമ്പനി പ്രസ്തുത അതോറിട്ടിക്ക് കൺഫർമേഷൻ നൽകുന്നു. ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന അവകാശവാദമുന്നയിക്കുന്നവരുടെ അക്കൌണ്ടിലേക്ക്

ട്രാൻസ്ഫർ ചെയ്യാനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നു. അത് ഓഹരിയുടെ കാര്യത്തലാണെങ്കിൽ, ക്ലയിം ഫോറത്തിൽ വ്യക്തമാക്കിയ ഡീമാറ്റ് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. എട്ടാം നമ്പർ ഡയഗ്രമിൽ അതിനാവശ്യമായ മുഴുവൻ രേഖകളും നടപടിക്രമങ്ങളും കാണിച്ചിരിക്കുന്നു. ഒരു സാമ്പത്തിക വർഷത്തിൽ ഒരു അപേക്ഷകന് ഒരു ക്ലയിം മാത്രമേ ഫയൽ ചെയ്യാൻ സാധിക്കുകയുള്ളൂ. ദയവായി സന്ദർശിക്കുക. http://www.iepf.gov.in/ ഓരോ കമ്പനിയും അവകാശപ്പെടാത്ത ഓഹരികളുടെയും ഡിവിഡന്റിന്റെയും മുഴുവൻ ഡീറ്റെയ്ൽസും തങ്ങളുടെ വെബ്സൈറ്റിൽ പ്രിസിദ്ധീകരിക്കേണ്ടതാണ്.


ക്ലെയിം പ്രൊസീജ്യർ
സ്റ്റെപ്പ് 1
ഐ.ഇ.പി.എ ഫ്-5 ഫോറം ഡൌൺലോഡ് ചെയ്യുക
www.iepf.gov.in
സ്റ്റെപ്പ് 2
ഫോറം അപ് ലോഡ് ചെയ്യുക
A.അപ് ലോഡ് ലിങ്കിൽ ഫോം സമർപ്പിക്കുക
B.അക്നോഡെ ജ്മെന്റും എസ്.ആർ.എ ന്നും സേവ് ചെയ്യുക.
സ്റ്റെപ്പ് 3
ഫോറം പ്രിന്റ് ചെയ്യുക
സമർപ്പിച്ച ഫോറം സൂക്ഷ്മമായി നോക്കുക
സ്റ്റെപ്പ് 4
ഫോറം സമർപ്പിക്കുക
കന്പനിയുടെ യോ അല്ലെങ്കിൽ അതിന്റെ രജിസ്ട്രാറിനോ പ്രിന്റെടുത്ത ഡോക്യുമെന്റ്സും മറ്റ് രേഖകളും സമർപ്പിക്കുക.
ക്ലയിം വേരിഫിക്കേഷൻ നടത്തിയ ശേഷം, അവകാശവാദമുന്നയിച്ച വ്യക്തിക്ക് ഇലട്രോണിക് ട്രാൻസ്ഫർ മുഖേന ലഭിക്കുന്നതാണ്. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഡീമാറ്റ് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആകുന്നതാണ്.

ഡയഗ്രം 8

## സെക്യൂരിറ്റികളുടെ ട്രാൻസ്ഫറിന് ഡീമാറ്റ് നിർബന്ധമാണ്

ലിസ്റ്റഡ് കന്പനികളിൽ പെട്ട ഏത് സെക്യൂരിറ്റികളും ഡീമാറ്റ് രൂപത്തിൽ മാത്രമേ ട്രാൻസ്ഫർ ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് ഏപ്രിൽ 1, 2019 മുതൽ വ്യവസ്ഥ ചെയ്തിരിക്കുകാണ്. അഥവാ ഏപ്രിൽ 1, 2019 ന് ശേഷം നിങ്ങൾ ലിസ്റ്റഡ് കന്പനിയിലെ ഫിസിക്കൽ രൂപത്തിലുള്ള ഏതെങ്കിലും സെക്യൂരിറ്റികൾ ട്രാൻസ്ഫർ ചെയ്യണമെങ്കിൽ ആദ്യം അത് ഡീമാറ്റ് അക്കൌണ്ടിലേക്ക് മാറ്റേണ്ടി വരും. ഈ ദിവസം മുതൽ ഫിസിക്കൽ രൂപത്തിലുള്ള ഓഹരികളുടെ ട്രാൻസ്മിഷനും (ഒരാൾ മരിച്ചാൽ ഓഹരി മറ്റൊരാളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത്) ട്രാൻസ്പൊസിഷനും (ഷയർ ഹോൾഡറുടെ പേരുകളുടെ പാറ്റേൺ മാറ്റം വരുത്തുന്നത്) മാത്രമേ അനുവദിക്കുകയുള്ളൂ. അതിനാൽ എത്രയും വേഗം ഒരു ഡീമാറ്റ് അക്കൌണ്ട് തുറന്ന് ഓഹരികൾ ഡീമാറ്റിലേക്ക് മാറ്റുന്നതാണ് നല്ലത്.

**അൺലിസ്റ്റഡ് ആയ പബ്ലിക്ക് കന്പനികൾക്കും ഡീമാറ്റ് നിർബന്ധമാണ്**

കോർപറേറ്റ് കാര്യ മന്ത്രാലയം സെപ്റ്റംബർ 10, 2018 ന് അൺലിസ്റ്റഡ് പബ്ലിക്ക് കന്പനി

ലിമിറ്റഡിനോടും ഡെപോസിറ്ററി സിസ്റ്റത്തിൽ ചേരാനും ഓഹരികൾ ഡീമാറ്റിൽ ലഭ്യമാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയുള്ള ഓഹരികൾ ഈ കമ്പനികൾക്കും ഡീമാറ്റ് രൂപത്തിൽ മാത്രമേ ഇഷ്യൂ ചെയ്യാൻ സാധിക്കുകയുള്ളു. ഒക്ടോബർ 2, 2018 മുതൽ ഈ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. അത്തരം കമ്പനികളുടെ ഓഹരിയുള്ളവർക്ക് അത് ഡീമാറ്റ് രൂപത്തിലേക്ക് മാറ്റാവുന്നതും ലഭ്യമായ ആനുകൂല്യങ്ങൾ നേടാവുന്നതുമാണ്. നിങ്ങൾക്ക് ഡീമാറ്റ് അക്കൌണ്ട് ഉണ്ടെങ്കിൽ ഇത്തരം ഓഹരികൾക്കായി പുതിയ ഡീമാറ്റ് അക്കൌണ്ട് തുറക്കേണ്ടതില്ല. പേപ്പർ രൂപത്തിലുള്ള നിക്ഷേപങ്ങളും ഡീമാറ്റ് അക്കൌണ്ടിലേക്ക് മാറ്റാവുന്നതാണ്. ഹോൾഡിംഗ്സിന്റെ പാറ്റേൺ ഒന്നു തന്നെയായിരിക്കണം.

## ഇൻവെസ്റ്റേഴ്സ് അവയർനെസ് പ്രോഗ്രാം

രാജ്യം മുഴുവൻ നിക്ഷേപകരെ ബോധവൽക്കരിക്കാനുള്ള പദ്ധതികൾ എൻ.എസ്.ഡി.എൽ നടപ്പാക്കുന്നു. അതിന്റെ ഷെഡ്യൂൾ താഴെ കാണുന്ന ലിങ്കിൽ ലഭിക്കുന്നതാണ്. https://nsdl.co.in/Investor-Awareness- Programmes.php. നിങ്ങളുടെ സ്ഥാപനത്തിലോ സിറ്റിയിലോ കമ്പനിയിലോ അത്തരത്തിലുള്ള പ്രോഗ്രാം നടത്താൻ

താൽപര്യമുണ്ടെങ്കിൽ ഞങ്ങളെ എഴുതി അറിയിക്കേണ്ടതാണ്. info@nsdl.co.in

## നിക്ഷേപകർക്കുള്ള എൻ.എസ്.ഡി.എൽ ന്യൂസ് ലെറ്റർ

തങ്ങളുടെ പുതിയ ഉൽപന്നത്തെ കുറിച്ചും സേവനങ്ങളെ കുറിച്ചും നിക്ഷേപകരെ ബോധവാനാക്കുവാനായി എൻ.എസ്.ഡി.എൽ ദി ഫിനാൻഷ്യൽ കാലിഡോസ്കോപ്പ് എന്ന പേരിൽ ഓരോ മാസവും ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കുന്നു. താഴെ കാണുന്ന ലിങ്കിൽ ഇ-മെയിൽ ഐഡി നൽകി സബ്സ്ക്രൈബ് ചെയ്യാവുന്നതാണ്. https://nsdl.co.in/e-newsletter.php.

പ്രസ്തുത മാഗസിന്റെ പഴയ പതിപ്പുകൾ https://nsdl.co.in/publications/nest.php. എന്ന ലിങ്കിൽ ലഭ്യമാണ്.

## പ്രശ്ന പരിഹാരം

ഒരു നിക്ഷേപകനുള്ള പരാതി പരിഹരിക്കാനുള്ള ഔദ്യോഗിക മാർഗങ്ങൾ എൻ.എസ്.ഡി.എല്ലിനും സെബിക്കും ഉണ്ട്. വല്ല പരാതിയും ഉണ്ടെങ്കിൽ ആദ്യം സ്റ്റോക്ക് ബ്രോക്കറെയെ ഡിപിയെ അറിയിക്കുന്നതാണ് നല്ലത്. അവരുടെ വെബ്സൈറ്റിലോ അവർ തന്ന പുസ്തകത്തിലോ അവരെ ബന്ധപ്പെടാനുള്ള നമ്പർ ഉണ്ടായിരിക്കുന്നതാണ്. അവർ പറഞ്ഞ പരിഹാരത്തിൽ സംതൃപ്തരല്ലെങ്കിൽ അവർ

നിശ്ചിത സമയത്തിനുള്ളിൽ പരിഹാരം പറഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട സ്റ്റോക്ക് എക്സ്ചേഞ്ചുമായി ബന്ധപ്പെടാവുന്നതാണ്. പകരമായി, പരാതി സെബിയെ ഓൺലൈനായി അറയിക്കാവുന്നതാണ്. അതിന്റെ ലങ്ക് താഴെ നൽകുന്നു. https://scores.gov.in/scores/Welcome.html.

എൻ.എസ്.ഡി.എൽ തന്ന ബുക്ക് ലെറ്റിലെ പോസ്റ്റൽ അഡ്രസിൽ താങ്കളുടെ ഡീമാറ്റ് അക്കൌണ്ടുമായി ബന്ധപ്പെട്ട പരാതി എഴുതി അറിയിക്കാവുന്നതാണ്.

# മറ്റു നിക്ഷേപ കേന്ദ്രീകൃത സേവനങ്ങൾ

## നാഷണൽ സ്കിൽ രെജിസ്ട്രി (NSR)

എൻ.എസ്.ആർ ഒരു വെബ് അടിസ്ഥാനത്തിലുള്ള സംവിധാനമാണ്. അത് ഇന്ത്യൻ ഐടി. ആന്റ് ഐടിഇഎസ്/ബിപിഒ എന്നിവയുടെ ജോലിക്കാരുടെ നിലവിൽ ഉള്ളതും സംഭവനീയമായതുമായ വിവരങ്ങളുടെ ഫോക്ട് ഷീറ്റ് അത് ഉൾകൊള്ളുന്നു. ഇതൊരു നാസ്കോം (NASSCOM) സംരഭമാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന ലിങ്ക് തുറക്കുക. https://naonalskillsregistry.com/.

## കെ.വൈ.സി രജിസ്ട്രേഷൻ ഏജൻസി.

നിക്ഷേപകരുടെ കേന്ദ്രീകൃതമായ കെ.വൈ.സി റെക്കോർഡ് അപ് ലോഡും ഡൌൺലോഡും

ചെയ്യുന്നു. താഴെ കാണുന്ന ലിങ്ക് സന്ദർഷിക്കുക. https://kra.ndml.in/.

**നാഷണൽ അക്കാഡമിക് ഡെപോസിറ്ററി (NAD)**

അക്കാഡമിക് ഇൻസ്റ്റിറ്റ്യൂഷനും പരിശോധകർക്കും വിദ്യാർത്ഥികൾക്കും ഡിജിറ്റലൈസ്ഡ് ഒതന്റിക് അക്കാഡമിക് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നു. കൂടുതൽ വിവരങ്ങൾക്ക് സന്ദർഷിക്കുക. https://nad.ndml.in/.

**എൻ.ഐ.ആർ അക്കൌണ്ട് (ഇ-ഇൻഷൂറൻസ് അക്കൌണ്ട്)**

എൻ.ഡി.എം.എൽ നാഷണൽ ഇൻഷൂറൻസ് കമ്പനി, ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡെവലെപ്മെന്റ് അതോറിട്ടി പേരിൽ നാഷണൽ ഇൻഷൂറൻസ് ഡെപോസിറ്റഡി സെറ്റപ്പ് ചെയ്യുന്നു.

ഒരു ഇ-ഇൻഷൂറൻസ് അക്കൌണ്ടിൽ ഇലക്ട്രോണിക് രൂപത്തിൽ എല്ലാ തരത്തിലുമുള്ള ഇൻഷൂറൻസ് പോളിസിയും ഹോൾഡ് ചെയ്യാൻ സഹായിക്കുന്നു. ഒരു ലോഗിംഗിലൂടെ മുഴുവനും ആക്സസ് ചെയ്യാനും ഇത് മൂലം സാധിക്കുന്നു. ഇത് ഫ്രീ ആയി തുറക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സന്ദർഷിക്കുക. https://www.nir.ndml.in/.

മേലെ പറഞ്ഞ സേവനങ്ങൾ എൻ.എസ്.ഡി.എൽ ഡാറ്റാ ബെയ്സ് മാനേജ്മെന്റ് ലിമിറ്റഡ് (NDML) ആണ്

ഓഫർ ചെയ്യുന്നത്. അത് നൂറ് ശതമാനം എൻ.എസ്.ഡി.എലിന്റെ കന്പനിയാണ്.

## എൻ.എസ്.ഡി.എലിനെ ബന്ധപ്പെടുക

- പരാതിക്കും സംശയത്തിനും ബന്ധപ്പെടുക. https://www.epass.nsdl.com/epass/complaints/websitecomplaints.aspx
- പരാതിപ്പെടാനുള്ള ഇ-മെയിൽ ഐഡി. info@nsdl.co.in
- ഡീമാറ്റ് അക്കൌണ്ട് ഹോൾഡർക്കുള്ള ടോൾ ഫ്രീ നന്പർ. 1800 222 990

## എൻ എസ് ഡി എൽ ഓഫീസുകൾ

| | |
|---|---|
| കേന്ദ്ര ഓഫീസ് | ട്രേഡ് വേൾഡ്,എ വിങ്,നാലാം നില,കമല മിൽസ് കോപൌണ്ട്,ലോവർ പാരൽ,മുംബൈ - 4000013<br>ഫോൺ - (022)24994200 |
| ബ്രാഞ്ച് ഓഫീസുകൾ | |
| അഹമദാബാദ് | 402, നാലാം നില, ഹെറിട്ടേജ് ഹോറിസോൺ, ഓഫ്, സി.ജി റോഡ്, നവരംഗപുര, |

| | |
|---|---|
| | അഹമ്മദാബാദ്, 380009, ടെലഫോൺ- (079)26461375 |
| ബംഗളൂരു | ഓഫീസ് നമ്പർ.106,<br>ഡി ബി എസ് ഹൌസ് 26,<br>കണ്ണിംഗ് ഹാം റോഡ്,<br>ബംഗളൂരു - 560052<br><br>ഫോൺ - (080)40407106 |
| ചെന്നൈ | 6എ),ആറാം നില,കെന്സസ് ടവേഴ്സ്,<br>#1രാമകൃഷ്ണ സ്ട്രീറ്റ്,<br>നോർത്ത് ഉസ്മാൻ റോഡ്,<br>ടി നഗർ, ചെന്നൈ - 600017<br><br>ഫോൺ - (044)28143917/11 |
| ഹൈദരാബാദ് | ഓഫീസ് നമ്പർ.123,<br>ഹൈദരാബാദ് രേഗസ് മിഡ് ടൌൺ,<br>ഒന്നാം നില, മിഡ് ടൌൺ പ്ലാസ, |

| | |
|---|---|
| | റോഡ് നമ്പർ.1,ബഞ്ചാര ഹിൽസ്,<br>ഹൈദരാബാദ് - 500033<br><br>ഫോൺ - (040)44334178 |
| കൊച്ചി | സ്യൂട്ട് നമ്പർ.എസ് - 105, മോൺലാഷ് ബിസിനസ് സെന്റർ,<br>നാലാം നില,<br>ക്രസെൻസ് ടവർ,<br>എൻ എച്ച് 47,ചങ്ങമ്പുഴ നഗർ പോസ്റ്റ്,<br>കൊച്ചി - 682033<br><br>ഫോൺ - (0484)2933075 |
| കൊൽക്കത്ത | യൂണിറ്റ് ടു ഇ,രണ്ടാം നില,ദ<br>മില്ലേനിയം,235/രണ്ട് എ),<br>എ ജെ സി ബോസ് റോഡ്,<br>കൊൽക്കത്ത - 700020<br>ഫോൺ - (033)22904243<br>(033)22904246 |
| ന്യൂഡൽഹി | യൂണിറ്റ് നമ്പർ.601,603,604,<br>ആറാം നില,<br>ടവർ - എ),നൌറംഗ് ഹൌസ്, |

| | |
|---|---|
| | കസ്തൂർബാ ഗാന്ധി മാർഗ്, കൊന്നൌട്ട് പ്ലേസ്, ന്യൂഡൽഹി - 110001 ഫോൺ - (011)23353814 (011)23353815 |

## ഉപകാര പ്രദമായ മറ്റ് ലിങ്കുകൾ

http://www.ncfe.org.in/

https://investor.sebi.gov.in/

https://www.irdai.gov.in/

https://www.nism.ac.in/

https://www.pfrda.org.in/index1.cshtml?lsid=854

https://www.rbi.org.in/FinancialEducation/Home.aspx

www.nsdl.co.in

# ഉപയോഗിച്ച ചുരുക്ക രൂപങ്ങൾ

| | |
|---|---|
| ബി എസ് ഡി എ | ബേസിക് സർവ്വീസസ് ഡീമാറ്റ് അക്കൌണ്ട് |

| | |
|---|---|
| ബി എസ് ഇ | ബി.എസ്.ഇ ലിമിറ്റഡ് (ആദ്യം ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നായിരുന്നു അറിയപ്പെട്ടിരുന്നത്) |
| സി എ എസ് | കൺസോളിഡേറ്റഡ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് |
| സി കെ വൈ സി | കേന്ദ്ര കെ.വൈ.സി |
| സി ആർ എഫ് | കൺവേർഷൻ റിക്വസ്റ്റ് ഫോം |
| ഡി ഐ എസ് | ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പ് |
| ഡി പി | ഡെപോസിറ്ററി പാർട്സിപന്റ്സ് |
| ഡി ആർ എഫ് | ഡീമെറ്റീരിയലൈസേഷൻ റിക്വസ്റ്റ് ഫോം |
| ജി - സെക് | ഗവൺമെന്റ് സെക്യൂരിറ്റീസ് |
| ഐഡിയാസ് | ഇന്റർനെറ്റ് ബെയ്സ്ഡ് ഡീമാറ്റ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് |
| ഐ ഇ പി എഫ് | ഇൻവെസ്റ്റർ എഡ്യുക്കേഷൻ ആന്റ് പ്രൊട്ടക്ഷൻ അതോറിട്ടി |
| ഐ എഫ് എസ് സി | ഇന്ത്യൻ ഫിനാൻഷ്യൽ സിസ്റ്റം കോഡ് |
| ഐ പി ഒ | ഇനിഷ്യൽ പബ്ലിക്ക് ഓഫർ |

| | |
|---|---|
| ഐ ആര് ഡി എ ഐ | ഇൻഷൂറൻസ് റെഗുലേറ്ററി ആൻ്റ് ഡെവലെപ്മെൻ്റ് അതോറിട്ടി ഓഫ് ഇന്ത്യ ലിമിറ്റഡ് |
| ഐ എസ് ഐ എൻ | ഇൻ്റർനാഷണൽ സെക്യൂരിറ്റീസ് ഐഡൻ്റിഫിക്കേഷൻ നന്പർ |
| കെ ആർ എ | കെ.വൈ.സി രജിസ്ട്രേഷൻ ഏജൻസി |
| കെ വൈ സി | നോ യുവർ കസ്റ്റർ |
| എൽ എ എസ് | ലോൺ എഗൈൻസ്റ്റ് ഷയർ |
| എൻ എ ഡി | നാഷണൽ അക്കാഡമിക് ഡെപോസിറ്ററി |
| എൻ ഡി എം എൽ | എൻ.എസ്.ഡി.എൽ ഡാറ്റാബെയ്സ് മാനേജ്മെൻ്റ് ലിമിറ്റഡ് |
| എൻ എഫ് ഒ | ന്യൂ ഫണ്ട് ഓഫർ |
| എൻ ഐ ആർ | നാഷനൽ ഇൻഷൂറൻസ് റെപോസിറ്ററി |
| എൻ ആർ ഐ | നോൺ റെസിഡൻ്റ് ഇന്ത്യൻ |
| എൻ എസ് ഡി എൽ | നാഷണൽ സെക്യൂരിറ്റീസ് ഡെപോസിറ്ററി ലിമിറ്റഡ് |
| എൻ എസ് ഇ | നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് |

| | |
|---|---|
| | ഇന്ത്യ ലിമിറ്റഡ് |
| എൻ എസ് ആർ | നാഷണൽ സ്കിൽ രെജിസ്ട്രി |
| പി എ എൻ | പെർമെനെന്റ് അക്കൌണ്ട് നമ്പർ |
| പി ഒ എ | പവർ ഓഫ് അറ്റോർണി |
| ആർ ആർ എഫ് | റീമെറ്റീരിയലൈസേഷൻ റികസ്റ്റ് ഫോം |
| ആർ ടി എ | റെജിസ്ട്രാർ ടു ആൻ ഇഷ്യൂ ആന്റ് ഷയർ ട്രാൻസ്ഫറ് ഏജെന്റ് |
| സെബി | സെബി |
| എസ് ജി ബി | സോവറിംഗ് ഗോൾഡ് ബോണ്ട് |
| എസ് ഐ പി | സിസ്റ്റമാറ്റിക്ക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ |
| എസ് എൽ ബി എസ് | സെക്യൂരിറ്റീസ് ലെന്റിംഗ് ആന്റ് ബോറോവിംഗ് സ്കീം |
| എസ് എം എസ് | ഷോർട്ട് മെസേജ് സർവ്വീസ് |
| എസ് ഒ എ | സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട് |

ഈ പ്രസിദ്ധീകരണം എൻ.എസ്.ഡി.എൽ ഇൻവെസ്റ്റർ പ്രൊട്ടക്ഷൻ ഫണ്ട് ട്രസ്റ്റിന്റെ സംരഭമാണ്.

ഡിസ്‌ക്ലെയ്‌മർ - നിക്ഷേപിക്കുന്നവരുടെ മൊത്തത്തിലുള്ള താൽപര്യ സംരക്ഷണാർത്ഥമാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. ഇതിൽ നൽകിയിരിക്കുന്ന വിവരങ്ങൾ വ്യത്യസ്ത സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ചവയാണ്. ഇത് ഉപയോഗിച്ച് നിയമ നടപടി സ്വീകരിക്കുകയോ ഒരു നിക്ഷേപം നടത്തുന്നതുമായി ബന്ധപ്പെട്ട തീരുമാനം എടുക്കുകയോ ചെയ്യരുത്. സാധ്യമായ മുഴുവൻ നിയമങ്ങളും വ്യവസ്ഥകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മൊത്തത്തിൽ കാര്യങ്ങൾ മനസ്സിലാക്കാൻ വേണ്ടി മാത്രമേ വായനക്കാർ ഇത് ഉപയോഗിക്കാവൂ. എൻ.എസ്.ഡി.എലിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന സൈറ്റ് സന്ദർഷിക്കുക, www.nsdl.co.in.

ഇതിൽ വല്ല തെറ്റും ശ്രദ്ധയിൽ പെട്ടാൽ താഴെ കാണുന്ന ഐഡിയിലേക്ക് ഞങ്ങളെ എഴുതി അറിയിക്കുക. info@nsdl.co.in.